616

# സാഹിത്യാദർശം

(പരിഷ്കരിച്ച പതിപ്പ്)

C.V. SMARAKA ...SALA
Reg. No: 908/50
THENNOORKONAM,
VIZHINJAM

സദസ്യതിലക
കെ. വേലുപ്പിള്ള ബി. എ., ബി. എൽ.

No 616

# സാഹിത്യാദർശം.

സദസ്യതിലകൻ

ടി. കെ. വേലുപ്പിള്ള

ബി. എ., ബി. എൽ.

---

പ്രസാധകൻ

കെ. ആർ. ഗോപകുമാര മേനോൻ.

---

ബി. വി. ബുക്കുഡിപ്പോ,

തിരുവനന്തപുരം.

1120] [വില രൂപ 1.

*Printed at the B. V. Printing Works*
*Trivandrum, 1945.*

1120-ലെ 1-ാം പതിപ്പ്

*All rights reserved.*

616

# പ്രസ്താവന

ഈ പുസ്തകത്തിൽ ഉൾപ്പെട്ടിരിക്കുന്നഉപന്യാസങ്ങൾ പലസന്ദർഭങ്ങളിലുമായി എഴുതീട്ടുള്ളതാണു്. ഓരോ വിഷയത്തെപ്പററിയും പരിപൂർണ്ണമായി പ്രതിപാദിക്കണമെന്നു് എനിക്കു് ഉദ്ദേശമുണ്ടായിരുന്നില്ല. എന്റെ ആഗ്രഹം സാഹിത്യസംബന്ധമായ വിഷയങ്ങളിൽ ജനസാമാന്യത്തിനു് അഭിരുചിയുണ്ടാക്കുവാൻ യഥാശക്തി ശ്രമിക്കണമെന്നേ ആയിരുന്നുള്ളു. 'കവിത' എന്ന വിഷയത്തെപ്പററിയുള്ള ഉപന്യാസത്തിൽ പ്രധാനങ്ങളായ ചില മൂലതത്വങ്ങൾ എടുത്തു കാണിച്ചിട്ടുണ്ടു്. ഈ വക തത്വങ്ങളെ ദൃഷ്ടാന്തപ്പെടുത്താനായി വിശ്രുതന്മാരായ കവികളുടെ ഉത്തമകൃതികളിൽ നിന്നും ഏതാനും ഭാഗങ്ങൾ ഉദ്ധരിക്കുകയും ചെയ്തിരിക്കുന്നു

"തിരുവിതാംകൂർ രാജവംശവും മലയാളഭാഷയും" എന്ന ഉപന്യാസത്തിൽ നമ്മുടെ മഹാരാജാക്കന്മാരിൽ നിന്നു മലയാളഭാഷയ്ക്കു സിദ്ധിച്ചിട്ടുള്ള ഗുണങ്ങളെ സംക്ഷിപ്തമായി പ്രസ്താവിച്ചിരിക്കുന്നു. സാഹിത്യകലയുടെ ചില മൂലതത്വങ്ങൾ അതിൽ സന്ദർഭവശാൽ പ്രസ്താവിച്ചിട്ടുണ്ടു്. അതുകൂടാതെ മലയാളഭാഷാചരിത്രത്തിലെ ചില പ്രധാനഘട്ടങ്ങളെക്കുറിച്ചും അവിടവിടെ പ്രതിപാദിച്ചിരിക്കുന്നു.

സംസ്കൃതസാഹിത്യത്തെപ്പററി ഏതാനും സംഗതികൾ അറിഞ്ഞിരിക്കുന്നതു മലയാളസാഹിത്യത്തെ ആസ്വദിക്കുന്നതിന് അപരിത്യാജ്യമാകയാലാണ സംസ്കൃതസാഹിത്യത്തെക്കുറിച്ചു് ഒരു ചെറിയ വിവരണം ചേർത്തിരിക്കുന്നതു്.

ടി. കെ. വേലുപ്പിള്ള ബി. എ., ബി. എൽ.

---

# സാഹിത്യാദർശം

## കവിത

### ഒന്നാം ഭാഗം

കവിത എന്നതു് അനേകവിധം അബദ്ധമായ ധാരണകൾക്കു പാത്രീഭവിച്ചിട്ടുള്ള ഒരു വിഷയമാകുന്നു. കേവലം ഉപരിപ്ലവങ്ങളായ ചില സംഗതികളെ ആധാരമാക്കി അല്പജ്ഞരായ ആളുകൾ കവിതയെ വ്യാഖ്യാനിച്ചിട്ടുണ്ടു്.

"നെടിയരിച്ചോറുണ്ടിട്ടും
മത്തൻകൂട്ടാൻകൂട്ടീട്ടും
എണ്ണതേച്ചുകുളിക്കാഞ്ഞിട്ടും
പിത്തംവർദ്ധിച്ചു ഭൂപതെ—ട്ടും"

എന്ന ശ്ലോകം കേട്ടിട്ടില്ലാത്തവർ മലയാളികളുടെയിടയിൽ വളരെപ്പേരുണ്ടായിരിക്കുവാനിടയില്ല. നാലു പാദത്തിന്റെ അവസാനത്തിലും ഒരേ അക്ഷരം വന്നാൽ കവികയ്ക്കു മററുള്ള ഉപകരണങ്ങൾ ഒന്നും ആവശ്യമില്ലെന്നാണു പ്രസ്തുത ശ്ലോകം രചിച്ച ആളുടെ മതം. കവിതയുണ്ടാക്കുന്നതു തുച്ഛസാദ്ധ്യമാണെന്നു വിചാരിക്കുന്ന ജനങ്ങളുടെ അല്പമായ ആലോചനയെ ദൃഷ്ടാന്തീകരിക്കുന്നതിനായി വേറെയുമൊരു കഥ കേട്ടിട്ടുണ്ടു്. ഒരാൾ ഒരിക്കൽ ഒരു

രാജാവിനോടു കവിത എഴുതുവാൻ കുറെ പനയോല വേണമെന്നു ചോദിച്ചുവത്രെ. കവിതയുടെ സ്വഭാവം കേൾക്കാനാഗ്രഹിച്ച രാജാവിനെ സ്വകപോലകല്പിതമായ വിശിഷ്ടപദ്യാവലിയാൽ സന്തുഷ്ടനാക്കിത്തീക്കാമെന്നുള്ള ധൈൎയ്യത്തോടുകൂടി, ആ കൎമ്മളകവി തന്റെ അനൎഗ്ഗളമായ വാഗ്വിലാസത്തെ പ്രകടിപ്പിക്കുവാൻ ആരംഭിച്ചു.

“ഒന്നുകൊണ്ടറിയേണം രണ്ടിന്റെ ബലാബലം
രണ്ടുകൊണ്ടറിയേണം മൂന്നിന്റെ ബലാബലം
മൂന്നുകൊണ്ടറിയേണം നാലിന്റെ ബലാബലം
നാലുകൊണ്ടറിയേണം അഞ്ചിന്റെ ബലാബലം
പത്തു ........................................ പതിനൊന്നിന്റേം.”

എന്നിപ്രകാരം അൎത്ഥപുഷ്ടിയും അലങ്കാരസമ്പത്തും ഉള്ള പദ്യങ്ങളാണത്രെ അയാളുടെ നാവിൽനിന്നും പ്രവഹിച്ചു്.

ഇവിടെ ഇപ്പോൾ പറയപ്പെട്ടതായ ഉദാഹരണങ്ങൾ രണ്ടും അക്രമങ്ങളാണെങ്കിലും കവിതയുടെ യഥാൎത്ഥസ്വഭാവം മനസ്സിലാകാതെ സാഹിത്യജ്ഞന്മാരുടെ അനുമതി സിദ്ധിച്ചിട്ടുള്ള ചില ഛന്ദസ്സുകളെ അനുകരിച്ചെഴുതീട്ടുള്ളതും, വരി നീട്ടി അച്ചടിച്ചിട്ടുള്ളതുമായ പദസമൂഹങ്ങൾ ശ്രേഷ്ഠതമങ്ങളായ കവിതകളാണെന്നു വിശ്വസിക്കുന്ന ജനങ്ങൾ വിജ്ഞന്മാരുടെയിടയിൽപോലും സാധാരണമാകുന്നു. പുരാണങ്ങളിലുള്ള വല്ല കഥകളേയും ആസ്പദമാക്കി, മാത്രാഛന്ദസ്സുകളെ ക്രമപ്പെ-

ട്ടത്തി പദവിന്യാസം ചെയ്ത്, താമരപ്പൂവൊ ബാലശശിയൊ കരിമ്പുവില്ലൊ മേല്പൊടിയും ചേൎത്തു കവിതക്കഷായമുണ്ടാക്കി സഹായവിലയ്ക്കു വില്ക്കുന്ന അനേകം കവികൾ ഇക്കാലത്ത് ഉപജീവിക്കുന്നുണ്ട്. കഥാവസ്തുവും കാവ്യരചനയും കേവലം രസശൂന്യമായിരുന്നാലും വരി നിൎത്തി അച്ചടിക്ക മാത്രം ചെയ്തിട്ടുള്ള പുസ്തകങ്ങൾ വാങ്ങി വായിച്ചു കവിതാരസം അനുഭവിക്കുന്ന ജനങ്ങളും അപൂൎവമല്ല. മല്ലൻപിള്ളയെ ആന കൊന്ന പാട്ട്, ക്രിമിനൽ നിയമം പാന എന്നീ പ്രകാരം അൎത്ഥവത്തുക്കളായ അഭിധാനങ്ങളോടുകൂടി അനേകം ചെറിയ പുസ്തകങ്ങൾ സാഹിത്യചരിത്രകൎത്താവിന്റെ അറിവിൽ പെടാതെയും സാഹിത്യസാമവേദികളുടെ അനുമോദനത്തെ ആഗ്രഹിക്കാതെയും ജീവധാരണം ചെയ്യുന്നുണ്ട്. ഇതുപോലെ തന്നെ അമരകോശം അഷ്ടാംഗഹൃദയം മുതലായ ഗ്രന്ഥങ്ങൾ കവിതകളാണെന്നു വിചാരിക്കുന്നവർ അപൂൎവമല്ലെന്നു പല മഹാന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ട്.

പദ്യവും കവിതയും ഒന്നുതന്നെയെന്നുള്ള അവാസ്തവമായ അഭിപ്രായം മലയാളികളുടെയിടയിൽ എന്നപോലെ അന്യസമുദായക്കാരുടെയിടയിലുംവ്യാപിച്ചിട്ടുണ്ട്. അങ്ങിനെവന്നതു പ്രാചീനകാലങ്ങളിലെ കവികൾ തങ്ങളുടെ മഹത്തരങ്ങളായ ആശയങ്ങളെ പ്രകാശിപ്പിക്കു

വാൻ പദ്ധതിയുടെ സഹായത്തെ അവലംബിച്ചുകൊണ്ടാണു്. ഏതു രാജ്യത്തിലെ ഗ്രന്ഥസമുച്ചയം പരിശോധിച്ചുനോക്കിയാലും മേല്പറഞ്ഞ വാസ്തവം വെളിപ്പെടുന്നതാണു്.

കവിത എന്നാൽ മനുഷ്യനു സത്യം പറയുവാനല്ല മനോഭാവത്തെ ഉണ്ടാക്കുന്ന ഒരു ശ്രേഷ്ഠവികാരമാണെന്നു കാവ്യസാരജ്ഞനും ആംഗ്ലേയ കവികളുടെ കൂട്ടത്തിൽ ഒരു ഗണ്യമായ പദത്തിനു് അർഹനും ആയ മാത്യു അർണ്ണോൾഡ് പ്രസ്താവിച്ചിട്ടുണ്ടു്. നിഷ്കളങ്കമായ മനസ്സിൽ സ്വാഭാവികമായി ഉദിക്കുന്ന മനുഷ്യസാധാരണങ്ങളായ വിചാരങ്ങളെ മിഥ്യാമര്യാദയ്ക്കോ അന്യജനപ്രീതിക്കോ ആയി ഗോപനം ചെയ്യാതെ അവയെ ഹൃദയംഗമങ്ങളായ പദങ്ങൾ മുഖേന ജനസമുദായത്തിന്റെ അനുമോദനത്തിനായി സമർപ്പിച്ചിട്ടു കൊണ്ടായിരിക്കണം പ്രാചീന കവികൾ എല്ലാ രാജ്യങ്ങളിലും പ്രഥമസ്ഥാനത്തെ വഹിക്കുന്നതു്. ഗൂഢങ്ങളായ അർത്ഥനിക്ഷേപങ്ങൾ കൊണ്ടും സൂക്ഷ്മബുദ്ധികളായ മനുഷ്യർ മനഃക്ലേശത്തെ ഉണ്ടാക്കിത്തീർക്കുന്ന സമാസാലങ്കാരാദി ജാലവിദ്യകൾ കൊണ്ടും സരസ്വതീപ്രസാദത്തെ മലിനപ്പെടുത്തുന്ന കാവ്യകർത്താക്കന്മാർ മനുഷ്യചരിത്രത്തിന്റെ ആദ്യഘട്ടത്തിൽ അപൂർവ്വമായിരിക്കുന്നു. ഇതാണു വേദവ്യാസനും വാല്മീകിയും ഹോമറും വർജ്ജിലും ആധുനികന്മാ

രാൽ അനുകരിക്കപ്പെടുവാൻ പാടില്ലാത്ത ഒരു ഉന്നതസ്ഥാനത്തിൽ സ്ഥിതിചെയ്യുന്നതു്.

പ്രാചീനകാലങ്ങളിലെ കവികൾ അവരുടെ പരിചയത്തിൽ പെട്ടിട്ടുള്ളതോ, കണ്ണാകണ്ണികയായി അവരുടെ അറിവിൽ വന്നിട്ടുള്ളതോ ആയ സംഗതികളെ ആസ്പദമാക്കിയാണു കാവ്യനിർമ്മാണം ചെയ്തിട്ടുള്ളതു്. മഹാഭാരതവും, രാമായണവും, ഇലിയഡും പ്രധാനമായി യുദ്ധങ്ങളെയാണല്ലോ പ്രതിപാദിക്കുന്നതു്. ലോകചരിത്രത്തിന്റെ ആദ്യഘട്ടത്തിൽ യുദ്ധങ്ങൾ സർവ്വസാധാരണമായിരുന്നു. ഇക്കാലത്തു നമ്മുടെ ജോലികൾ നിർവ്വഹിക്കുവാനായി അന്യന്മാർക്കു കൂലികൊടുത്തു് അവരെക്കൊണ്ടു് എല്ലാക്കാര്യവും നിർവഹിപ്പിക്കുക പതിവാണു്. നമുക്കുവേണ്ടി യുദ്ധംചെയ്യുന്നതും നാം കൊടുക്കുന്ന രാജഭോഗത്തിന്റെ അംശത്തിൽനിന്നും ആദായം വാങ്ങി ഉപജീവനം കഴിച്ചുവരുന്നതും ഭടന്മാരാണല്ലോ. എന്നാൽ അന്നത്തെക്കാലത്തു് ഇങ്ങനെ ഒരു ഏർപ്പാടു് ഒരു രാജ്യത്തും ഉണ്ടായിരുന്നില്ല. യുദ്ധംചെയ്യേണ്ടതു് എല്ലാ പുരുഷന്മാരുടെയും ചുമതലയായിരുന്നു. അവനവന്റെ പുത്രഭാര്യാദികളുടെയും സമുദായത്തിന്റെയും മതത്തിന്റെയും രക്ഷയ്ക്കായി പടക്കളത്തിൽ പ്രവേശിക്കുന്നതു സ്വദേശാഭിമാനികളായ എല്ലാ ജനങ്ങളുടേയും കർത്തവ്യകർമ്മമായി ഗണിക്കപ്പെട്ടിരുന്നു.

തന്റെ സമകാലീകന്മാരായ ജനങ്ങളുടെ സ്വഭാവവൈചിത്ര്യത്തിൽനിന്നും വിമുക്തനായിത്തീരാൻ കവിക്കും സാധിക്കുന്നതല്ല. അതിനാൽ സ്വസമുദായത്തിന്റെ അഭ്യുദയത്തെ ആഗ്രഹിക്കുന്നോരും സ്വജനങ്ങളുടെ ശ്രദ്ധയെ ആകർഷിക്കുന്നതുമായ യുദ്ധങ്ങളെപ്പററി വർണ്ണിക്കുന്നതു കവികളുടെ മനുഷ്യസ്വഭാവത്തിന് അനുകൂലമായ ഒരു വാസനാവിശേഷമാകുന്നു. പ്രാചീനകാലങ്ങളിൽ ജീവിച്ചിരുന്ന പുരുഷന്മാർ പ്രായേണ ധീരന്മാരും, ഗംഭീരാശയന്മാരും ആയിരുന്നു. ശ്രീരാമനും, അർജ്ജുനനും, അക്കിലീസും എത്ര ധീരന്മാരായിരുന്നുവോ അത്രത്തോളം അധർമ്മഭീരുക്കളും ആയിരുന്നു.

"ഞാനൊരു ബാലനശക്തനെന്നാകിലും
മാനിയാമെന്നുടെ താതനെയോർക്കനീ"

എന്നുള്ള ഉൽകൃഷ്ടവിചാരത്തോടുകൂടിയാണു ബാലനായ അഭിമന്യു അതുലബലവാന്മാരായ വൈരിവീരന്മാരുടെയിടയിൽ യുദ്ധകാംക്ഷയോടുകൂടി പ്രവേശിക്കുന്നതു്. ഇലിയഡ്ഡിലെ പ്രധാന പാത്രങ്ങളിൽ ഒരുവനായ ഹെക്ടർ തന്റെ യുദ്ധയാത്രയെ തടവാനായി വന്ന ഭാര്യയ്ക്കു വശഗതനാകാതെ തന്റെ മനസ്സാക്ഷിയുടെ ആശ്വാസത്തിനായി യുദ്ധംചെയ്തു മരിക്കുന്നു. പ്രപൌത്രനായ അർജ്ജുനന്റെ ബാണഗണംകൊണ്ടു ശകലിതശരീരനായ ഭീഷ്മർ ഉദ്ബോധനോത്തമമായ പട്ടുമെത്തയും അമ്പ

തസമമായ പാനീയവും നിരാകരിച്ച് ശഷ്പശ
യനവും ശുദ്ധജലവുംകൊണ്ടു തൃപ്തിപ്പെടുന്നു.
സത്യസന്ധനായ ദശരഥമഹാരാജാവ് തന്റെ
വാത്സല്യഭാജനമായ പുത്രനെ ഘോരകാനന
ത്തിൽ അയയ്ക്കുകയും പിതൃവാക്യാനുസാരിയാ
യ ആ പുത്രൻ നിത്യോത്സവവതിയായ അ
യോദ്ധ്യയിലെ വിനോദങ്ങളേയും രാജപദത്തി
ന് സഹജമായിരിക്കുന്ന പദവിയേയും ഉപേ
ക്ഷിച്ച് കാനനവാസംകൊണ്ട് സംതൃപ്തനാകു
യും ചെയ്യുന്നു. സീതയും, ദമയന്തിയും, സാവി
ത്രിയും, പെനിലോപ്പിയും വനിതാഗുണങ്ങൾ
ക്കു സ്മാരകങ്ങളായി എല്ലാ കാലത്തും പ്രശോ
ഭിക്കുന്നു. ഏകചക്രപുരിയിലെ വൃദ്ധബ്രാഹ്മണ
സ്ത്രീയുടെ പരിതാപംകൊണ്ടും മനസ്സലിഞ്ഞു
കുന്തിദേവി പുത്രനെ ബകസന്നിധിയിലേയ്ക്ക്
അയയ്ക്കുന്നു.

ഇങ്ങനെ നമ്മുടെ പുരാണേതിഹാസങ്ങളിൽ
നിന്നും ഗ്രീക്കുകാർ മുതലായ പാശ്ചാത്യജാതി
ക്കാരുടെ പ്രാചീനഗ്രന്ഥങ്ങളിൽ നിന്നും ഉൽ
കൃഷ്ടങ്ങളായ പുരുഷഗുണങ്ങളും സ്ത്രീഗുണങ്ങളും
നമുക്കു മനസ്സിലാകുന്നു. എല്ലാക്കാലത്തും എ
ല്ലാരാജ്യങ്ങളിലും ഗുണദോഷങ്ങൾ സമ്മിശ്ര
ങ്ങളായിട്ടുതന്നെയാണ് ഇരുന്നിട്ടുള്ളത്. ശ്രീ
രാമൻ ഗുണനിധിയായിരുന്നെങ്കിൽ, രാവണൻ
ദുഷ്ടതാവാരാനിധിയായിരുന്നു. ഭീഷ്മരും വിദു
രരും യോഗ്യപുരുഷന്മാരായിരുന്നുവെങ്കിലും ശ

കുന്തിയും പുരോചനനും ദുഷ്ടന്മാരിൽ പ്രധാനികളായിരുന്നു. ഉൽകൃഷ്ടബുദ്ധിയായ അക്കിലീസ്സ് ജീവിച്ചിരുന്ന കാലത്തു തന്നെയാണു് ട്രായിരാജ്യത്തിലെ രാജകുമാരനായ പാരിസ്സ് പരസ്ത്രീമോഷണം ചെയ്തതു്. കുന്തിദേവിയുടെ മക്കൾ ഗുണവാന്മാരായിരുന്നെങ്കിൽ ഗാന്ധാരിയുടെ പുത്രന്മാർ ദുഷ്കൃത്യതല്പരന്മാരായിരുന്നു. സത്യം, ദയ, കൃത്യബോധം എന്നീ സൽഗുണങ്ങളോടു മനുഷ്യസാമാന്യത്തിനു് ആദരവുണ്ടായിരുന്നതുപോലെ, അസത്യം, നിർദ്ദയ, കൃത്യാനവബോധം എന്നിവയോടു് അനാദരവും ഉണ്ടായിരുന്നു. ഈ ആദരവിലും അനാദരവിലും കവികളും പങ്കുകൊണ്ടിരുന്നു. ശ്രീരാമനും, യുധിഷ്ഠിരനും വേണ്ടി വാൽമീകിയും വ്യാസനും വക്കാലത്തു പിടിച്ചിരിക്കുന്നതുപോലെ രാവണനേയും ദുര്യോധനനേയും വധിപ്പിക്കുവാൻ കല്പന കൊടുക്കുന്നതിനു് അവർ തങ്ങൾക്കു ജനനസിദ്ധമായിട്ടുള്ള വാഗ്വൈഭവത്താൽ പരിഷ്കൃതലോകത്തെ പ്രേരിപ്പിക്കുന്നു. അതുപോലെ തന്നെ അക്കിലീസ്സിന്റെ ഗുണങ്ങളെ വർണ്ണിക്കുന്നതിൽ ഹോമർക്കു പ്രത്യേകം ഒരു താല്പര്യം കാണുന്നു.

യുദ്ധം, സമുദായവ്യവസ്ഥ, സന്മാർഗ്ഗം, പ്രകൃതിയുടെ വിലാസം, മനുഷ്യസ്വഭാവം എന്നുവേണ്ട ലോകത്തിലുള്ള സകല കാര്യങ്ങളും കവിതയ്ക്കു വിഷയമാകുന്നു. ഈ വക കാര്യ

ങ്ങളെ സ്വർണ്ണവും മററും ഊതി ഊതി മാററു കൂട്ടുന്നതുപോലെ മാററു കൂട്ടി കവികൾ ലോകത്തിനു നൽകുന്നതാണു കവിത എന്നു പറയപ്പെടുന്നതു് കവിത വിഭാവനാശക്തിയുടേയും വികാരത്തിന്റേയും ഫലവും ജീവിതത്തിന്റെ ഗുണദോഷനിരൂപണവും ആകുന്നു.

വാല്മീകി, വേദവ്യാസൻ, ഹോമർ മുതലായ പ്രാചീനകവികൾ തങ്ങൾക്കു പറവാനുള്ള കഥകളെ അകൃത്രിമമായ ലാളിത്യത്തോടുകൂടി പറയുന്നുണ്ടു്. ശ്രോതാക്കളുടേയും വായനക്കാരുടേയും ശ്രദ്ധയെ ആകർഷിക്കുവാനും അനുമോദനത്തെ വശീകരിക്കുവാനുമായി അവർ വാക്കുകൊണ്ടുള്ള ജാലവിദ്യകൾ യാതൊന്നും കാണിക്കുന്നില്ല. ഒരു പ്രത്യേക പ്രയോഗത്തിന്റേയോ, ഒരൊററ ശ്ലോകത്തിന്റെയൊ കൃത്രിമഭംഗിക്കു അവർ ഗൃഹീതദീക്ഷരായി കാണപ്പെടുന്നില്ല. ഒരു പ്രയോഗത്തിനോ ഒററ ശ്ലോകത്തിനോ അസാധാരണമായ രാമണീയകം കാണുന്നുണ്ടെങ്കിൽ അതു തൽകർത്താക്കന്മാരുടെ അറിവോ പ്രയത്നമോ കൂടാതെ സാരസ്യമയമായിരിക്കുന്ന അവരുടെ ആശയങ്ങളിൽനിന്നും സുഗമമായി ഒഴുകിപ്പോന്നിട്ടുള്ളതാകുന്നു. നന്മ കാണുമ്പോൾ സന്തോഷിക്കുകയും തിന്മ കാണുമ്പോൾ നിന്ദിക്കുകയും ചെയ്‌വാൻ മനുഷ്യബുദ്ധിക്കു് ഒട്ടുംതന്നെ പ്രയാസം നേരിടുന്നില്ല. അതുകൊണ്ടു സ്വയമേ വാഗതയായ

കവിതാവനിതയുടെ കാന്തനാകാൻ ഭാഗ്യമുള്ള ഒരു മഹാശയന് ഇപ്പോഴത്തെ ചില കവികൾ ചെയ്യുന്നതുപോലെ പാദങ്ങളും നാലും തികഞ്ഞശേഷം അൎത്ഥമുണ്ടാക്കുന്നതിനായി ക്ലേശിക്കാൻ ആവശ്യമുണ്ടാകുന്നില്ല.

വാക്കുകളുടെ ആവശ്യം വസ്തുക്കളേയോ വിചാരങ്ങളേയോപററി അന്യരുടെ മനസ്സിൽ പ്രജ്ഞയെയുണ്ടാക്കുവാനാണല്ലോ. മുഖം താമരപോലെയിരിക്കുന്നു എന്നു പറയുമ്പോൾ സഹൃദയന്മാർ അതുകേട്ടു സന്തോഷിക്കുന്നതു് അവൎക്കു താമരഭംഗിയുള്ള ഒരു പുഷ്പമാണെന്നു് അറിവുള്ളതിനാലാകുന്നു. താ- മ- ര- എന്നീ ശബ്ദങ്ങൾക്കോ അല്ലെങ്കിൽ അതു മൂന്നും കൂടെ ചേൎന്നുണ്ടായിട്ടുള്ള താമര എന്ന പദത്തിനോ സ്വതേ ഒരു വിശിഷ്ടതയും ഇല്ല. ഒരു റോസാപ്പൂവിനെ മറെറാരു പേരുവിളിച്ചാലും അതിൻെറ ഭംഗിക്കും പരിമളത്തിനും യാതൊരു കുറവുമുണ്ടാകുന്നില്ലെന്നു് ഒരു പാശ്ചാത്യഗ്രന്ഥകൎത്താവ് പറഞ്ഞിരിക്കുന്നതു് ഈ കാരണത്താലാണു്. വസ്തുബോധവും വികാരവുമാണു് കവിതയിൽ പ്രധാനമായിട്ടുള്ളതു്. ഒരു സമൎത്ഥനായ കഥകളിക്കാരൻ മുദ്രയും കലാശവും ഭാവരസവുംകൊണ്ടു കഥകളി പരിചയമുള്ള ജനങ്ങളെ സാമാന്യത്തിലധികം സന്തോഷിപ്പിക്കുന്നുണ്ടല്ലോ. അയാൾ വാക്കുകൾപോലും ചെയ്യുന്നില്ലെന്നു എല്ലാപേൎക്കും

അനുഭവമാണു് എന്നാൽ അയാളുടെ അഭിന
യം നിമിത്തം കാണികളുടെ മനസ്സിൽ സന്താ
പസന്തോഷാദിരസങ്ങൾ യഥാവസരം അവ
രുടെ മനസ്സ് വശീകൃതമായിത്തീരുകയും ചെ
യ്യുന്നുണ്ടല്ലോ.

ഒരു കവി മനുഷ്യലോക സാധാരണങ്ങ
ളായ ആശയങ്ങളേയും നന്മയ്ക്കുള്ള സമ്മാന
ത്തേയും തിന്മയ്ക്കുള്ള ശിക്ഷയേയും യഥാർത്ഥ
മാകുംവണ്ണം സ്ഫുരിപ്പിക്കുകയാണെങ്കിൽ
അയാളുടെ കവിത ശ്ലാഘ്യമായിരിക്കുമെന്നുള്ള
തിനു സംശയമില്ല. എന്നാൽ ഇപ്രകാരമുള്ള
സാംഗതികം മനോധർമ്മമുദ്രകൾ കൂടാതെ
അവതരിപ്പിച്ചാൽ അതു് കവിതയാകുന്നതല്ല.
“വാക്യം രസാത്മകം കാവ്യം” എന്നാണല്ലോ
ആലങ്കാരികമതം. ഈ അഭിപ്രായത്തെ ഒരു
ദൃഷ്ടാന്തത്തിൽ വിശദീകരിയ്ക്കാം. ഒരാൾ ഒരു
സദ്യ വർണ്ണിക്കുകയാണെന്നിരിക്കട്ടെ. കവിതാ
ങ്കുരസ്പർശത്താൽ ഹൃദയകമലം വികസിച്ചിട്ടി
ല്ലാത്ത ഒരാൾ അതിനു ഉദ്യമിക്കുന്നതായാൽ
ഏകദേശം ഇങ്ങനെ പറയുമായിരിക്കാം.
“ഊണു തയ്യാറായി പന്തൽ അടിച്ചുതളിച്ചു
ഇലയിട്ടു ആനാലുമിന്നാലും ഉണ്ണാനമുണ്ടായി
രുന്നു. വട്ടങ്ങൾ ഇന്നതെല്ലാമായിരുന്നു. സദ്യ
ആകപ്പാടെ കേമമായി.” എന്നാൽ ഒരു വാസ
നാകാരനായ കവി ഇതിനെപ്പററി പറയുന്ന
താണെങ്കിൽ ആളുകളുടെ തിക്കും, ഉന്തപ്പ

പോലുള്ള ചോറും, മുപ്പത്തിരണ്ടുകെട്ടുപപ്പടം ഒരുമിച്ചു പൊടിച്ചു രണ്ടുകലപ്പുഴവും ചേർത്തു തിന്നുന്ന ഭോജനപ്രിയനും ചുടുന്ന പാലുകുടിച്ചു കഫംങ്ങി വിശക്കുന്ന വൃദ്ധനും ഭക്ഷണസാധനങ്ങൾ കണ്ടു കാത്തിരിക്കുവാൻ ക്ഷമയില്ലാത്ത വരുമായ ചില തീററിമാടന്മാരും,

“പച്ചമാങ്ങാപ്പുളിശ്ശേരികൊതിച്ചെന്റെ
അച്ഛനുംഞാനുമായത്രവന്നീടിനേൻ
ഇച്ഛയില്ലാഞ്ഞല്ല മൂസ്സപോരാഞ്ഞതും
കൊച്ചുകുടുംബിനി താനേവസിക്കുമോ?”

എന്നു സത്യം പറഞ്ഞുപോകുന്ന ചെറുപ്പക്കാരനും ആ വർണ്ണനയിലുൾപ്പെടുന്നതാണ്.

ഒരു സാധാരണൻ ഹിമാലയാപർവ്വതത്തെ വർണ്ണിക്കുന്നതായാൽ അതു ബലൂചിസ്ഥാൻമുതൽ ആസാംവരെ നീണ്ടുകിടക്കുന്നതും അത്യുന്നതങ്ങളായ ശിഖരങ്ങളോടു കൂടിയതുമായ ഒരു പർവ്വതമെന്നായിരിക്കും. എന്നാൽ:—

“ഉണ്ടങ്ങുദേവകലയാണ്ടുവടക്കുദിക്കിൽ
ചൊല്ലാന്ന മാമലഹിമാലയനാമധേയൻ
ഈയരാഴികൾക്കു നടുവിൽകുടികൊൾകയാലീ
യൂഴിക്കരെയ്ക്കളവുകോലുപതിച്ചപോലെ”

എന്നാണു കാളിദാസന്റെ വർണ്ണന. “മലയവിലാസ”ത്തിൻെറ കർത്താവായ കവിക്കു സഹ്യപർവതം ശിഖരങ്ങളാകുന്ന പല്ലുകൾ കൊണ്ട് ആകാശമാകുന്ന ചെമ്പുപാളിയെ അരക്കുന്ന ഒരു അറപ്പുവാളാണെന്നു തോന്നിപ്പോ

കുന്നു. ഇപ്രകാരമുള്ള പലതും തോന്നുകയും അനന്തരം മനസ്സിൽനിന്നു മാഞ്ഞുപോകയും ചെയ്യുകശേഷമാണ്,

'അഹോമറന്നേൻബത ദിഗ്ഭ്രമത്തിനാൽ
മഹാചലേന്ദ്രൻ മലയാദ്രി താനിതു്"
എന്ന വാസ്തവം മനസ്സിൽ ഉദിക്കുന്നതു്.

രസമെന്നതു് ഇന്നതെന്നു വ്യാഖ്യാനിക്കുവാൻ എളുപ്പമല്ല. രസത്തിന്റെ ഉപകരണങ്ങൾ എന്തെല്ലാമെന്നു പറയുന്നതും സാദ്ധ്യമായിട്ടുള്ളതല്ല. സഹൃദയന്മാക്കു് ആഹ്ലാദത്തെ ജനിപ്പിക്കുന്നതാണു് കാവ്യമെന്നു പറവാനേ ആലങ്കാരികന്മാർ ശക്തന്മാരായി ഭവിക്കുന്നുള്ളു. മധുരമെന്നതു് എന്താണെന്നു വ്യക്തമാക്കുന്നതിന്നു് ഒരാൾ ശ്രമിക്കുകയാണെങ്കിൽ "യാതൊന്നാണോ വായിലിട്ടമ്പോൾ ഒരു പ്രത്യേകമായ അനുഭവത്തെ ഉണ്ടാക്കുന്നു അതു മധുരമുള്ള വസ്തു" എന്നു പറവാനേ നിവൃത്തിയുള്ളു. രസങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങളും വാച്യമായിട്ടുള്ളതല്ല

"ഇക്ഷുക്ഷീരഗുഡാദീനാം
മാധുര്യസ്യാന്തരം മഹത്
തഥാപി ന തദാഖ്യാതും
സരസ്വത്യാപി ശക്യതേ"

എന്നാണു പ്രമാണം. എന്നാൽ ആ വസ്തുക്കൾ എല്ലാം അനുഭവിച്ചിട്ടുള്ള ജനങ്ങൾക്കു് ഓരോന്നും തമ്മിലുള്ള അന്തരം അറി

വാൻ ശക്യമായിത്തീരുന്നു. കവിതാരസത്തിന്റെ കാൎയ്യവും ഈ പ്രകാരംതന്നെ. നാവിനു കയ്പും, എരിപ്പും, പുളിപ്പും, മധുരവും എന്നിങ്ങനെ അനേകം രസങ്ങളുണ്ടല്ലൊ. ഈ രസങ്ങളിൽ ഇന്നതുത്തമമെന്നും, ഇന്നതധമമെന്നും പറയുക അസാദ്ധ്യമാണു്. പാവയ്ക്കാ മെഴുക്കുപെരട്ടിയൊ; പാല്പായസമൊ, പുകയിലയൊ; സംഗീതമൊ നല്ലതെന്നു ചോദിച്ചാൽ ഉത്തരം പറവാൻ ആൎക്കുംതന്നെ കഴിയുന്നതല്ല. അതുപോലെ കവിതയിൽ ശൃംഗാരം, വീരം, കരുണം, അത്ഭുതം, ഹാസ്യം, ഭയാനകം, ശാന്തം, രൌദ്രം, ബീഭത്സം ഇങ്ങനെ ഒൻപതു രസങ്ങളുള്ളതിൽ ഏതിനാണു പ്രാധാന്യം എന്നു ക്ലിപ്തപ്പെടുത്തിപ്പറവാൻ പ്രയാസമാണു്.

നവരസങ്ങളെല്ലാം ഉണ്ടായിരുന്നാൽ മാത്രമെ കവിത കവിതയാകയുള്ളു എന്നു ചിലൎക്കു് അഭിപ്രായമുള്ളതായിക്കാണുന്നു.

ഒരു ദീൎഘമായ കഥയെ ആധാരമാക്കി എഴുതുന്ന കവിതയിൽ ഓരോ സന്ദൎഭത്തിനു ഉചിതമായ രസങ്ങൾ ഉണ്ടായിരിക്കാവുന്നതാണു്. ഭാരതത്തിനെ ഉദാഹരണമായിട്ടെടുത്താൽ ഈ തത്വത്തിന്റെ യാഥാൎത്ഥ്യം സ്പഷ്ടമാകും. സമുദ്രത്തിൽ തിമിംഗലസമൂഹങ്ങളും അദൃശ്യങ്ങളായ കൃമിജാലങ്ങളും; അത്ഭുതശോഭങ്ങളായ മുത്തുരത്നങ്ങളും അന്തൎഭവിച്ചിരിക്കുന്ന

തുപോലെ ഭാരതംപോലുള്ള കവിതാസമുദ്രത്തിൽ മനുഷ്യസാധാരണങ്ങളായ വികാരങ്ങളെ എല്ലാം ഇളക്കുന്നതായി ഉത്തമങ്ങളും മദ്ധ്യമങ്ങളും അധമങ്ങളുമായ അനവധി രസങ്ങളുണ്ടായിരിക്കും. എന്നാൽ രസങ്ങളിൽ ഏതെങ്കിലുമൊന്നിനെമാത്രം പുരസ്കരിച്ചും കവിത നിർമ്മിക്കാവുന്നതാണു്. കവിതയ്ക്കു രസമുണ്ടാകണമെങ്കിൽ ഏതാനും സാമഗ്രികൾ ആവശ്യപ്പെടുന്നു. കവിതയുടെ മാതിരി അനുസരിച്ചു് ഈ സാമഗ്രികൾ ഭിന്നങ്ങളായിരിക്കുന്നു.

---

# കവിത

## രണ്ടാം ഭാഗം

കവിത പലമാതിരിയുണ്ടു്. കാവ്യമെന്നും, മഹാകാവ്യമെന്നും, ദൃശ്യകാവ്യമെന്നും, ശ്രാവ്യകാവ്യമെന്നും മറ്റുമുള്ള വ്യത്യാസങ്ങളെയല്ല ഞാൻ ഉദ്ദേശിക്കുന്നതു്. രസത്തിന്റെ ഉല്പത്തി കവിയുടെ ഹൃദയത്തിലാണു്. രസജനകങ്ങളായ വികാരങ്ങൾ പലവിധത്തിലും സംഭവിക്കുന്നുണ്ടു്. ഉല്പത്തി അനുസരിച്ചു കവിതയെ പലതരമായി വിഭജിക്കാം.

ഒന്നാമതു്:—ലോക സാധാരണമായ കാര്യങ്ങളെ യഥാക്രമം പ്രതിപാദിക്കുക—ഒരു കുഞ്ഞു് കരയുന്നതിലും, മയിൽ ആടുന്നതിലും,

പക്ഷികൾ ചിലയ്ക്കുന്നതിലും കവിതയുണ്ടെന്നു സാഹിത്യരസികനായ ഹാസ്ലിററ് വിചാരിക്കുന്നു. ഒരു സർപ്പത്തിനെ അറിയാതെ ചവിട്ടുമ്പോൾ മനസ്സിലുണ്ടാകുന്ന ഭയംകൊണ്ടു മുഖത്തു പ്രത്യക്ഷമാകുന്ന ഭാവഭേദത്തിലും കവിതയുണ്ടെന്ന് അദ്ദേഹം വ്യവഹരിച്ചിട്ടുണ്ടു്. അതെങ്ങനെയായാലും നമ്മുടെ സാധാരണജീവിതത്തിൽ പെടുന്ന സംഗതികളെ യാതൊരുഭേദഗതിയും ചെയ്യാതെ ഹൃദയംഗമമായി പ്രതിപാദിക്കുന്നതിൽ നിശ്ചയമായിട്ടും കവിതയുണ്ടു്. സ്യമന്തകമ്മണിമോഷ്ടിച്ചതു ശ്രീകൃഷ്ണനാണെന്നു സത്രാജിത്തു പരസ്യമാക്കിയാൽ ശ്രീകൃഷ്ണനു ബാലന്മാരുമായുണ്ടായ പരിചയത്തെക്കവി വർണ്ണിച്ചിരിക്കുന്നതു് കാണ്ക:—

അച്യുതനെക്കാണുന്നതുനേരം
കൊച്ചുകളോടിക്കളിച്ചുതുടങ്ങി
അന്യരതങ്ങുവിളിക്കുന്നേരം
മണിയും പൊത്തിപ്പാഞ്ഞുതുടങ്ങി
കയ്യിലെത്തിപ്പിടിക്കുന്നേരം
അയ്യോ എന്നു കരഞ്ഞുതുടങ്ങി
തിന്മാനായിട്ടന്നം പഴവും
സമ്മാനിപ്പാൻ തുനിയുന്നേരം
അമ്മകലന്നും മേടിച്ചാലെ-
ന്നാക്കുഞ്ഞുങ്ങൾ പറഞ്ഞുതുടങ്ങി
എന്തിഹ നമ്മെ ശങ്കിപ്പാനൊരു
ബന്ധമിതെന്നരുൾ ചെയ്യുന്നേരം

പ്രസൂനമെന്നതാൻ കല്പിച്ചില്ലെ
നൃമന്തകരഞ്ഞി മോഷ്ടിച്ചില്ലെ
തെങ്ങോടമഞ്ഞിയും മോതിരമെല്ലാ-
മങ്ങുപറിപ്പാൻ കൂട്ടുകയില്ല
അച്ഛനമമ്മയുമൊന്നുപറഞ്ഞു
അച്യുതന്നർക്കെല്ലില്ലെന്നാകിൽ
തല്ലിപ്പറിക്കുംകോപ്പുകളെല്ലാം
കൊച്ചുകളറിയണമെന്നീവണ്ണം
മണിപോയാലതുമുണ്ടാക്കീടാം
തുണിപോയാലതുമുണ്ടാക്കീടാം
പ്രാണൻപോയാലുണ്ണികളേപുന-
രുണ്ടാകില്ലെന്നമ്മപറഞ്ഞു”

രണ്ടാമത്:—അനുഭവരസപ്രധാനമായ കവിത. ലൌകികവ്യവഹാരങ്ങളിൽ പ്രവേശിച്ചിരിക്കുന്ന സകലരുടേയും നിത്യാനുഭവത്തെ അടിസ്ഥാനപ്പെടുത്തി കവിതയുണ്ടാകുവാൻ വാസനക്കാരനായ കവിയ്ക്കു കഴിയുന്നതാണ്. ശർമ്മിഷ്ഠ കുളിച്ചുവന്നു വസ്ത്രം മാറുന്നതിനെ എഴുത്തഛൻ വർണ്ണിക്കുന്നതു് ഇപ്രകാരമാണ്:—

“അന്നവരും ഋതുധർമ്മംപ്രാപിച്ചു കുളിച്ചുവ-
ന്നന്നതസ്തനങ്ങളും നെല്ലവെ നോക്കിനോക്കി
ദന്തശോധനചെയ്തു ബന്ധൂകസമാധരി
പരന്നാകുംകൊങ്കത്തടത്തിങ്കൽ കുങ്കുമം
ചാർത്തി

ഭംഗിയിൽ കുറിയിട്ടു കുങ്കുമതിലകംതൊ-
ട്ടുംഗജൻ തഴപോലെ പൂങ്കുഴലഴിച്ചിട്ടു്
നിൎമ്മലമായുള്ളോരു വസ്ത്രവുമുടുത്തുകൊ-
ണ്ടംബുജമിഴികളിലഞ്ജനമതും ചേൎത്തു
കുണ്ഡലഷണ്ഡം മിന്നും ഗണ്ഡമണ്ഡലത്തിങ്കൽ
കുണ്ഡലീഫണംപോലെ പത്തിക്കീററതും ചേൎത്തു
സ്വൎണ്ണഭൂഷണങ്ങളുമൊക്കവേയണിഞ്ഞൊരു
കണ്ണാടിതന്നിൽ മുഖപത്മവും നോക്കിനോക്കി
നല്ലൊരു പുരുഷനെച്ചിന്തിച്ചു ചിന്തിച്ചുള്ളി-
ലുല്ലാസം ചേൎന്നൊരശോകത്തെയും ചാരി-
[നിന്നു.”

യുദ്ധത്തിൽ മരിച്ചുകിടക്കുന്ന ദുൎയ്യോധന
നെ കണ്ടു് ഗാന്ധാരി വിലപിക്കുന്നതു നോക്കു
ക:—

ഉണ്ണീ മകനേ ദുരിയോധന! തവ-
പൊന്നിൻകിരീടവും ഭൂഷണജാലവും
ഉമ്പർകോനൊത്തൊരു വൻപും പ്രതാപവും
ഗംഭീരമായൊരു ഭാവവും ഭംഗിയും
ഇട്ടുകളഞ്ഞുടനെന്നെയുമത്രയു-
മിഷ്ടമാകീടും പിതാവിനെത്തന്നെയും
പെട്ടെന്നുപേക്ഷിച്ചുപോയല്ലോയെന്തുണ്ണി
പൊട്ടുന്നതെന്മനം കണ്ടിതെല്ലാമഹോ.
പട്ടുകിടക്കമേലേ കിടക്കുന്ന നീ
പട്ടുകിടക്കമാറായിതോ ചോരയിൽ
പുഷ്ടകോപത്തോടു മാരുതി തച്ചുടൻ
പൊട്ടിച്ചുകാലുമൊടിച്ചുകൊന്നിങ്ങനെ

കണ്ടുകൂടായെന്നിക്കെന്നു ഗാന്ധാരിയും
മണ്ടിനാൾ വീണാളുരുണ്ടാൾ തെരുതെരെ
പിന്നെ മോഹിച്ചാളുണർന്നാൾ പൊട്ടക്കെന്ന
ഖിന്നതപൂണ്ടുകരഞ്ഞവൾ ചൊല്ലിനാൾ."

ഇതുപോലെ തന്നെ സുഭദ്ര കപടയോഗിയായ അർജ്ജുനനോട് രഹഃസല്ലാപം ചെയ്യുന്ന അവസരത്തിൽ "ദൃഷ്ടിയും കവാടം കെണ്ടൊട്ടു മറയ്ക്കുന്നതും," ശകുന്തള ഭർത്തൃഗൃഹത്തിലേയ്ക്കു യാത്രയാകുമ്പോൾ പിതാവായ കണ്വമഹർഷിക്ക് "മനസ്സാകുലം ഗളനിരുദ്ധബാഷ്പകലുഷമാകുന്നതും," മയൂരസന്ദേശകർത്താവ് പ്രിയവിരഹത്താൽ പൂർവസുഖങ്ങളെ സ്മരിക്കുന്നതും നമ്മുടെ അനുമോദനത്തെ ആകർഷിക്കുവാനുള്ള കാരണം അനുഭവസ്മരണതന്നെയാണ്

കന്നിച്ചീടുംകുളിർമതിയുചാസുന്ദരമന്ദിരേന്ദാ-
മൊന്നിച്ചിന്ദീവരദളഗളഗ്രാഹിനേത്രസുഖേന
ഒന്നിച്ചോരോകളികളിലെഴും കൌതുകാത്താട്ടു
(വാണോ-
രന്നിക്കഷ്ടസ്ഥിതിവരുവതായോർത്തിരുന്നോ-
(തരിമ്പും"

എന്ന ശ്ലോകം ആരുടെ മനസ്സിനെയാണ് പരവശമാക്കിത്തീർക്കാത്തതു്?

"കവിതാ കാളിദാസസ്യ
തത്രശാകുന്തളംമതം-

ശാകുന്തളേ ചതുൎത്ഥോങ്ക-
സ്തത്രശ്ലോകചതുഷ്ടയം"

എന്ന വിശ്വവിശ്രുതമായിത്തീൎന്നിരിക്കുന്ന ശ്ലോകങ്ങളുടെ ഉൽകൃഷ്ടത അവയിൽ അന്തൎഭൂതമായ അനുഭവരസത്തെ ആശ്രയിച്ചിരിക്കുന്നു വൃദ്ധനായ ലീയർ പുത്രികളുടെ ക്രൂരതനിമിത്തം വഴിയാധാരമായിത്തീൎന്ന് അന്ധകാരമയമായ രാത്രിയിൽ ഘോരമായ മഴയത്തു കിടന്നു കഷ്ടപ്പെട്ടപ്പോൾ ആകാശത്തുനോക്കി "അല്ലയോ ആകാശമെ! നീ എന്നെപ്പോലെ വൃദ്ധനാണല്ലൊ. അതുകൊണ്ടെങ്കിലും എന്നെ രക്ഷിക്ക" എന്നു ഭ്രാന്തനെപ്പോലെ അപേക്ഷിക്കുന്നതും, തന്റെ ദൃഷ്ടിയിൽപെടുന്ന ആളോട് "നിങ്ങൾ ഇങ്ങനെ കഷ്ടപ്പെടുന്നതു മക്കളുടെ ക്രൂരതനിമിത്തമാണോ" എന്നു ചോദിക്കുന്നതും, ശകുന്തളയെ നിഷേധിച്ചശേഷം സന്ദർഭവശാൽ പടംകണ്ടു ഭ്രമരത്തെ കമലോദരത്തിലാക്കി ബന്ധിക്കാൻദുഷ്ഷന്തൻസാഹസപ്പെടുന്നതുംനമുക്ക് ഹൃദയംഗമമായിരിക്കുന്നതു അനുഭവരസത്താൽ മാത്രമാണ്. പ്രസ്താവൎഹമായ അൎത്ഥപുഷ്ടിയോ അലങ്കാരമൊ കൂടാതെ നിൎമ്മിക്കുന്ന കവിതയിൽപോലും ഈ ഗുണമുണ്ടായിരുന്നാൽ അതു അത്യുൽകൃഷ്ടമായിരിക്കുമെന്നുള്ളതിനു സംശയമില്ല.

മൂന്നാമതു:—ഉൽകൃഷ്ടങ്ങളായ സന്മാൎഗ്ഗതത്വങ്ങളെ ദൃഷ്ടാന്തീകരിക്കുന്ന കവിത.

ധീരനായ ഭീഷ്മർ പിതാവിൻെറ അഭീഷ്ട സിദ്ധി വരുത്തുവാനായി വിവാഹരോധനം ചെയ്യുന്നതും, നാളായണി കുഷ്ഠരോഗിയായ ഭത്താവിൻെറ ദുശ്ശാഠ്യങ്ങളെ ആദരിക്കുന്നതും, നൈഷധൻ തൻെറ ഹൃദയവല്ലഭയായ ദമയന്തിയുടെ അടുക്കൽ ഇന്ദ്രാദികൾക്കവേണ്ടി ദൂതനായിപ്പോകുന്നതും, അർജ്ജുനൻ മദനോന്മാദമൂർഛിതയായ ഉവ്വശിയുടെ ശാപത്തിനിരയായിത്തീരുന്നതും, ദശരഥൻ പ്രാണസമനായ കുമാരനെ വനത്തിലയയ്ക്കുന്നതും ഉത്തമങ്ങളായ കഥാവസ്തുക്കളാകുന്നു.

നാലാമതു്:—പ്രഗത്ഭമായ സങ്കല്പ ശക്തിയിൽ നിന്നും ഉത്ഭവിക്കുന്ന കവിത. പാലാഴിമഥനം കഥ ഇതിനുദാഹരണമാകുന്നു ഉദാത്തന്മാരായ യുദ്ധവീരന്മാർ തമ്മിലിടയുമ്പോൾ സമുദ്രങ്ങളും കുലഗിരികളും ഇളകിമറിയുന്ന വീരാഗ്രഗണ്യനായ ഭീഷ്മർ ശരശയനം ചെയ്യുന്നതു്:—

"പത്തുസഹസ്രംഗജാശ്വരഥികളും
പത്തിയുംപ്രത്യേകമൂക്കോടട്ടുത്തുടൻ
പത്തുദിവസവുംകൊന്നദേവവ്രത-
നസ്ത്രപ്രവരനാമർജ്ജുനൻതന്നുടെ
പത്രികൾകൊണ്ടുടൻഛിദ്രമാമംഗവും
ഭക്തപരായണനായപരായണൻ
രക്തസരോജപദങ്ങളിലെത്രയും
ഭക്തിമുഴുത്തതിനിശ്ചലമായൊരു

ചിത്തവുംബലോഞ്ജലിപൂണ്ട ഹസ്തവും
എത്രയുംകൃത്ത്കൃത്തുള്ള ശരങ്ങൾകൊ-
ണ്ടുത്തമമായൊരു മെത്തമേലങ്ങിനെ
മുക്തിയാംനാരിവരുന്നതും പാർത്തുപാ-
ർത്തത്യന്തശ്രദ്ധനായി"ട്ടാണ്.

"ബ്രഹ്മപ്രളയമടുക്കന്നേരം
ബ്രഹ്മാണ്ഡത്തെ മൂടിപ്പാനായി
സാഹസമോടുനടക്കും പുരഹര
വാഹനമാകിയ വൃഷഭേന്ദ്രന്റെ
കണ്ഠധ്വനിയെക്കണ്ടിതമാക്കും
കണ്ഠധ്വനിയതുകേൾക്കാസ്സുന്നു
ഗുഹകളിലൊക്കെനിറഞ്ഞുകവിഞ്ഞൊരു
ഘുമുഘുമുഘോഷാപെരുതാസ്സുന്നു"

എന്ന ജാംബവാന്റെ ഗർജ്ജനവർണ്ണനയും സങ്കല്പപ്രധാനമായ കവിതയ്ക്കു് ഒന്നാന്തരം ഉദാഹരണങ്ങളാകുന്നു.

സങ്കല്പശക്തിഗംഭീരവും ധർമ്മപ്രധാനവും ഇങ്ങനെ രണ്ടുവകയുള്ളതിൽ മുൻപ് ഉദാഹരിക്കപ്പെട്ടിട്ടുള്ള ഭാഗങ്ങൾ ഗംഭീരത്തിനു മാതൃകയാകുന്നു. ധർമ്മപ്രധാനമായ സങ്കല്പത്തിൽ കല്പാന്തകാലവും ബ്രഹ്മാണ്ഡവും വൃഷഭേന്ദ്രനും കണ്ഠധ്വനിയും ഒന്നും കാണുകയില്ല. കുഞ്ചൻനമ്പ്യാരുടെ സദ്യവർണ്ണനകളും നായാട്ടുവർണ്ണനകളും ഇതിനു ദൃഷ്ടാന്തമായി പരിഗണിക്കാവുന്നതാണ്. പഞ്ചേന്ദ്രോപാഖ്യാനം പറയൻതുള്ളലിൽനിന്നും എടുത്തുചേർത്തിരിക്കുന്ന ഈ ഭാഗം

സരസമായ നമ്മസങ്കല്പമാണു്. ഇതിൽകാല
നില്ലാതിരുന്നാലത്തെ അവസ്ഥയാണു വൎണ്ണി
തമായിരിക്കുന്നതു്:—

മിത്രപുത്രൻധൎമ്മരാജൻസത്രമൊന്നുസമാരംഭി-
ച്ചെത്രനാളുണ്ടവൻ ദീക്ഷിച്ചുതന്നെ
[വസിക്കുന്നു
ധാത്രിവാസീജനങ്ങൾക്കുമരണവും നാസ്തിയായി
പാൎത്തുകണ്ടാലെത്രകഷ്ടം കാലനേതുംക്രൂരനല്ല.
വൃദ്ധന്മാരൊരുക്കൂട്ടം നിറഞ്ഞു ഭൂതലംതന്നിൽ
ചത്തുകൊൾവതിന്നേതും കഴിവില്ല കാലനില്ല.
മുത്തച്ഛനവനല്ലേ മുത്തച്ഛൻ മരിച്ചീലാ
അന്ത്യവയസ്സുള്ളോരപ്പൂപ്പന്മാരുമിപ്പോൾ
കുഞ്ഞായിട്ടിരിക്കുന്നു അപ്പൂപ്പനവൎക്കുണ്ടു്.
പത്തുനൂറുപറവച്ചാൽമുത്തുക്കന്മാൎക്കുകൊണ്ടു-
ങ്ങെത്രമാത്രം രണ്ടുപറ വിളമ്പുമ്പോളെത്തു-
[മെല്ലാം.
പത്തുകോടിജ്ജനമുണ്ടു പള്ളപോയിട്ടൊരു
[വീട്ടിൽ
കുഞ്ഞിവച്ചപാവപോലെ തിങ്ങിവിങ്ങി-
[ക്കിടക്കുന്നു.
മററുമാംസം ഭുജിക്കുന്ന ജനങ്ങൾക്കുമിതുകാലം
കൊററുപോലും നാസ്തിയായി മരിപ്പാനുമെ-
[ളുതല്ല.
മെച്ചമോടെ പുലി പന്നി സിംഹവുംതങ്ങളിൽ
[തന്നെ
പച്ചമാംസം കടിച്ചാശു ഭുജിക്കുന്നു സൎവകാലം

കൊച്ചുമത്സ്യങ്ങളെപ്പൊഴട വിഴുങ്ങുംഘോര
[മത്സ്യങ്ങൾ
സ്വാചരമായ് മറെറാരു ദാരത്തുടെപോരുമവ
[രെല്ലാം.
നാരിയെക്കൊണ്ടുപോയ് വച്ചു സുഖിച്ചുവാണു-
[വന്നിപ്പോൾ
ആരിയച്ചെട്ടിയെച്ചെന്നു കാൽപിടിച്ചു
[കിടക്കുന്നു
കാരിയംരണ്ടുപറെറങ്ങാൻ കിടച്ചെങ്കിലത്ര
പാരിലുള്ള വർത്തമാനം കഷ്ടമെന്നേ [തന്നെ
[പറയാവൂ.
കവടിക്കാരനായുള്ള ഗണിതക്കാരനമി
[ള്ളപ്പോൾ
കപടങ്ങൾ പറഞ്ഞാനും ഫലിപ്പിപ്പാൻ
[വകയില്ല
യമനും വൈദ്യനും തമ്മിൽ പ്രാണവിഭാഗം
മെന്നാലും
യമനെക്കൂടാതെകൊൽവാൻ വൈദ്യനേക
[നെളുതല്ല."

അഞ്ചാമത്:—പ്രകൃതിവർണ്ണനയെപ്രമാണീകരിച്ചുള്ള കവിത. ഈ പദ്ധതിയിൽ സംസ്കൃതകവികളും ഇംഗ്ലീഷ് കവികളും അദ്വിതീയന്മാരാണ്. മലയാളകവികളിൽ അപൂർവം ചിലർ മാത്രമെ അതിൽ മനസ്സുവച്ചിട്ടുള്ളൂ. കൃഷ്ണഗാഥാ കർത്താവിന്റെ വർണ്ണനാചാതുര്യം അനുകരണീയമാകുന്നു. എഴുത്തച്ഛൻ കുഞ്ചൻ

നമ്പ്യാർ മുതലായവരുടെ കൃതികളിലും പ്രകൃതിവർണ്ണന ധാരാളം കാണ്മാനുണ്ട്. ഭാഗവതത്തിൽ ഗജേന്ദ്രമോക്ഷം കഥയിലുള്ള ഉദ്യാനവർണ്ണനയും ഭാരതം സംഭവപർവ്വത്തിലെ ഹിമവൽവർണ്ണനയും രാമായണം ആരണ്യകാണ്ഡത്തിലെ വനവർണ്ണനയും നല്ല ഉദാഹരണങ്ങളാകുന്നു. ഭാഗവതത്തിൽ ഒരു ഭാഗം താഴെ ചേർക്കുന്നു:—

സർവ്വർത്തുഗുണഗണപൂർണ്ണമായനുദിനം
സർവ്വമോഹനകരമാകിയ ദിവ്യസ്ഥലം
നന്ദനസമാനമാനന്ദമാനാഢ്യംഹരി-
ചന്ദനാദ്യഖിലവൃക്ഷാന്വിതം ദിനേശമാ-
ർഗ്ഗാന്ദിനകരഹരമംബുവാഹാളീപരം
മന്ദമാരുതഗീത സുഗന്ധപരിപൂർണ്ണം
ഭൃംഗാളിവിഹംഗനാനാവിധകളരവ-
മംഗളപ്രദം ഭുജംഗാദിഭിർന്നിഷേവിതം
തുംഗമാതംഗസിംഹകുരംഗസാരംഗാളി
രംഗമായഭംഗുരഭംഗിഭംഗിതമായി
ഇത്ഥമത്യാനന്ദൈക സിദ്ധമാമുദ്യാനത്തിൽ
മദ്ധ്യേയുണ്ടല്ലോ വളർന്നോരു പുഷ്കരണിയും
നിർമ്മലായതാഗാധവിസ്തൃതകരതരം
പൊന്മയാംബുജകുമുദോല്പലകല്ഹാരങ്ങൾ
പൊങ്ങിനിന്നതിശയമുജ്ജ്വലിച്ചുമിഹ-
മങ്ങിളഹംസാദികിമ്മംഗളരവാന്വിതം
സ്വർന്നദിയോടുംകൂടെ നന്ദനോദ്യാനം
ശോഭി

കുന്നതുപോലെവിളങ്ങീടിനോരുദ്യാനവും”

ഇത്യാദി കഥകളിപ്പാട്ടുകളിൽ ഉദ്യാനവൎണ്ണനങ്ങൾ ധാരാളമുണ്ടു്. അവ മനോഹരങ്ങളാണെങ്കിലും എല്ലാം ഒരു അച്ചിലിട്ടു വാൎത്തതുപോലെ ഇരിക്കുന്നു. ശൃംഗാരത്തിന്റെ ആധിക്യവും ഒരു ന്യൂനത തന്നെയാണു്.

ഭേദാൽക്കണ്ടുംകളകണ്ഠകണ്ഠമുരളീ
നാളീഗളൽപഞ്ചമേ
കിഞ്ചിൽകിഞ്ചിദുദഞ്ചിതാഞ്ചിതലതാ
സഞ്ചാരനാകുഞ്ജാന്തരേ
പ്രാചീനാചലമൌലിമണ്ഡനവിധിം
പ്രാപ്തം വിധോൎമ്മണ്ഡലം
ദൃഷ്ട്വാതുഷ്ടമനഃജഗാദസ്വേപതിഃ
പ്രേമാകുലഃപ്രേയസീം.

എന്ന ശ്ലോകം അവയുടെ മാതൃകാസ്ഥാനം വഹിക്കുന്നു. ഇതുപോലെ “സാമ്യമാകുന്നൊരുദ്യാനം” “നല്ലൊരു മാധവകാലം” മുതലായ പദങ്ങളും ഇവിടെ ഉദ്ധരിക്കാവുന്നതാണ് എന്നാൽ പ്രകൃതിവൎണ്ണനകൾക്കു് വിവിധത്വം ആവശ്യമാകുന്നു. ലോകത്തിലെ വിശേഷങ്ങൾ യഥാക്രമം പ്രസ്താവിക്കുന്നതു് പ്രകൃതിവൎണ്ണനയല്ല അവയുടെ സാരമാണു് കവിതാവിഷയമായിത്തീരേണ്ടതു്.

കവിപ്രപഞ്ചത്തിലെ നിസ്സാരങ്ങളായവസ്തുക്കളിൽപോലും ഈശ്വരന്റെ കാരുണ്യം കാണുന്നു. സാധാരണന്മാരുടെ ദൃഷ്ടിയിൽപ്പെ

ടാത്ത സംഗതികഠം കവിക്കു് എളുപ്പത്തിൽ പ്രത്യക്ഷപ്പെടുകയും അവയിൽ നിന്നും ശ്രേഷ്ഠങ്ങളായ ആശയങ്ങഠം കവിഹൃദയത്തിൽ ഉത്ഭവിക്കയും ചെയ്യുന്നു.

"ക്ഷീണാച്ഛോഷധിനാഥനസ്സ്വശിഖരം
പ്രാപിച്ചിട്ടന്നേകതോ
മാണിക്യപ്രഭനേതി സൂര്യനരുണം
മുമ്പിട്ടുകൊണ്ടേകതോ
കാണിച്ചീവ്യസനോദയങ്ങളൊരുമി-
ച്ചിട്ടാവ്യതേജോദ്വയേ
പ്രാണിക്കാത്മദശാന്തരേഷു നിയമം
ധാതാവു ചെയ്യുന്നിതോ"

എന്ന ശാകുന്തളത്തിലെ ശ്ലോകം ഈ തത്വത്തെ സ്പഷ്ടമാക്കുന്നു.

ആറാമത്തു്:— അലങ്കാരപ്രധാനമായ കവിത. എല്ലാമാതിരി കവിതയും രസഭാവനിരന്തരമായിരിക്കേണ്ടതാണെന്നാണു് സാഹിത്യശാസ്ത്രജ്ഞന്മാരുടെ വിധി. അലങ്കാരപ്രയോഗം ഈ ഉദ്ദേശത്തിന്റെ നിർവഹണത്തെ ലഘൂപ്പെടുത്തുന്നതുകൊണ്ടാണു് കവികഠം അതിൽ അഭിരുചി കാണിക്കുന്നതു്. വളരെക്കുറച്ചു വാക്കുകഠം കൊണ്ടു് വളരെ അധികം അത്ഥം വരുത്തുവാനാണു് അലങ്കാരങ്ങളുടെ ഉപയോഗം. അലങ്കാരങ്ങഠം ശബ്ദം അത്ഥം എന്ന രണ്ടിലും ഉണ്ടു്. അവയിൽ അർത്ഥപ്രധാനമായിട്ടുള്ളവയാണു് വിശേഷം. സാമ്യം അ

തിശയം മുതലായ ചില ധർമ്മങ്ങളെ ആസ്പദീകരിച്ചാണ് അലങ്കാരങ്ങൾ നിർമ്മിക്കപ്പെടുന്നത്. അലങ്കാരങ്ങളുടെ വൈശേഷ്യം അവ നിർമ്മിക്കുന്ന കവികളുടെ മനോധർമ്മത്തെ ആശ്രയിച്ചിരിക്കും. ഈ മാതിരി പ്രയോഗങ്ങളിൽ ഹിന്ദുകവികൾ പ്രായേണ അനുകരണീയന്മാരാകുന്നു. കാളിദാസപ്രഭൃതികളുടെ പദ്യങ്ങളിൽ ഈ ഗുണം സർവസാധാരണമാകുന്നു. മലയാളകവികളും ഇതിൽ അതിവിദഗ്ദ്ധന്മാരാണ്.

~~നിഖില~~പതിയൊടു നിശിചരാലയം
ഒവണ്ണതാൻ
വൃത്താന്തമെല്ലാം പറഞ്ഞറിയിക്കുവാ-
നത്യുഗ്രമഹിമകാധിയാ പാവകജ്വാലക-
ളംബരത്തോളമുയർന്നു ചെന്നുതദാ.
ശാതോദരീമട്ടല ചാരുകടാക്ഷപാത
പാഥേയവാൻ പ്രവിചരൻ പ്രിയസാഗര
സോദസ

പാദപ്രപാതചകിതാഖിലസത്വജാതം
വാതാത്മജോപി കദളീവനമാസസാദ.
ഇന്ദ്രനീലത്തിന്റെ ക്രൂളിതാഴ്ത്തീടും
ഭദ്രനീലത്തുമുടിതൽ ഗോവിന്ദ
ചന്ദ്രമണ്ഡലത്തോടുരുമ്മീടുന്ന
രത്നമാടങ്ങളുണ്ടതിൽ ഗോവിന്ദ
മിഥിലേന്ദ്രമുദുസ്മിതം കളിച്ചു
വരനന്ദുകളിലേതശ്വാസ്ഥാനീം

നളിനദളായതയെപ്പകർന്നമാറും
കളഹംസച്ചുവരുകളെ ത്തലെന്നപോലെ.

എന്നിങ്ങനെയുള്ള പ്രയോഗങ്ങൾ ഏതു ഭാഷയ്ക്കും ബഹുമാനത്തെച്ചെയ്യുന്നവയാകുന്നു.

3 അലങ്കാരം രസകരമാകണമെങ്കിൽ അവയ്ക്കു് നേയാർത്ഥാദിദോഷമില്ലാതിരിക്കണം. മനോധർമ്മങ്ങളെ അമിതമായി പ്രയോഗിക്കുന്നതു് കവിയുടെ ഉദ്ദേശത്തിനു ഹാനികരമാകുന്നു. 'ഭർത്താവു് മരിച്ച വർത്തമാനം കേട്ടു് നായികയുടെ കയ്യിൽ കിടന്നിരുന്ന വള നിലത്തുവീണുപോയി' എന്ന അലങ്കാരം അതിശയോക്തിയുടെ സീമയെ അതിലംഘിക്കുന്നു. "ഭർത്താവിന്റെ മരണവൃത്താന്തം കേട്ടു് വ്യസനമുണ്ടായി. വ്യസനത്താൽ ദേഹം ചടച്ചു. മററുള്ള അവയവങ്ങളെപ്പോലെ കയ്യും ശോഷിച്ചു. അതുകൊണ്ടു് വള നിലത്തുവീണുപോയി" എന്നിങ്ങനെ വ്യാഖ്യാനിച്ചെങ്കിലേ ഇതിന്റെ അർത്ഥം വ്യക്തമാകുകയുള്ളു. ഇപ്രകാരമുള്ള കവിത ഒരുമാതിരി മെട്ടുവിദ്യയാകുന്നു. ഇതിനെക്കാളും ഹീനമായ വേറൊരു വിദ്യയിൽ ചിലർക്കു് അഭിരുചി കാണുന്നു.

"കങ്കണംനയനദ്വന്ദ്വേ
തിലകംകരപല്ലവേ
ഇദംഭൂഷണവൈചിത്ര്യം
ഭോജപ്രത്യർത്ഥിയോഷിതാം"

എന്ന ശ്ലോകരൂപമായ പടസമൂഹത്തെ കാണുക. നയനങ്ങളിൽ വളയിടുന്നതും, കരങ്ങ

ളിൽ പൊട്ടിടുന്നതും എന്തിനാണെന്നുവച്ചു ജ്ഞബുദ്ധികൾ ഭ്രമിച്ചു പോകുന്നുള്ളു. സന്ധി വേർപെടുത്തി നോക്കിയാൽ കണ്ണിൽ അശ്രുധാരയും, കയ്യിൽ എള്ളും വെള്ളവും എന്നു മനസ്സിലാകയും ചെയ്യും. ഇങ്ങനെയുള്ള വിദ്യകൾ ഉത്തമകവികൾ ഒരിക്കലും പരിശീലിക്കയില്ല.

ശബ്ദാലങ്കാരങ്ങളെപ്പററി ഇവിടെ ദീർഘകാലമായി പ്രസ്താവിക്കാൻ തുനിയുന്നില്ല. കവിതയ്ക്കു ശബ്ദസൗഷ്ഠവം അപരിത്യാജ്യമാകുന്നു. അർത്ഥവും ശബ്ദവും യോജിച്ചിരിക്കുന്ന കവിതയാണു് ഏററവും ശ്രേഷ്ഠമെന്നുള്ളതിനു പണ്ഡിതന്മാരുടെയിടയിൽ ഭിന്നാഭിപ്രായമില്ല. എന്നാൽ കേവലം ശബ്ദമാധുര്യവും കവിതയ്ക്കു രസികത്വം തന്നെയാണെന്നു പറയുന്നതിൽ അബദ്ധമുണ്ടെന്നു തോന്നുന്നില്ല.

"കാലേ കദാചിദേകാകിജനാന്തകുലേ
മാലേയമാരുതവിലോലിതമാലതീകേ
ലീലാരസേന വിചരൻ വിപിനേ വനോദ-
ലോലാംസമീരണസുതാങ്കമണീമമാങ്ഗിൽ"

"നളിനവിശിഖവീരപ്രാഭവപ്രൗഢതേടും
കളലളിതവിലാസശ്രേണികൊണ്ടൂഢമാനം
നളിനമിഴികവന്നാൾ മാനസം മാനവാനാം
നളനഖിലവധൂനാം ചിത്തതാരെന്ന
പോലെ"

ഇത്യാദി ശ്ലോകങ്ങളിൽ ശബ്ദഭംഗി എത്ര പ്രധാനമായിരിക്കുന്നു എന്നു് പ്രത്യേകം പറയേണ്ടതില്ലല്ലോ.

ശബ്ദാലങ്കാരങ്ങളിൽ ഒന്നായ ദ്വിതീയാക്ഷരപ്രാസത്തെപ്പററി ചില ഭാഷാപണ്ഡിതന്മാർ തമ്മിൽ നടന്നിട്ടുള്ള വാദപ്രതിവാദം നമുക്കു പരിചിതമാണല്ലൊ. അവരിൽ ചിലർ തങ്ങൾക്കു സ്വതസ്സിദ്ധമായ ബുദ്ധിശക്തികൊണ്ടും വാക്പാടവംകൊണ്ടും ഒരു മൺപുററിനെ മഹാപർവ്വതമാക്കിയിരിക്കയാണെന്നാണ ഞാൻ വിചാരിക്കുന്നതു്. ഈ വാദത്തിന് എന്തെങ്കിലും ആവശ്യമുണ്ടൊ എന്നു സംശയമാണ്. ഭൂമിയെ ചുററിവരണമെങ്കിൽ പടിഞ്ഞാറോട്ടു പോകണമെന്ന് ഒരാൾ തർക്കിക്കുന്നു. കിഴക്കോട്ടു തിരിക്കണമെന്നു മറെറായാൾ. കിഴക്കോട്ടു പോയാലും, പടിഞ്ഞാറോട്ടു പോയാലും ഉദ്ദേശം സാധിക്കും. അതിനെപ്പററി തർക്കിച്ചിട്ടു യാതൊരു ആവശ്യവും ഇല്ല. പ്രാസവാദത്തിന്റെ കഥയും അപ്രകാരം തന്നെ. ദ്വിതീയാക്ഷരപ്രാസത്തിൽ താല്പര്യമുള്ള കവികൾ അതുപയോഗിക്കട്ടെ. അല്ലാത്തവർ ഉപയോഗിക്കാൻ പോകേണ്ട. പ്രാസമില്ലാത്ത കവിത ശ്ലാഘ്യമായിരിക്കുന്നതും, പ്രാസമുള്ള കവിത മോശമായിരിക്കുന്നതും നാം കാണുന്നുണ്ടല്ലൊ. കവിതാഗുണം നിർണ്ണയിക്കാനുള്ള മാനദണ്ഡം പ്രാസമല്ല. മററുള്ള അംശങ്ങൾകൊണ്ടു് ഒരു കൃതി നല്ല കവിതയാണെങ്കിൽ പ്രാസത്തിന്റെ അഭാവം ഒരു ന്യൂനതയല്ല. പ്രാസപുഷ്ടിമാത്രംകൊണ്ടു പദ്യം കവിതയാകുന്നതുമല്ല.

പ്രാസത്തിനായ്ക്കൊണ്ടു ക്ലേശിക്കയും വേണ്ട
പ്രാസംവിധികൃതം ഭഞ്ജിക്കുന്നും വേണ്ട.

കവിത ശ്രേഷ്ഠമായ ഒരു കലയാകുന്നു. കലകളുടെ ഉദ്ദേശങ്ങളിൽ ഒന്നു് പ്രകൃതിയുടെ അനുകരണമാണെന്നു് സാധാരണ പറഞ്ഞുവരാറുണ്ടു്. ഇതു വാസ്തവമാണെങ്കിലും യാതൊരു ഉദ്ദേശത്തിനുംകൂടാതെ പ്രകൃതിയെ പകൎത്തുന്നതു കലയുമല്ല; കവിതയുമല്ല. ഈ ഭാഗം കാളിദാസനും വേഡ്സ്വൎത്തും തമ്മിൽ നടന്ന വാദങ്ങൾകൊണ്ടു പാശ്ചാത്യന്മാൎക്കും മനസ്സിലായിട്ടുണ്ടു്. ഒരാൾ ഒരു തപോവനത്തെ വൎണ്ണിക്കയാണെന്നിരിക്കട്ടെ. കാഷായധാരികളായ യതീശ്വരന്മാരുടെ വസതിയും തെങ്ങു്, കമുകു്, നാരകം, മാതളം എന്നിങ്ങനെയുള്ള വൃക്ഷങ്ങളും, മാൻ, മയിൽ മുതലായ ജീവജന്തുക്കളും, ഹോമത്തിനായിട്ടുള്ള അഗ്നികുണ്ഡങ്ങളും ഉള്ള ഒരു സ്ഥലം തപോവനമാണെന്നു് പറയുന്നതിൽ കവിതയില്ല. കലാപയോനിധിയായ കാളിദാസൻ കണ്വമുനിയുടെ തപോവനത്തെ വൎണ്ണിക്കുന്നതു്:—

അന്തഃകീരങ്ങൾ വാഴുംതരുകോടരമതിൽ
നിന്നു വീണോരു ധാന്യം
ഛന്നംചേരുന്നിംഗുദഫലനിരമസൃണീ
ഭൂതമാമശ്മപട്ടം
സ്വാന്തത്തിൽ ഭീതി വിസ്രബ്ധതയൊടു രഥഘോ-
ഷം സഹിക്കും മൃഗൌഘം

ഭ്രാന്തങ്ങൾവൻകല്ലോലാന്തശ്ശ്രു ഫേനലകണകാ-
    ന്തങ്ങൾ തോയാശയാനാം
കല്യാംശസ്സുകൾകാററിലാണ്ടുതണുമൃ-
    ലമൊത്ത നനയ്ക്കുന്നിതാ-
ചൊല്ലുവൃക്ഷങ്ങളിതിൻനിറങ്ങൾപകരു-
    ന്നീ ഹോമധൂമങ്ങളാൽ
മെല്ലെപ്പുല്ലുകൾതിന്നുകൊണ്ടുപവനാ-
    പ്രാന്തങ്ങളിൽസന്തതം
നല്ലോരേണകിശോരകങ്ങൾവിളയാ-
    ടുന്നു വിശങ്കം വിനാ.

എന്നുള്ള ശ്ലോകങ്ങൾ കൊണ്ടാകുന്നു. ഒരു മൃഗത്തെ വർണ്ണിക്കുന്നതു് മൂന്നടി നീളമുള്ള ഉടലും മുക്കാലടി നീളമുള്ള മുഖവും, ഒന്നേമുക്കാലടി നീളമുള്ള കാലുകളും, മുക്കാലിഞ്ച് നീളവും അര ഇഞ്ച് വീതിയും ഉള്ള കണ്ണുകളും ഉള്ള ഒരു ജന്തുവെന്നായിരുന്നാൽ അതിൽ യാതൊരു രസികത്വവും ഇല്ല. അതുപോലെ തന്നെ ഒരു കൃഷ്ണസാരം മണിക്കൂറാറാനിര പുല്ലുമെൽ ഓടുന്നുവെന്നു പറയുന്നതുകൊണ്ടു ആ വിവരം മനസ്സിലാകുമെന്നല്ലാതെ ശ്രോതാവിന്റെ മനസ്സിൽ ആഹ്ലാദമൊന്നും ജനിക്കുന്നില്ല നേരെമറിച്ചു് അങ്ങുമിങ്ങും ഇത്ര ചായംതേച്ചു ചിത്രപടനിൎമ്മാതാക്കന്മാർ ഉത്തമങ്ങളായ രൂപങ്ങളെ ഉണ്ടാക്കുന്നതുപോലെ പ്രധാനങ്ങളായ ചില കാൎയ്യങ്ങളെ എടുത്തുകാണിച്ചു് അസാധ്യമായ ഒരു പദചിത്രത്തെ നിൎമ്മിക്കുകയാണു് ഒരു കവിയുടെ സാമൎത്ഥ്യം.

“കണ്ഠനാളമഴകിൽതിരിച്ചുമപരം
പുറകിൽ നോക്കിയും
കണ്ടനാഥ് ശരഭഭയനപ്പപ്യാത്രു
പൂവ്കായഗതമാക്കിയും
ഇണ്ടൽപൂണ്ടുവിവൃതാന്മുഖാൽപതിതം-
വച്ചുമർഭകംകിതിക്കവെ
കണ്ടുകൊൾക കതികൊണ്ടകഞ്ഞിളവനേറ
ഭൂശംനഭസിധാവതി.
എന്നുള്ള ശ്ലോകം ഇതിനുദാഹരണമാകുന്നു.

പ്രകൃതിയിലെ വസ്തുകൾ ഒരു പ്രത്യേകമായ മുഖപ്രസാദത്തോടുകൂടിയാണു കവിയെ സൽക്കരിക്കുന്നത്. പഞ്ഞി ഒരു യന്ത്രത്തിനകത്തിട്ടാൽ അതു് അനേകം ഭേദഗതികൾക്കു വശപ്പെട്ടു് യന്ത്രത്തിന്റെ മറെറാരു ഭാഗത്തുകൂടി വസ്ത്രരൂപമായി വെളിയിൽ പുറപ്പെടുന്നതുപോലെ പ്രകൃതിയിലെ സാധനങ്ങൾ കവിഹൃദയമാകുന്ന അത്ഭുതയന്ത്രത്തിൽകൂടി പരഞ്ഞയൂഴ് ആവിർഭവിക്കുന്നതിനെയാണ് നാം കവിതയെന്നു പറയുന്നത്. താമര ഒരു ഭംഗിയുള്ള പൂവാണെന്നു മാത്രമെ ഒരു സാധാരണനു ബോധമുള്ളൂ. ഒരു കവിയുടെ സ്മരണയിലാകട്ടെ താമര സൂര്യന്റെ ഭാര്യയാകുന്ന വല്ലഭന്റെ സാന്നിധ്യത്തിൽ സ്ത്രീകൾ മുഖപ്രസാദമുണ്ടാകുന്നതു പോലെ സൂര്യോദയത്തിൽ താമര വിടരുന്നതിലാണ് കവി താമരയെ സൂര്യന്റെ ഭാര്യയാക്കുന്നത്.

നിയമാനുസരണം പ്രവൎത്തിക്കുന്ന ഒരു
പൌരൻ ഒരു ന്യായപ്രിയനായ പോലീസ്സുദ്യോ
ഗസ്ഥനെ സാമുദായിക വ്യവസ്ഥയ്ക്കു ഒഴിച്ചു
കൂടാത്ത ഒരുവനായിട്ടാണു ഗണിക്കുന്നതു്.
ഒരു തസ്കരനാകട്ടെ ആ ഉദ്യോഗസ്ഥനെ ത
ന്റെ പരമശത്രുവായിട്ടു വിചാരിക്കുന്നു. കവി
കളും കവിതാചമില്ലാത്തവരും തമ്മിലുള്ള അന്ത
രം ഇതുതന്നെയാണു്. ആംഗ്ലേയ കവി സാൎ
വഭൌമനായ വേർഡ്സ്‌വൎത്തിന് ഒരു പു
ഷ്പം കാണുമ്പോൾ മനസ്സു പരവശമാക
യും അശ്രുക്കൾ പൊഴിയുകയും ചെയ്യുന്നു. ചാ
സർ മഹാകവി രണ്ടു കക്കേങ്ങളല്ലാതെ ദാമ്പത്യ
സുഖത്തെ അനുസ്മരിച്ചു സന്തോഷിക്കുന്നു. പദ്യം
ഷ്ണാത്തു പരിമളമുള്ള പുഷ്പങ്ങളിൽ നിന്നും വ
രുന്ന തെന്നലാണെന്നു കോളറിഡ്ജ് വിചാരി
ക്കുന്നു. മിൽട്ടൻ അന്ധനായിരുന്നിട്ടും അക
ക്കണ്ണുകൊണ്ടു സ്വൎഗ്ഗത്തിലെ ചന്ദ്രോദ
യം കണ്ടു സന്തോഷഭരിതനായിത്തീരുന്നു.
കാളിദാസന്റെ ആജ്ഞയനുസരിച്ചു ഇന്ദ്രൻ
സ്വന്തം തേരു് അയച്ചു ദുഷ്ഷന്തനെ സ്വൎഗ്ഗ
ലോകത്തേയ്ക്കു കൊണ്ടുപോകുന്നു. മാൎത്താണ്ഡ
വൎമ്മമഹാരാജാവിന്റെ കല്പനയനുസരിച്ചു
ഒററക്കല്ലുമണ്ഡപം പരപ്രേരണകൂടാതെ മ
തിൽക്കകത്തു വന്നുചേൎന്നതായി രാമപുരത്തു
വാര്യർ വിചാരിക്കുന്നു. ശൈശവകാലത്തു
നാം സ്വൎഗ്ഗത്തിലാണു വസിക്കുന്നതെന്നു
വേർഡ്സ്‌വൎത്തു് വ്യാഖ്യാനിക്കുന്നു. കല്പകവൃ

ക്ഷവും കാമക്രോധവും എല്ലാം കവിയുടെ മുററത്തുതന്നെയുണ്ടു്.

കവികളുടെ വസതി എന്നും സ്വർഗ്ഗംതന്നെ ആണു്. ഭാഗ്യവാനായ കവി മാനസസരസ്സിന്റെ ഉപരിഭാഗത്തു് ആകാശദേശത്തിൽ സാനന്ദനിർഭയമായി പറന്നുനിന്നു്, ആകാശഗംഗയിൽ പരിപുഷ്ടമായി വളരുന്ന അരവിന്ദങ്ങളിൽ ലീനമായിരിക്കുന്ന അമൃതതുല്യമായ മധുവിനെ ആസ്വദിച്ചു് മദോന്മത്തനായിത്തിൽ സ്വച്ഛന്ദം വിഹരിക്കുന്ന ഹംസശ്രേഷ്ഠനാകുന്നു.

വായനക്കാരെയോ ശ്രോതാക്കളെയോ രസിപ്പിക്കുവാനായിട്ടല്ല കവികളുടെ ഉദ്യമം. ഇടിവെട്ടുമ്പോൾ മയിൽ ആടുന്നതു് കാണികളെ സന്തോഷിപ്പിക്കുവാനാണോ? ഒരിക്കലും അല്ല. കവിതയെന്നതു കവിയുടെ പരമാനന്ദത്തിന്റെ ഒരു സ്മരണയാകുന്നു. താൻ മനസ്സുകൊണ്ടു കാണുകയും കേൾക്കുകയും ചെയ്തു് ആനന്ദിച്ചതിനെപ്പററി അന്യർക്കു പറഞ്ഞുകൊടുക്കുക മാത്രമെ കവിക്കു സാദ്ധ്യമായിട്ടുള്ളു. ചില ആളുകൾക്കു മനസ്സുകൊണ്ടു സകലത്തും അനുഭവിക്കാൻ കഴിയുമെങ്കിലും ആ അനുഭവത്തെ അന്യരോടു പറഞ്ഞറിയിക്കുവാനുള്ള പ്രാഭവം ഉണ്ടാകുന്നില്ല. ലളിതമധുരങ്ങളായ പദങ്ങളുടെ സഹായത്തോടുകൂടി അപ്രകാരം ചെയ്‌വാൻ കഴിയുന്നവർക്കു മാത്രമെ കവി എന്ന സ്ഥാനത്തിനു് അർഹതയുള്ളു.

കവിതയിൽ വസ്തുവിനും വികാരത്തിനും ഉള്ള സ്ഥാനം ഞാനിതിലധികം ദീർഘമായി പ്രസ്താവിക്കണമെന്നു വിചാരിക്കുന്നില്ല ഇനി ഇവിടെ പ്രസ്താവിക്കാൻ പോകുന്നതു കവിതയുടെ രീതിയെപ്പറ്റിയാകുന്നു കവിത പദ്യം ഗദ്യം മിശ്രം എന്നു മൂന്നുവിധത്തിൽ വ്യവസ്ഥിതമായിരിക്കുന്നു. ഒരു കൃതി ഈ ജാതികളിൽ ഏതിൽപ്പെടുന്നതായാലും അതു കവിതയെന്നു പറയണമെങ്കിൽ അതിനു ലാളിത്യവും സൌകുമാര്യവും ഉണ്ടായിരിക്കണം. ഈ വ്യവസ്ഥകൾ അനുസരിച്ച ഗദ്യകാവ്യങ്ങളും മിശ്രകാവ്യങ്ങളും രചിക്കാവുന്നതാണ്. പലരും അങ്ങിനെ രചിച്ചിട്ടും ഉണ്ട്. എന്നാൽ സാധാരണമായി ഉൽകൃഷ്ടങ്ങളായ ആശയങ്ങൾ പദ്യരൂപമായിട്ടാണ് അവതരിക്കാറുള്ളത്. പദ്യം ഗദ്യത്തെക്കാളും ഹൃദയംഗമമായ ഒരു ഭാഷാരീതിയെന്നാണ് നമ്മുടെ എല്ലാവരുടേയും അനുഭവം. സാഹിത്യക്ഷീരം സരസ്വതിയുടെ സ്തനത്തിൽ നിന്നും തന്നെ ഉത്ഭവിച്ചാലും സ്വാദില്ലാതിരുന്നാൽ അതു പാനം ചെയ്യുന്ന ആളുകൾ അപൂർവമായിരിക്കും. ഒരു സ്ത്രീക്ക് എത്രതന്നെ സൌന്ദര്യവും വൈദുഷ്യവും ഉണ്ടായിരുന്നാലും സ്വരം കർണ്ണകഠോരമായിപ്പോയാൽ അത് ഒരു ന്യൂനതയെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. "കടകമണികാഞ്ചികൾ" ദേഹത്തിൽ അണിയുന്നതുമാത്രം കൊണ്ട് ഒരുവൻ രാജാവായിത്തീരുന്നില്ലെങ്കി

ല്യം ആസ്ഥാനമണ്ഡപത്തിൽ തോൎത്തുമുണ്ടു ടുത്തുംകൊണ്ടിരിക്കുന്നതു രാജാവിനു വിഹിതമായിട്ടുള്ളതല്ല. എന്നതുപോലെ എല്ലാക്കാൎയ്യങ്ങളിലുംപുറത്തെ ആഡംബരം അകത്തെ യോഗ്യതയ്ക്കു് അനുകൂലമായിരിക്കണം.

പദ്യമെന്നതു് സംഗീത സമ്മിശ്രമായ ഭാഷാവിശേഷമാകുന്നു. ത്യാഗരാജരുടേയോ, ദീക്ഷിതരുടേയോ, സ്വാതിതിരുനാൾ മഹാരാജാവിന്റേയോ, ഇരയിമ്മൻതമ്പിയുടേയോ കൃതികൾപോലെ വിവിധങ്ങളായ സ്വരസംഗതങ്ങളോടുകൂടി ഗാനം ചെയ്യപ്പെടാവുന്നതിനു മാത്രമെ സംഗീതം എന്നു പറയാവു എന്നു നിർബ്ബന്ധമൊന്നുമില്ല. അതിനാൽ യാതൊന്നാണോ ശ്രവണസുഖമുണ്ടാക്കുന്നതു് അതു സംഗീതം തന്നെ. പദ്യരീതിക്കു ഗദ്യരീതിയെക്കാൾ ശ്രവണസുഖം നൽകുവാൻ കഴിയുമെന്നുള്ളതു നിർവിവാദമാകുന്നു. എന്നു മാത്രവുമല്ല പദ്യരീതിക്കു കവിതയുടെ പ്രവാഹത്തെ സഹായിക്കയും ചെയ്യുന്നുണ്ടു്. പദ്യത്തിൽ തന്നെ കവിതയെഴുതണമെന്നുള്ള നിർബന്ധം കവികൾക്കു് അനാവശ്യമായ ബുദ്ധിമുട്ടുണ്ടാക്കുമെന്നു ചിലർ ആക്ഷേപിക്കുന്നു. എന്നാൽ വാസ്തവമായി കവിതാവാസനയുള്ളയാളിനു പദ്യം ഒരു സഹായമല്ലാതെ പ്രതിബന്ധമായിത്തീരുന്നില്ല. പുതുതായി ചിറകു മുളച്ച പക്ഷിക്കുഞ്ഞു് അതിന്റെ വംശത്തിനു പാരമ്പരീണമായി ലഭിച്ചിട്ടുള്ള സഞ്ചാരമാൎഗ്ഗത്തെ പറക്കു

ന്നതിനുള്ള പരീക്ഷകൾ കൊക്കറിയുന്നതുപോലെ, നൂതനമായി കവിത എഴുതുവാൻ ഉദ്യമിക്കുന്ന കവി തന്റെ ഭാഷ ആശയത്തിന്ന് അനസൃതമായിരിക്കുന്നുവെന്നു മനസ്സിലാക്കുന്നതു പദ്യനിർമ്മാണത്തിലുള്ള വിജയം കൊണ്ടാകുന്നു. പദ്യപംക്തിയുടെ പക്ഷങ്ങൾക്കു ഗദ്യമൃഗത്തിന്റെ ചരണങ്ങളെക്കാൾ ബലവും ലഘുത്വവും ഉണ്ടു്. അതാണു മഹാകവികൾ തങ്ങളുടെ ആശയങ്ങളെ പദ്യവാഹനങ്ങളിൽ എഴുന്നള്ളിക്കുന്നതു്.

ഇനി സന്ദർഭശുദ്ധിയെപ്പററി സ്വല്പം പ്രസ്താവിച്ചുകൊള്ളുന്നു. പദങ്ങൾ സന്ദർഭത്തിന്നനുക്രമമായിരിക്കണം. തെങ്ങിനും കമുകിനും കടപോലെ തിരിപ്പു കെട്ടുന്നതു് അബദ്ധമാണെന്നു വൃദ്ധന്മാർ പറയും.

“അലമുലകളെല്ലാടിനടുവുരടിമലർമാനനം
താമ്രാധരോഷ്ഠവും താടങ്കഭംഗിയും
അളമുടിയുമലസമിഴിതിലകമുളകങ്ങളും
താരുണ്യലാവണ്യസൌഭാഗ്യലക്ഷ്മിയും
ഇവ ലത്തുമതിലലളിതമവയവവിശേഷങ്ങ
ളീക്ഷണം ചെയ്തുമയങ്ങീ നൃപാവലി
കടതകൾകളുടെയിടയിലവളുടെ മുഖാംബുജം
പൂങ്കാവിലിന്നുബിംബംപോലെ കാണുകയാൽ
നരപതികളുടെനയനനികരമതികയറുകാൽ
നാനാപഥങ്ങളിൽക്രീഡിച്ചോടീടുന്നു”

ഇത്യാദി പ്രയോഗങ്ങൾ സ്വയംവരത്തിനായി രാജസഭയിൽ പ്രവേശിക്കുന്ന സുന്ദരിയെ

വർണ്ണിക്കുവാൻ ഉചിതമായിരിക്കുന്നു; എന്നാൽ ശാകുന്തളത്തിലെ ഗൌതമിയെ വർണ്ണിപ്പാൻ ഈ പദങ്ങൾ ഒന്നുംതന്നെ ഉപയോഗപ്പെടുന്നതല്ല. കഥാനായകന്മാരും നായികമാരും പറയുന്നതു് അവരുടെ സ്വഭാവത്തിനും പ്രവൃത്തിനും അനുകൂലമായിരിക്കണം. ഒരു രാജാവു തന്റെ ഭൃത്യനെ വിളിച്ചു് "അല്ലയോ സ്നേഹിതാ നീ എനിക്കൊരുപകാരം ചെയ്യേണം" എന്നു പറയുന്നതു സംഭവ്യമായിട്ടുള്ളതല്ല. നവയൌവനത്തോടുകൂടിയിരിക്കുന്ന ശകുന്തളയെ

"തളിരൊപ്പാലധരം സുമനോഹരം
ലളിതശാഖകൾപോലെ ഭുജദ്വയം
കിളിമൊഴിക്കു നവ്യകുസുമോപമം
മിളിതമുജ്ജ്വലമാംനവയൌവനം"

എന്നു വർണ്ണിക്കുന്നതു ഹൃദയംഗമമായിരിക്കുന്നു. എന്നാൽ ഭർത്താവിനാൽ നിഷേധിക്കപ്പെടുമ്പോൾ ആ ശകുന്തളതന്നെ

"സാന്ദ്രതരരോഷംകൊണ്ടു താമ്രമാം നയനവും
സൌരരശ്മികൾപോലെ തീക്ഷ്ണമാം തേജസ്സോടും
പ്രസ്ഫുരമാണമായോരോഷ്ഠസമ്പുടത്തോടും
പ്രസ്ഫുലിംഗങ്ങളോടും" കൂടിയാണു ദുഷ്ഷന്തനെ നോക്കുന്നതു്. നമ്പ്യാർ ജാംബവാന്റെ ഗുഹ വർണ്ണിക്കുന്നതു്.—

"പാതാളത്തോടു സദൃശമതായി
ഭീതിക്കുമങ്ങൊരു ഭാജനമായി

ക്രൂരതകളിന്നൊരു കലാഗൃഹമായി
ക്രൂരമൃഗങ്ങൾക്കാലയമായി
കലശിരിന്ദ്രപ്രതിനിധിയായി
ചടചടെപ്പൊട്ടുതരളിഷ്ണമായി
കണ്ടാലൊന്നാതഗുഹകാട്ടിൻനടുവിൽ"

എന്നാകുന്നു രസികശിരോമണിയായ പാഞ്ചാലിയെ കാണ്മാൻ പോകുന്ന കീചകനെ എഴുത്തച്ഛൻ:—

ശൈരന്ധ്രികാനന്ദമുൾക്കട്ടതെളിഞ്ഞുള്ളിൽ
ശൈഥില്യംതനിക്കവനൊന്നുകല്പിച്ചു
വെള്ളത്തെപ്പോലെതാംബൂലവുംതിന്നു
നല്ലമാല്യങ്ങൾ കുസുമങ്ങളുംചൂടി
ദിവ്യാംബരാഭരണാലേപനാദികൾ
സർവ്വാംഗമെല്ലാമലങ്കരിച്ചാനവൻ"

എന്നും, വൃദ്ധനായ കീചകനെ നമ്പ്യാർ
"മനംകൊണ്ടങ്ങിനെ ചിന്തിച്ചു നടന്ന
ങ്ങൊരു മൂത്ത-
കീചകന്റെവലിയൊരിളകിഞ്ഞുകൈകളുംകാലും
കുഴഞ്ഞുവാലുമക്കാലംമെലിഞ്ഞകൈക
ളെല്ലാംകൊണ്ടു-
ചൊറിഞ്ഞു, രോമമെല്ലാപ്പുതംകൊഴിഞ്ഞു
മേനിയാകെച്ചുക്കി-
ച്ചുളിഞ്ഞു, കണ്ണിനുകാഴ്ചകുറഞ്ഞു, ഈളയുംവന്നു-
നിറഞ്ഞു, താൻവഴിയിൽചെന്നുറച്ചു, നേ
ത്രവുംചിമ്മ -
ച്ചുയിച്ചുമൂന്നുലോകങ്ങൾ ജയിച്ചുള്ള മഹാ
വീരൻ"

എന്നുമാണ് വർണ്ണിക്കുന്നത്.

കവിതയുടെ ഗുണങ്ങളിൽ ഏതാനുമെട്ടു കാണിച്ചുവല്ലോ. ഇവയിൽ ഏതെല്ലാം അപരിത്യാജ്യമെന്നും ഏതെല്ലാം കവികൾക്കു സ്വേച്ഛാപ്രകാരം തിരിഞ്ഞെടുക്കാമെന്നും വ്യവസ്ഥാപിക്കുന്നത് അനാവശ്യമാകുന്നു. ഭിന്നരുചികളായ കവികൾക്ക് എല്ലാപ്പേർക്കും സമ്മതമായി ഒരു നിയമമുണ്ടാക്കുവാൻ നിയമനിർമ്മാണസഭക്കാർ തന്നെ നിശ്ചയിച്ചാലും അതു സാദ്ധ്യമായിത്തീരുന്നതല്ല. എന്നാൽ

"അർത്ഥം കേചിദുപാസതേ കൃപണവത്
കേചിതലംകുർവതേ
വേശ്യാവത്, ഖലു ധാതുവാദിന ഇവോദ്
ബദ്ധ്നാതി കേചിദ്രസാൻ
അർത്ഥാലംകൃതസാരസദ്രവമുചാം
വാചാം പ്രശസ്തിസ്പൃശാം
കർത്താരഃ കവയോ ഭവന്തി കതിചിത്പു
ണ്യൈരഗണ്യൈരിവ."

എന്ന ശ്ലോകത്തിൽ പറയുമ്പോലെ അനേകഗുണങ്ങളുടെ സംഗമം കൊണ്ടു മാത്രമേ കവിതയുണ്ടാകുവാൻ കഴികയുള്ളു.

"കനക്കമർത്ഥവും സുധാകണക്കൊപ്പദനിരയും
അനർഗ്ഗളം യമകവുമനുപ്രാസമുപമാദി
ഗുണങ്ങൾ കലർന്നു രമ്യം ജപിക്കും നതസാരസാതം
എന്നാണ് ഉണ്ണായിവാര്യരുടെ മതം.

കവിതയുടെ യോഗ്യത അതു വായിക്കുന്നവരുടെ മനസ്സിലുണ്ടാകുന്ന ക്ഷോഭങ്ങളെ

കൊണ്ടാണു പരിഗണിക്കപ്പെടേണ്ടതു്. ഒരു സൽകാവ്യത്തിനു കല്പാന്തകാലത്തിൽപോലും ലയമില്ല. അതു മനുഷ്യജീവിതത്തിനെ സന്തോഷമാക്കിത്തീൎക്കുവാനും, സത്യബോധവും കൃത്യനിഷ്ഠയും ഉണ്ടാക്കുവാനും ജഗൽകൎത്താവിന്റെ മായാവിലാസങ്ങളെ ലോകഗതരായ മനുഷ്യൎക്കു പ്രത്യക്ഷമാക്കിക്കൊടുക്കുവാനും വിശ്വവിശ്രുതനായ ഗേട്ടെ പറയുമ്പോലെ സംവത്സരാരംഭത്തിലെ പുഷ്പങ്ങളും സംവത്സരാവസാനത്തിലെ ഫലങ്ങളും ആത്മാവിനു മോഹത്തെയും ആനന്ദപാരവശ്യത്തെയും നിൎവൃതിയേയും സംതൃപ്തിയേയും ജനിപ്പിക്കുന്നതായ സകലവും എന്നുവേണ്ടാ ഭൂലോകവും സ്വൎല്ലോകവും കൂടി ഒരു നാമത്തിൽ യോജിപ്പിക്കുവാനും ഉള്ള ഉത്തമമാൎഗ്ഗമാകുന്നു. മഹാകവിയായ ഷെല്ലി ഇപ്രകാരം പറയുന്നു:—"കവിതയെന്നതു ദൈവാംശത്തിൽ നിന്നുത്ഭവിക്കുന്നതാണ്. വിജ്ഞാനത്തിന്റെ കേന്ദ്രവും പരിധിയുമെല്ലാം അതുതന്നെ. അതിൽ സകല ശാസ്ത്രങ്ങളും ലയിച്ചിരിക്കുന്നു"

കാവ്യം യശസേൎത്ഥകൃതെ
വ്യവഹാരകൃതെ ശിവേതരക്ഷതയെ
സദ്യഃപരനിൎവൃതയെ
കാന്താസമ്മിതതയോപദേശയുജെ.

എന്നാണു മമ്മടഭട്ടന്റെ പ്രമാണം.

ളുവിവനുജനിക്കുന്നജനങ്ങൾക്കൊക്കെയും

[മോദം

കേൾപ്പാനുള്ള വസ്തുക്കൾ പലതുണ്ടെങ്കിലും നല്ല
കവിതാചാതുൎയ്യമുള്ള കവിവാണി-
[പ്രയോഗത്തെ
ശ്രവിക്കുന്ന സുഖംപോലെ ചെവിക്കു-
[പിന്നെയെന്തുള്ളു”

എന്നു മഹാകവിയായ കുഞ്ചൻനമ്പ്യാർ വ്യവഹരിച്ചിട്ടുള്ളതിനെ ഉദ്ധരിച്ചുംകൊണ്ടും ഈ ഉപന്യാസത്തെ അവസാനിപ്പിച്ചുകൊള്ളുന്നു.

---

# തിരുവിതാംകൂർ രാജവംശവും
## മലയാളഭാഷയും

---

### ഒന്നാം ഭാഗം

രാജാക്കന്മാൎക്കും സ്ത്രീകൾക്കും പറയത്തക്കതായ വൈദുഷ്യമോ കാവ്യനിൎമ്മാണപാടവമോ ഉണ്ടായിരുന്നാൽ അതു ജനസാമാന്യത്തിന്റെ പ്രത്യേകമായ ശ്ലാഘയ്ക്കും അത്യുല്ലാസകലിതമായ ആദരവിനും പാത്രീഭവിക്കുമെന്നുള്ളതു നിരാക്ഷേപമായ ഒരു സംഗതിയാകുന്നു. സ്ത്രീകൾ അവരുടെ സൃഷ്ടിവൈശിഷ്ട്യംകൊണ്ടും, രാജാക്കന്മാർ തങ്ങളുടെ ഉന്നതമായപദവികൊണ്ടുമാണ് പൊതുജനങ്ങളുടെ മനസ്സിനെ നിഷ്പ്രയാസം ആകർഷിക്കുന്നതു്. സ്ത്രീ

കൾ അമ്പലങ്ങളാകകൊണ്ടു് അവരുടെ കലാ
നൈപുണ്യം സ്ഫടികധവളവും സുഖശീതള
വുമായ ശശികിരണങ്ങളെപ്പോലെ സഹൃദയമ
നസ്സിനെ സന്തോഷിപ്പിക്കുന്നു. ഒരു രാജാവും
ഒരു സാധാരണനും ഒരേ വിഷയത്തെപ്പററി
തുല്യഗുണമായ പദ്യങ്ങൾ നിർമ്മിച്ചാൽ രാജ
വിന്റെ കൃതിക്കു ക്രടുതലായി എന്തോ ചില
രസികത്വങ്ങൾ ഉണ്ടെന്നു തോന്നിപ്പോകുന്നതു
മനുഷ്യബുദ്ധിക്കു സഹജമായ ഒരു ചാപല്യമാ
കുന്നു. അതിനാൽ രാജാക്കന്മാരുടെ കല്ലാവല്ല
ഭത്വത്തെപ്പററിയുള്ള നിരൂപണം ഒരു പ്രശം
സാപ്രസംഗമായി പരിണമിച്ചുപോകുന്നതു
പ്രാസംഗികന്റെ പക്ഷപാതമായിത്തീർക്കാമെ
ങ്കിലും അതു ക്ഷമിക്കത്തക്കതുതന്നെ.

ഉന്നതപദവിയിൽ ഇരിക്കുന്നവർക്കു സാ
ധാരണമായി സരസ്വതീപ്രസാദം സാധിക്കു
ന്നില്ലെന്നുള്ളതിൽ ഒരുമാതിരി വാസ്തവമുണ്ടു്.
കവികൾ എല്ലാകാലത്തും എല്ലാ രാജ്യങ്ങളി
ലും അവരെക്കാൾ ഉന്നതസ്ഥിതിയിൽ ഇരു
ന്ന വല്ലവരെയും ആശ്രയിച്ചു കാലംകഴിക്കുന്ന
വരാണെന്നു കേരളകാളിദാസൻ ഭാഷാശാകുന്ത
ളത്തിന്റെ ആമുഖോപന്യാസത്തിൽ പ്രസ്താ
വിക്കുന്നു. ഈ അഭിപ്രായം ഏറെക്കുറെ യഥാ
ർത്ഥമാണെങ്കിലും ഭാരതീപ്രസാദസമ്പൽ
സമൃദ്ധമായ ഭാരതഖണ്ഡത്തിൽ കവിതയും ര
ത്വവുംകൂടി യോജിച്ചു കാണുന്നതു് അപൂർവ്വമ

ല്ല. ഭോജൻ ഹർഷവർദ്ധനൻ മുതലായ രാജാക്കന്മാർ സംസ്കൃതസാഹിത്യരംഗത്തിൽ നിർഭയം പ്രവേശിച്ചു ഖ്യാതി സമ്പാദിച്ചിട്ടുള്ളവരാകുന്നു. ചോളവംശം, പാണ്ഡ്യവംശം മുതലായ ദ്രാവിഡരാജവംശങ്ങളിൽ ഉൾപ്പെട്ട രാജാക്കന്മാരിൽ പലരും കവികളായിരുന്നു. എന്നാൽ അന്യരാജകുടുംബങ്ങളിൽ കാവ്യനിർമ്മാണപാടവം തിരുവിതാംകൂർ രാജവംശത്തിൽ എന്നപോലെ സാധാരണമായിരിക്കുന്നില്ല. രാജ്യഭരണത്തിൽ എന്നപോലെ ശാസ്ത്രസാഹിത്യാദികളിലും അദ്വിതീയന്മാരായി പണ്ഡിതലോകചരിത്രത്തിൽ പ്രശോഭിക്കുന്ന അനേകം മഹാരാജാക്കന്മാരുടെ ഉല്പത്തിസ്ഥാനമായ തിരുവിതാംകൂർ രാജവംശത്തിൽ കാവ്യരചനാപാടവം കേവലം ഒരു നൃപഗുണമാകുന്നു. കിഴക്ക് ഉന്നതങ്ങളായ പർവ്വതനിരകൾക്കും പടിഞ്ഞാറ് അഗാധമായ സമുദ്രത്തിനും മദ്ധ്യേ വ്യാപിക്കുന്നതും, നിസ്സീമമായ ലക്ഷ്മീവിലാസത്താൽ രമണീയതമമായിരിക്കുന്നതുമായ ഈ ഭൂലോകസ്വർഗ്ഗത്തിൽ വസിച്ച്, പരാക്രമശാലികളായ പുരുഷകേസരികളുടേയും ഭുവനമോഹിനികളായ തരുണികളുടേയും നേതൃത്വത്തെ സ്വീകരിച്ച്, ശ്രീപത്മനാഭദാസ്യതല്പരന്മാരായി കാലയാപനം ചെയ്യുന്ന മഹാരാജാക്കന്മാരുടെ ഹൃദയകമലങ്ങളിൽ ഉൽകൃഷ്ടങ്ങളായ വികാരങ്ങൾ ഉത്ഭവിച്ച് ആ വികാരങ്ങൾ കവി

താമധുവായി ആവിർഭവിക്കുന്നതു് അശേഷം അത്ഭുതമായിട്ടുള്ളതല്ലല്ലൊ. ഈ വശ്യവാക്കുകളുടെ കൃതികൾ കാലഭേദത്തിനനുകൂലമായി മലയാളഭാഷയ്ക്കുണ്ടായിട്ടുള്ള പ്രകാരഭേദങ്ങളെ ആകൃതി ദൃഷ്ടാന്തീകരിക്കുന്നു എന്നുള്ളതു മലയാളഭാഷയുടെ ചരിത്രം സൂക്ഷ്മമായി പരിശോധിച്ചാൽ അറിയാവുന്നതാകുന്നു.

“സംസ്കൃതഹിമഗിരിഗളിതാ
ദ്രാവിഡവാണീകളിന്ദജാമിളിതാ
കേരളഭാഷാഗംഗാ” എന്നു് കോവുണ്ണി നെടുങ്ങാടി കേരളകൌമുദിയിൽ പ്രസ്താവിച്ചിരിക്കുന്ന അഭിപ്രായത്തെ കീഴ്മേൽ മറിച്ചു് “ദ്രാവിഡഹിമഗിരിഗളിതാ” എന്നിത്യാദി അഭിപ്രായത്തെ പണ്ഡിതഭൂരിപക്ഷാനുസാരം അംഗീകരിക്കുന്നതായാൽ നമ്മുടെ ഭാഷാചരിത്രത്തിൽ ഓരോ ഘട്ടങ്ങൾക്കും ദൃഷ്ടാന്തമായി നമ്മുടെ മാതൃരാജ്യത്തിന്റെ ഭരണകൎത്താക്കന്മാരായിരുന്ന കഥാകവികളുടെ കൃതികളിൽ നിന്നു തന്നെ ഉചിതങ്ങളായ ഭാഗങ്ങൾ ഉദ്ധരിക്കാവുന്നതാണു്.

മലയാളഭാഷയുടെ ഉൽക്കൎഷം മലയാളരാജ്യത്തിന്റെ അഭ്യുന്നതിയോടുകൂടി സംഘടിക്കപ്പെട്ടിരിക്കുന്നു. സഹ്യപൎവതത്തിന്റെ മറുഭാഗത്തുള്ള പ്രദേശങ്ങളിൽ നിന്നും കേരളത്തിൽ പ്രവേശിച്ചു സ്ഥിരവാസം ചെയ്വാൻ ഉദ്യമിച്ച ജനസമുദായത്തിനിടയിൽ പഴയ ആ

ചാരങ്ങളും, പ്രാചീന മരണരീതിയും, പൂൎവ്വകാലത്തിലെ ശരീരപ്രകൃതിയും ഭേദപ്പെട്ടു് അവർ കേരളീയരായിത്തീൎന്നതുപോലെയാണു് തമിഴ് ഭാഷ കാലക്രമംകൊണ്ടും പലമാതിരിയിലുള്ള പരിവൎത്തനങ്ങൾ കൊണ്ടു മലയാളഭാഷയായിത്തീൎന്നിരിക്കുന്നതു്. ദ്രാവിഡരക്തത്തിൽ ആൎയ്യരക്തം കലൎന്നു് കേരളീയർ സുന്ദരഗാത്രന്മാരായിത്തീൎന്നിട്ടുണ്ടെങ്കിൽ തമിഴ്ഭാഷയിൽ സംസ്കൃതപദങ്ങൾ പ്രവേശിച്ചു് അതിനെ ഭംഗിയും വിശാലതയുമുള്ള ഒരു ഭാഷയാക്കിത്തീൎത്തിട്ടുണ്ടു്.

ഏററവും പുരാതനമായ ഒരു കാലത്തു് കേരളത്തിൽ രാജ്യഭാരം ചെയ്തിരുന്ന കുലശേഖര ആഴ്വാർ ഭക്തിരസപ്രധാനമായി തിരുവായ്മൊഴി എന്നൊരു പ്രസിദ്ധ സ്തോത്രാവലി ഉണ്ടാക്കിട്ടുണ്ടു്. ചിലപ്പതികാരകൎത്താവായ ഇളംകോവടികൾ ചേരന്മാർ രാജവംശത്തിലാണു് ജനിച്ചതു്. ഈ മഹാശയന്മാരുടെ കൃതികൾ ഇക്കാലത്തും തമിഴരുടെ ഇടയിൽ ഭക്തിരസത്തിനും സംഗീതമാധുൎയ്യത്തിനും ഭാഷാസൗഷ്ഠവത്തിനും അധിഷ്ഠാനമായിരിക്കുന്നു.

കേരളീയർ ഒരു പ്രത്യേകസമുദായമായിത്തീൎന്നപ്പോൾ അവർ പൂൎവ്വകാലത്തിൽ സംസാരിച്ചു വന്ന ഭാഷയ്ക്കു വളരെ ഭേദഗതികൾ സംഭവിച്ചു് കാലക്രമംകൊണ്ടു് ശുദ്ധമായ തമി

ഴരീതി ഭേദപ്പെടുകയും, തമിഴിനും മലയാളത്തി
നും മദ്ധ്യമായ ഒരു സ്ഥാനത്തിൽ മലയാളഭാ
ഷ വർത്തിക്കുകയും ചെയ്തിരുന്നുവെന്നുള്ളതിന്
കലാശേഖര ആൾവാരുടെ അനന്തരഗാമിയും
വർദ്ധമാനമായ യശസ്സോടുകൂടി വഞ്ചിരാജ്യ
ത്തെ ഭരിച്ചിരുന്ന മഹാരഥനായ ആദിത്യവ
ൎമ്മമഹാരാജാവിനാൽ രചിക്കപ്പെട്ടിട്ടുള്ള രാമ
ചരിതം ഉത്തമ ലക്ഷ്യമാകുന്നു.

ആദിത്യവൎമ്മമഹാരാജാവിന്റെ കാലത്ത്
(അതായത് മലയാളാബ്ദം അഞ്ചാം ശതവൎഷ
ത്തിൽ) ദക്ഷിണകേരളത്തിൽ പ്രചരിച്ചിരുന്ന
ഭാഷാരീതി തമിഴിൽ നിന്നും അനല്പമായ വ്യ
ത്യാസങ്ങളുള്ളതാണെന്നു മനസ്സിലാക്കാം. എ
ല്ലാഭാഷകളിലും കാലഭേദത്താൽ വാക്കുകളുടെ
അൎത്ഥം മാറിക്കൊണ്ടിരിക്കുന്നു. അതിനാൽ
രാമചരിതത്തിൽ പ്രയോഗിച്ചിട്ടുള്ള മിക്കവാ
ക്കുകളുടേയും അൎത്ഥം ഇപ്പഴത്തെ മലയാളികൾ
ക്കു സുഗ്രഹമല്ലാതെ തീൎന്നിട്ടുണ്ട്. തമിഴും മല
യാളവും മലയാളത്തിൽ കാലാനുക്രമമായി
സംഭവിച്ചിട്ടുള്ള അൎത്ഥഭേദങ്ങളും അറിയാവുന്ന
വൎക്കുമാത്രമേ രാമചരിതം നല്ലവണ്ണം മനസ്സിലാ
ക്കുവാൻ കഴികയുള്ളൂ. എന്നാൽ മലയാളഭാഷ
യുടെ ശരിയായ ചരിത്രം പഠിക്കേണമെന്നു അ
ഭിലാഷമുള്ള ജനങ്ങൾക്കു രാമചരിതം അപ
രിത്യാജ്യമായ ഒരു പ്രമാണമാകുന്നു.

ആൎയ്യന്മാൎക്കു കേരളത്തിലുണ്ടായ പ്രധാ

ന്യം നിമിത്തം സംസ്കൃതഭാഷ നാട്ടുകാരുടെയിടയിൽ പ്രചരിക്കാനിടയായി; അതിനാൽ ശുദ്ധമലയാളത്തിൽ കാവ്യനിർമ്മാണം ചെയ്‌വാൻ സാമർത്ഥ്യമുള്ള കവികൾപോലും സംസ്കൃതപദങ്ങളും വ്യാകരണമാതൃകകളും പ്രയോഗിപ്പാൻ ആരംഭിച്ചു. കണ്ണശ്ശപ്പണിക്കരുടെ കാലം കഴിഞ്ഞശേഷം മലയാളത്തിനുണ്ടായ പ്രകാരഭേദം ജഗന്മോഹനമായ കൃഷ്ണഗാഥയിൽ നിന്നും ഗ്രഹിക്കാവുന്നതാണ്. ഉത്തരകേരളത്തിലുണ്ടായ ആ വിശിഷ്ട കവിത മലയാളഭാഷയുടെ ചരിത്രത്തിൽ ഒരു പ്രധാനഘട്ടത്തെ ദൃഷ്ടാന്തീകരിക്കുന്നു. തമിഴിന്റെ കുറവും, സംസ്കൃതത്തിന്റെ പ്രവേശനവും, മലയാളത്തിന്റെ വളർച്ചയും കൃഷ്ണഗാഥയിൽ വ്യക്തമാകുന്നുണ്ട്. ഉത്തരകേരളത്തിലെയും ദക്ഷിണകേരളത്തിലെയും അന്നത്തെ ഭാഷാരീതി താരതമ്യപ്പെടുത്തുവാനുള്ള ഉദ്യമം ഭാഷാഗതിക്കു പ്രാതിനിധ്യം വഹിക്കുന്ന തിരുവിതാംകൂർ മഹാരാജാക്കന്മാരുടെ കൃതികളുടെ അഭാവത്താൽ അലഭ്യമായിത്തീരുന്നു. എന്നാൽ മലയാളശബ്ദകോശത്തിൽ സംസ്കൃതപദങ്ങൾ ക്രമേണ വർദ്ധിച്ചുവന്നുവെന്ന് നിസ്സംശയം പറയാവുന്നതാണ്.

കൃഷ്ണഗാഥയിലുള്ളതിനെക്കാൾ അധികം സംസ്കൃതപദങ്ങൾ കഥകളിപ്പാട്ടുകളിൽ ഉപയോഗിക്കപ്പെട്ടിട്ടുണ്ട്. കഥകളിപ്പാ

ട്ടിന്റെ പ്രഥമസ്രഷ്ടാവ് തിരുവിതാംകൂർ, രാജവംശത്തിന്റെ അടുത്ത ബന്ധുവായ കൊട്ടാരക്കരത്തമ്പുരാനാകുന്നു. ഈ കൊട്ടാരക്കരത്തമ്പുരാൻ വീരകേരളവർമ്മ മഹാരാജാവിന്റെ ഭാഗിനേയനാണെന്നു രാമായണയുദ്ധംകഥയിൽ "വഞ്ചി വീര കേരള ഹൃദയാംബുജനിവാസ" എന്നും പുത്രകാമേഷ്ടിയിൽ "വഞ്ചിക്ഷ്മാവരവീരകേരളവിഭോ രാജ്ഞസ്സ്വസുസ്സൂനുനാ" എന്നുമുള്ള ഭാഗങ്ങളിൽ നിന്നും തെളിയുന്നു. കോഴിക്കോട്ട് അക്കാലത്തു വളരെ പ്രചാരത്തിലിരുന്ന കൃഷ്ണനാട്ടം ആടിക്കാണുവാനുള്ള ആഗ്രഹത്താൽ ആട്ടക്കാരെ തന്റെ രാജധാനിയിൽ അയയ്ക്കണമെന്ന് കൊട്ടാരക്കര രാജാവ് സാമൂതിരി രാജാവിനോട് അപേക്ഷിച്ചു എന്നും, അപ്രകാരം അയയ്ക്കുന്നതല്ലെന്നുള്ള മറുപടിയാൽ അധിക്ഷിപ്തനായ കൊട്ടാരക്കര രാജാവ് കൃഷ്ണനാട്ടത്തിനു പകരം അതിനേക്കാൾ ഉപരിയായ രാമനാട്ടം നിർമ്മിച്ചുവെന്നുമാണ് ഭാഷാചരിത്രത്തിൽ കാണുന്നത്. കൃഷ്ണനാട്ടം തന്നെ ജയദേവരുടെ കൃതികളെ അനുകരിച്ചു നിർമ്മിക്കപ്പെട്ടിട്ടുള്ളതാണെന്ന് പണ്ഡിതന്മാർ സ്ഥാപിച്ചുകഴിഞ്ഞിരിക്കുന്നു. ജയദേവകൃതിയും, കേരളീയരുടെ ഗാനരീതിയും, ചാക്യാർക്കൂത്തും തമ്മിലുണ്ടായ സമ്മേളനത്തിൽ നിന്നാണ് കഥകളിപ്പാട്ടുകൾ ഉ

ങ്ങളായിട്ടുള്ളതെന്നു പറയുന്നതിൽ അബദ്ധമുണ്ടെന്നു തോന്നുന്നില്ല.

ഏതായാലും കഥകളിയുടെ നിർമ്മിതിയിൽ പ്രഥമപ്രവർത്തകനായ കൊട്ടാരക്കര രാജാവിനു കേരളീയരുടെ ശാശ്വതമായ കൃതജ്ഞതയ്ക്കു് അവകാശമുണ്ടു്. അദ്ദേഹം പുത്രകാമേഷ്ടി, സീതാസ്വയംവരം, വിച്ഛിന്നാഭിഷേകം, ഖരവധം, ബാലിവധം, തോരണയുദ്ധം സേതുബന്ധനം, യുദ്ധം ഇങ്ങനെ എട്ടു് ആട്ടക്കഥകളുണ്ടാക്കിട്ടുണ്ടു്. ഈ കൃതികളുടെ രചനയിൽ അദ്ദേഹം വാല്മീകിരാമായണത്തെയാണു് അടിസ്ഥാനമാക്കിയിരിക്കുന്നതു്. ഈ കഥകളെല്ലാം സാധാരണ ആടാറുണ്ടു്. മതാവലംബികളായ ഹിന്ദുക്കൾക്കു പ്രത്യേകതാല്പര്യമുള്ള ശ്രീരാമചരിതത്തെ കവിതാവിഷയമായി തിരഞ്ഞെടുത്തതിൽനിന്നുതന്നെ കവിയുടെ ദീർഘദർശിത്വവും ലോകപരിചയവും പ്രത്യക്ഷപ്പെടുന്നുണ്ടു്.

കൊട്ടാരക്കര രാജാവിന്റെ കൃതികൾ ഏഴാംശതവർഷത്തിൽ മലയാളഭാഷയ്ക്കുണ്ടായിരുന്ന ആകൃതിക്കു ലക്ഷ്യമാകുന്നു. ശുദ്ധ ദ്രാവിഡപദങ്ങൾ മാത്രംകൊണ്ടു് കവനം ചെയ്യുന്നതു് പ്രയാസവും, പ്രയോജനശൂന്യവുമാണെന്നു് അന്നത്തെ കവികൾ മനസ്സിലാക്കിയിരുന്നുവെന്നുള്ളതിനു കാലംകഴിയുന്തോറും മലയാള കവികൾ സംസ്കൃതത്തിൽ നിന്നും

കടംവാങ്ങി വന്ന പദങ്ങളുടെ സംഖ്യ തക്കതായ തെളിവാകുന്നു. സംസ്കൃതപദങ്ങൾ ഉപയോഗിക്കുന്നതിനെപ്പററി വിസമ്മതം ഭാവിക്കുന്ന ചില ഭാഷാഭിമാനികൾ പച്ചമലയാളത്തിനായി കാട്ടുകൂകുന്നതു് ഈയിടെ പതിവാണു്. എന്നാൽ മുഖം, പശു, സൂര്യൻ എന്നീ വാക്കുകൾക്കു പകരം അപ്രസിദ്ധങ്ങളായ ദ്രാവിഡപദങ്ങൾ ഉപയോഗിക്കണമെന്നു ബുദ്ധിയുള്ളവരാരെങ്കിലും സിദ്ധാന്തിക്കുമെന്നു തോന്നുന്നില്ല. ദ്രാവിഡപദങ്ങൾ മാത്രം ഉപയോഗിച്ചു് "കോമപ്പ"നെപ്പോലെ രസപ്രധാനമായ കവിതകൾ നിർമ്മിക്കുവാൻ സാമർത്ഥ്യമുള്ള കവികൾ ഉണ്ടായിരിക്കാം. എന്നാൽ ഒരു മലയാളിക്കു ശുദ്ധദ്രാവിഡത്തെക്കാൾ മണിപ്രവാളരീതി മനസ്സിലാകുമെന്നുള്ളതിനു രണ്ടുപക്ഷമില്ല. നമ്മുടെ മാതൃഭാഷയ്ക്കു ബലവും വിശാലതയുമുണ്ടാകാൻ സംസ്കൃതപദപ്രയോഗം ആവശ്യമാണെന്നു് അന്നത്തെ കവികൾക്കു ബോധപ്പെട്ടിരുന്നു. അതുകൊണ്ടാണു കൊട്ടാരക്കരത്തമ്പുരാൻ അവിടത്തെ കഥകളിപ്പാട്ടുകളിൽ സംസ്കൃതം ഉപയോഗിച്ചതു്. എന്നാൽ ഭാവികാലത്തിലെ കഥകളികർത്താക്കന്മാരെപ്പോലെ അദ്ദേഹം സുഗ്രഹമല്ലാത്ത ഭാഷാവിശേഷത്തിൽ തല്പരനായിരുന്നില്ല.

"ന്ദുകലതംഹരൻതന്നുടയ ചാപവും
മുനിവരർവാക്കിനാൽ ഖണ്ഡിച്ചു മിഥിലയിൽ

ജനകനൃപനൊടു സഹമരുവുന്നിതവിടെ
നിന്നൊടീവൃത്തങ്ങളെല്ലാമെയുമുരച്ചു
വരുവതിന്നായിങ്ങയച്ചിതങ്ങളെയും”

എന്നിപ്രകാരമുള്ള മണിപ്രവാളസംഘടനം എത്ര നല്ല മലയാളമാണെന്നു നോക്കുവാൻ

“നഗരീതന്നാലപരിവേഷാകലിത
നഗരീതിവാനാമമീഷാമിഹ
നഗരിയസങ്ഗീതിരസ്മാകമേഷാ”

ഇത്യാദിയായ കോട്ടയത്തു രാജാവിന്റെയും

“ചണ്ഡബാഹുദണ്ഡകലിത മണ്ഡലാഗ്രവദന
ലലിതമുണ്ഡരാജിവിഴുമവനിമണ്ഡലേ ദൃഢം”

ഇത്യാദിയായ അശ്വതിതിരുനാൾ യുവരാജാവിന്റെ വാചകങ്ങളോടു താരതമ്യപ്പെടുത്തിയാൽ മതിയാവുന്നതാണ്.

“മധ്യമാർഗ്ഗം മനോജ്ഞം മധുമൊഴിവിവശാ
ചൊന്ന വാക്യങ്ങൾ കേട്ടു
കത്തുംചിത്താധ്യയോടും തരുണീമണിയുടെ
പീഡയെല്ലാമൊഴിച്ചും
ഗൂഢാനാം മാമകീനാം നിലയനാരകളിൽ
മെന്നുപോരുന്നനേരം
മത്താത്മാവാവിരാധൻ വിരവൊടുപഗതന്ത
രാഘവൌ കൌ ബഭാഷേ”

എന്ന ഖരവധത്തിലെ ശ്ലോകം അദ്ദേഹത്തിന്റെ ശ്ലോകങ്ങൾക്ക് ഒരു നല്ല മാതൃകയാകുന്നു വ്യാകരണവിരുദ്ധമായ പ്രയോഗങ്ങളും, രസാത്മകമല്ലാത്ത വാക്യങ്ങളും അദ്ദേ

ഹത്തിന്റെ കൃതികളിൽ കാണ്മാനില്ലെന്നി ല്ല. എങ്കിലും ഒരു നൂതനമാൎഗ്ഗത്തിൽ ആദ്യമായി പ്രവേശിക്കുന്ന കവിയിൽ അല്പമായ അപരാധങ്ങൾ ക്ഷന്തവ്യമാകുന്നു.

സംസ്കൃതത്തിൽ നിന്നും പദങ്ങളും സന്ധിസമാസങ്ങളും കടം വാങ്ങുന്ന മലയാളകവിക്കു തന്റെ അവകാശത്തെ പരമാവധിയോളം പ്രയോഗിക്കണമെന്ന് അഭിലാഷം ഉണ്ടാകണമെന്നുള്ളതിന്—

"വിജാതസാരസാജകരെ പീതാംബരവൃതേ
മണിമയഗുണലസിതഘടിതടാന്തേ
ഉരുജതകടികരെ ജാനുജിതദൎപ്പണേ
ജലജസമപാദയുഗേ കളഭഗമനേ
മാംസളകളേബരേ"

ഇത്യാദി ഭാഗങ്ങൾ ഉദാഹരണങ്ങളാകുന്നു.

കൊട്ടാരക്കര രാജാവിന്റെ കവിതയ്ക്കു പ്രധാനമായിട്ടുള്ള ഗുണം, ഗ്രഹിക്കുവാനുള്ള ലഘുത്വം തന്നെ. വിദൂരങ്ങളായ അലങ്കാരങ്ങളിൽ അദ്ദേഹത്തിനു ആസക്തിയില്ല. പറവാനുള്ളതു നേരെ പറയുന്നതിൽ അദ്ദേഹം അതിവിദഗ്ദ്ധനാണ്. യോഗ്യന്മാർ കൂടുന്ന സ്ഥലത്തുവെച്ചു ചില കഥകൾ അഭിനയിക്കാൻ പാടില്ലാതാക്കിത്തീൎക്കുന്ന ആഭാസമായ ശൃംഗാരപദപ്രയോഗം അദ്ദേഹത്തിന്റെ കൃതികളിൽ ഇല്ല. ആകപ്പാടെ നോക്കിയാൽ കൊട്ടാരക്കര തമ്പുരാന് മലയാളകവികളുടെയിടയിൽ ഒരു

ന്നതമായ സ്ഥാനത്തിന് അർഹതയുണ്ടു്. അദ്ദേഹത്തിന്റെ കൃതികൾ അല്പാല്പങ്ങളായ ഭേദഗതികളോടുകൂടി കോട്ടയത്തു രാജാവിന്റേയും അശ്വതിതിരുനാൾ യുവരാജാവിന്റേയും രവിവൎമ്മൻ തമ്പിയുടേയും കൃതികൾക്കു മാതൃകയായിത്തീൎന്നതുതന്നെ അദ്ദേഹത്തിന്റെ സുസ്ഥിരമായ യശസ്സിനു കാരണമാകുന്നു.

കൊട്ടാരക്കരത്തമ്പുരാന്റെ കാലത്തു് തമിഴിന്റെ പ്രാധാന്യം കുറഞ്ഞുതുടങ്ങീട്ടുണ്ടെങ്കിലും അദ്ദേഹം അനേകം തമിഴ്‌വാക്കുകൾ ഉപയോഗിക്കുന്നുണ്ടു്. എന്നാൽ അദ്ദേഹത്തിന്റെ കവിതകളിൽനിന്നു ഏതെങ്കിലുമൊരു ഭാഗം ഉദാസീനമായിട്ടുപോലും എടുത്തുനോക്കിയാൽ അതു് മലയാളഭാഷയുടെ ഭണ്ഡാരത്തിനകത്തു വന്നുചേൎന്നിട്ടുള്ള സംസ്കൃതപദങ്ങളും മലയാളപദങ്ങളും സാമൎത്ഥ്യത്തോടുകൂടി യോജിപ്പിച്ചു് മണിപ്രവാളരീതിയിൽ നിൎമ്മിച്ചിരിക്കയാണെന്നു് വ്യക്തമാകുന്നതാണു്. എഴുത്തച്ഛന്റെ അജയ്യമധുരമാകുന്ന കവിതപ്പുഴയിൽ മുഴുകി കളങ്കഹീനമായിത്തീൎന്ന സാഹിത്യനഭോമണ്ഡലത്തിൽ ശോഭിച്ചിലങ്ങുന്നതായ മണിപ്രവാള ചന്ദ്രപാദരീതിക്കു കൊട്ടാരക്കരത്തമ്പുരാന്റെ പരിശ്രമത്തിൽ നിന്നും പരമകാഷ്ഠ ലഭിച്ചിട്ടില്ലയെന്നുള്ളതു് ഇവിടെ പ്രസ്താവാൎഹമാണു്. മണിപ്രവാളസൌധശൃംഗത്തിൽ സുവൎണ്ണസ്തൂപി വയ്ക്കുന്നതു് അതി

പ്രഗത്ഭന്മാരും സാഹിത്യലോക വിശാരദന്മാരുമായ രാമവൎമ്മജ്ഞന്മാൎക്കും സാദ്ധ്യമായിരുന്നുള്ളു.

നാട്ടുകാരുടെ മനസ്സിൽ സ്ഥിതിചെയ്തിരുന്ന അന്ധകാരത്തെ വിജ്ഞാനദീപത്താൽ ദൂരീകരിക്കുവാനും അനാഥയായ മലയാളഭാഷയെ ഗ്രന്ഥപരമ്പരകളാൽ അലങ്കരിക്കുവാനുമായി ആ അവതാരപുരുഷൻ പ്രയത്നിച്ചുകൊണ്ടിരുന്ന കാലത്തു് അദ്ദേഹത്തിന്റെ ശ്രേഷ്ഠമായ പരിശ്രമത്തിൽ പങ്കുകൊള്ളുവാൻ നമ്മുടെ മഹാരാജാക്കന്മാൎക്കു് സാധിച്ചിരുന്നില്ല. ഇതു് ആ മഹാശയന്മാൎക്കു് ഭാഷാപരിഷ്കരണവിഷയത്തിൽ അശ്രദ്ധയോ അപ്രാപ്തിയോ ഉണ്ടായിരുന്നതിനാലല്ല.

---

## തിരുവിതാംകൂർ രാജവംശവും മലയാളഭാഷയും

---

### രണ്ടാം ഭാഗം

കൊല്ലവൎഷം 700-നും, 900-നും മദ്ധ്യേ തിരുവിതാംകൂർ രാജ്യം നിരന്തരമായ യുദ്ധങ്ങൾക്കും ഇടപ്രഭുക്കന്മാരുടെ അനവരതമായ അക്രമങ്ങൾക്കും രംഗസ്ഥലമായിരുന്നു. പ്രാചീനകാലങ്ങളിൽ രാജാക്കന്മാരുടേയും പ്രജകളുടേയും ഏകോപിതമായ ഉത്സാഹത്താൽ രാജ്യ

ത്തിൻെറ നാനാഭാഗങ്ങളിലും സ്ഥാപിക്കപ്പെട്ടിരുന്ന പ്രജാസഭകളും പ്രഭുസമാജങ്ങളും, ഈ കാലത്തു് കേവലം ബലഹീനങ്ങളായിത്തീരുകയും, അവരുടെ അധികാരങ്ങളെ ഇടപ്രഭുക്കന്മാർ അപഹരിക്കുകയും ചെയ്തു. ആയിടയ്ക്കാണ് ഉമയമ്മറാണി രാജ്യഭാരം ഏറ്റെടുത്തതു്. റാണിയെ സഹായിച്ച് രാജ്യത്തിലുള്ള അന്തഃഛിദ്രങ്ങളെ ഇല്ലാതാക്കുവാനായിട്ടാണു "പുരളീ വരവഞ്ചികേരളനരപാലൻ" എന്നു വാല്മീകിരാമായണ പരിഭാഷമുഖേന പ്രസിദ്ധനായിരിക്കുന്ന കേരളവർമ്മരാജാവു് കോട്ടയത്തുനിന്നും തിരുവനന്തപുരത്തേയ്ക്കു് പുറപ്പെട്ടതു്.

കോട്ടയത്തു രാജാക്കന്മാർ തിരുവിതാംകൂർ രാജവംശത്തിൻെറ ബന്ധുക്കളായിരുന്നുവെന്നുള്ള വിവരം ഇവിടെ പ്രസ്താവയോഗ്യമാകുന്നു. യോഗക്കാരുടെ അക്രമങ്ങളിൽ നിന്നും മുകിലൻെറ ആക്രമണത്തിൽ നിന്നും, ഉമയമ്മറാണിയേയും രാജ്യത്തേയും രക്ഷിക്കുന്ന മഹത്കൃത്യം അനുഗ്രഹത്തിനു വിശ്രമം അനുവദിച്ചില്ല. എന്നിട്ടും വാല്മീകിയുടെ വിശിഷ്ടകൃതിയെ മലയാളികളുടെ ഉപയോഗത്തിനായി തർജ്ജിമ ചെയ്വാൻ അദ്ദേഹത്തിനു സാധിച്ചു. അവിടത്തെ ഇതര കൃതിയായ വൈരാഗ്യചന്ദ്രോദയം ഹംസപ്പാട്ടും തിരുവനന്തപുരത്തുവച്ചു തന്നെയാണു നിർമ്മിച്ചതു്. തിരുവിതാംകൂർ രാജവംശത്തിനോടുള്ള അടുത്ത

സംബന്ധംകൊണ്ടും, തിരുവിതാംകൂർ ചരിത്രത്തിലുള്ള സ്ഥാനവിശേഷം കൊണ്ടും, അദ്ദേഹത്തിനെ നമ്മുടെ രാജാക്കന്മാരിൽ ഒരാളായിട്ടാണ് വിചാരിക്കേണ്ടത്.

കേരളവർമ്മ രാജാവിന്റെ കവിതാരീതി എഴുത്തച്ഛന്റെ പദ്യത്തെക്കാൾ സംഗ്രഹമായിട്ടുള്ളതാകുന്നു. എഴുത്തച്ഛന്റെ കവിതാരീതി ആപാദമധുരമാണെങ്കിലും അതിൽ നിസർഗ്ഗമായ ഗാംഭീര്യവും ഗഹനങ്ങളായ ആശയങ്ങളും അന്തർഭവിച്ചിരിക്കുന്നതുകൊണ്ട് ഭാഷാരീതിക്ക് അല്പം കാഠിന്യം വന്നുപോയിട്ടുണ്ട്.

"പൃഥ്വീശനാം ഭഗദത്തനെയ്തീടുന്ന
ശസ്ത്രങ്ങൾ പേടിച്ചുകന്നക്രൂരായുധം
അപ്രതിമപ്രഭാവപ്രബലേന്ദ്രനാ-
മഭ്രമാതംഗവീരഭ്രമണോപമം
സുപ്രതീകക്രമം കണ്ടു വാതാത്മജൻ.

പവിത്രാലയങ്ങളും വിചിത്രാസനങ്ങളും
ധവിത്രച്ഛത്രഗന്ധപാദുകാപടങ്ങളും
അഷ്ടാംഗബ്രഹ്മചര്യനിഷ്ഠപൂണ്ടീടുന്നോരു-
മഷ്ടാംഗയോഗത്തോടുകൂടിന യതികളും
ജാത്യാദിവൈരംവെടിഞ്ഞീടിന ജന്തുക്കളും
ജാത്യാദികസുമിതലതികാവലികളും
പ്രീത്യാകണ്ടുണ്ടായോരു പരമാനന്ദത്തോടും
രീത്യാസാത്വികാമാത്യമഞ്ജുളതരശത്യാ
നിത്യാസജ്ജനരീത്യാമനസ്സിൽപൂർണ്ണഭക്ത്യാ

സ്വാദ്ധ്യായശ്രവണസന്തുഷ്ടനായിമന്ദംമന്ദം
കാശ്യപതപോധനപുംഗവാശ്രമമകംപുക്കാൻ"

ഇത്യാദിഭാഗങ്ങൾ ഇതിനു ദൃഷ്ടാന്തമാകുന്നു. സംസ്കൃതഭാഷയിലുള്ള വ്യുൽപത്തിദാർഢ്യംകൊണ്ടും സ്വച്ഛന്ദവിഹാരചാതുര്യം കൊണ്ടും പണ്ഡിതാഗ്രേസരന്മാരായ നമ്പൂരിമാരുടെ ശ്രദ്ധയെ ആകർഷിക്കണമെന്നുള്ള ആഗ്രഹംകൊണ്ടുമായിരിക്കണം എഴുത്തച്ഛൻ സംസ്കൃതപ്രയോഗത്തിൽ അത്രമാത്രം അഭിരുചി കാണിച്ചിട്ടുള്ളത്. എന്നാൽ:—

"കോകനദമകരന്ദവിന്ദുപാനവുംചെയ്തു
കൂകുന്നപികകലപഞ്ചമംകേട്ടുകേട്ടും"
"വീണിതല്ലോകിടക്കുന്നുധരണിയിൽ
ശോണിതവുമണിഞ്ഞയ്യോശിവശിവ"
"മാതൃവചനം ശിരസാധരിച്ചുകൊ-
ണ്ടാദരവോടുതൊഴുതു സൌമിത്രിയും".

എന്നിപ്രകാരമുള്ള പ്രയോഗങ്ങളിൽ നിന്നു എഴുത്തച്ഛന്റെ അവതരണംകൊണ്ടു മലയാളഭാഷയ്ക്കുണ്ടായ മാഹാത്മ്യം വ്യക്തമാകുന്നുണ്ട്.

എഴുത്തച്ഛന്റെ കൃതികൾ വായിച്ചു മലയാളികൾ പൂതമാനസന്മാരായിത്തീരുന്നുണ്ട്. എന്നാൽ അദ്ദേഹത്തിന്റെ സാഹിത്യവനിതാരത്നത്തിന്നു സഹജഭൂഷണമായിരിക്കുന്ന മാധുര്യരാമണീയകങ്ങളെ അനുകരിപ്പാൻ അനഭിജ്ഞന്മാർക്കു കഴികയില്ല.

"പലരും പലവിധം ഭാഷയിൽ ചൊല്ലുന്നുണ്ടു
ഫലമെന്തതിലേററമിതിലെന്നും ചൊല്ലാം.
ശബ്ദാർത്ഥാലംകാരങ്ങൾ പാരമായിദീക്ഷിച്ചില്ല
ഗൂഢമായുള്ള പൊരുൾ മൂഢർക്കും തീരുമാ-
റൂഢവൈശദ്യമായി ചൊല്ലുവൻ മടിയാതെ"

എന്നിങ്ങനെ കേരളവർമ്മരാജാവു രാമായണപരിഭാഷയ്ക്കു പീഠികയായി പറയുന്നതു് ആ കാരണം കൊണ്ടുതന്നെയായിരിക്കണം. തന്റെ കൃതികൾ സാധാരണന്മാരുടെ പാരായണത്തിന് യോഗ്യമായിത്തീരണമെന്നുള്ള അത്യാഗ്രഹം അദ്ദേഹത്തിന്റെ ആശയത്തിൽ സദാ ഉണ്ടായിരുന്നു. വൈരാഗ്യചന്ദ്രോദയം രചിച്ചതിന്റെ ഉദ്ദേശവും ഇതുതന്നെയാണു്. കാവ്യരചനയുടെ ഉദ്ദേശം വായനക്കാരെ കുതൂഹലാക്രാന്തമനസ്സുകളാക്കി, അവർക്കു ജ്ഞാനദാനം ചെയ്കയാണെന്നു് സാഹിത്യസാരവേദിയായ ഡാക്ടർ ജാൺസൺ പ്രസ്താവിച്ചിട്ടുണ്ടു്. കേരളവർമ്മരാജാവിന്റെ ഉദ്ദേശം ഈ തത്വവിശേഷത്തിന് അനുകൂലമായിരിക്കുന്നു എന്നും അദ്ദേഹം കവിയശഃപ്രാപ്തിയായിട്ടല്ല കാവ്യനിർമ്മിതിയിൽ പ്രവേശിച്ചതെന്നും അദ്ദേഹത്തിന്റെ കവിതകളിൽനിന്നു മനസ്സിലാക്കാവുന്നതാണു്. എങ്കിലും അദ്ദേഹത്തിന്റെ കൃതികൾക്കു് അപരിമിതമായ ഒരു മാധുര്യവും സ

ഹൃദയന്മാരെ സന്തോഷാകുലചിത്തരാക്കിത്തീർക്കുക സാരള്യവും ഉണ്ടെന്നുള്ളതിനു സംശയമില്ല.

"ജനങ്ങളൊക്കയും നിറഞ്ഞുനിൽക്കവേ
ജനകപുത്രിയെവിളിച്ചു കൌസല്യ
അണച്ചുസാദരം മണത്തു മൂർദ്ധാവിൽ
തണുത്തുമെല്ലവെ വദിച്ചു ഖിന്നയായ്."

ഇത്യാദി ഭാഗങ്ങൾ കവിതാവനിതയ്ക്കു് അനശ്വരങ്ങളായ അലങ്കാരങ്ങളാകുന്നു.

രാജ്യകാര്യധുരന്ധരനും, പ്രജാക്ഷേമതല്പരനും, സാഹിത്യവല്ലഭനും, അജ്ഞാനാന്ധകാരത്തിന്ന് ആദിത്യനും ആയിരുന്ന ഈ രാജാവിനു വളരെക്കാലം ജീവിച്ചിരിക്കുവാൻ കഴിയാഞ്ഞതു മലയാളരാജ്യവാസികളുടെയും വിശിഷ്യ, വഞ്ചിനാട്ടുകാരുടെയും ഭാഗ്യദോഷം തന്നെ. അദ്ദേഹത്തിന്റെ മരണം പൊട്ടുന്നനവെയുള്ള ഒരു സംഭവം ആയിരുന്നു. ഒരു ദിവസം രാത്രി കൊട്ടാരത്തിൽ നിന്നു പോകും വഴിക്കു അദ്ദേഹം ശത്രുക്കളുടെ ഖഡ്ഗങ്ങളാൽ മൃതനായി.

സ്വാധികാരം ഉറപ്പിക്കുന്നതിനായി സാഹസം ചെയ്തുകൊണ്ടിരുന്ന മനുഷ്യമൂർത്തികൾ ഈ ബലികൊണ്ടു തൃപ്തിപ്പെട്ടില്ല. സ്വാഗതസ്വാതന്ത്ര്യസാഗരത്തിൽ നിർഭയം മുങ്ങിക്കുളിച്ചു പുളച്ചിരുന്ന പ്രഭുക്കന്മാർ രാജാധികാരത്തെ പ്രജാസമൂഹങ്ങളുടെ ഭക്തിവാ

ത്സവാദികളിൽ നിന്നും നിഷ്കാസനം ചെയ്‌വാൻ പരിശ്രമിച്ചുകൊണ്ടിരുന്നു. മരുമക്കത്തായക്രമംകൊണ്ടും, നാടുവാണിരുന്ന മഹാരാജാവിന്റെ ദുരാഗ്രഹവശവർത്തികളായ പുത്രന്മാരെക്കൊണ്ടും ഈ രാജ്യത്തിന്റെ അനാഥമായ ദുരവസ്ഥയാൽ ഇവിടേയ്ക്കു ആകർഷിക്കപ്പെട്ടവരായ വിദേശീയരുടെ ആക്രമണങ്ങൾകൊണ്ടും, തിരുവിതാംകൂറിനുണ്ടായ കഷ്ടതകൾ കേരളവാസികൾക്കു പൊതുവെ അറിയാവുന്നതാണല്ലോ.

സ്ഥാനരക്ഷയും, പ്രാണരക്ഷയുംകൂടി പ്രയാസസാദ്ധ്യമായിരുന്ന അക്കാലത്തു തിരുവിതാംകൂറിനെ ഭരിച്ചിരുന്ന മഹാരാജാക്കന്മാർ സാരസ്വതകലാപ്രവർത്തകന്മാരായി കാണുന്നതിൽ വിശേഷം ആശ്ചര്യപ്പെടുവാനില്ല. അന്ധകാരവ്യാപകങ്ങളായ കാർമ്മേഘപടലങ്ങളാൽ ആച്ഛാദിതമായ അംബരത്തെപ്പോലെ ശത്രുസമൂഹങ്ങളുടെ കൈതവപ്രവൃത്തികളാൽ ബാധിതപ്രകാശമായിരുന്ന തിരുവിതാംകൂർ രാജവംശത്തെ വീണ്ടും പ്രശോഭിക്കുവാൻ മാർത്താണ്ഡതേജസ്വിയായ മാർത്താണ്ഡവർമ്മ മഹാരാജാവിനേ സാദ്ധ്യമായിരുന്നുള്ളൂ. രാജശേഖരനായ ഈ രാജമാർത്താണ്ഡന്റെ ഉദയം വൈരികൾക്കു കല്പാന്തകാലം തന്നെയായിരുന്നു. തിരുവിതാംകൂറിന്റെ പുണ്യപൂരത്തിന്റെ അവതാരമായ പത്മനാഭദാസൻ സ്വ

വംശത്തിന്റേയും, പ്രജകളുടേയും ഉൽക്കർഷത്തിനായി പലവിധമായ ക്ലേശങ്ങൾ അനുഭവിച്ചു എങ്കിലും, അന്തർവ്വാഹിനിയായ ഉൽകൃഷ്ടശക്തിയുടെ വിലാസം നിമിത്തം അവിടുന്നു പർവ്വതപ്രായങ്ങളായിരുന്ന അപായങ്ങളെ അതിലംഘിച്ചു, വൈരികളായ വിഷധരന്മാരെ പ്രമർദ്ദനം ചെയ്തു കേരളലോകത്തെ പരിപാലിച്ചു. ആ തിരുമേനിയുടെ കിരീടം മററാർക്കായാലും ദുർലഭമായ ഭാഗ്യമായ്ത്തീരുമായിരുന്നു. തമ്പിമാരുടെ കപടനയങ്ങളും, ഇടപ്രഭുക്കന്മാരുടെ ധീരപ്രവൃത്തികളും, മാതുലന്റെ ആലസ്യത്താലുള്ള മനഃക്ലേശങ്ങളും, ശമ്പളം വാങ്ങുന്നതിൽ വ്യാകുലന്മാരായ മധ്യപട്ടാളക്കാരുടെ ആവലാതികളും ജയിച്ചു രാജ്യഭക്തിയുള്ള നാട്ടുകാരുടെ പരിശ്രമം കൊണ്ടു നിർമ്മിക്കപ്പെട്ട ശത്രുനിവാരണമായ നെടുങ്കോട്ടയിൽ കൂടി തന്റെ പൂർവ്വികന്മാരുടെ സിംഹാസനത്തിൽ ചെന്നുചേർന്നതിന്റെ ശേഷവും അവിടത്തേയ്ക്കു സൌഖ്യമുണ്ടായില്ല. അയൽ രാജാക്കന്മാരെ ജയിച്ചു സാമ്രാജ്യത്തെ വിസ്തീർണ്ണമാക്കുന്നതിന് അവിടത്തേയ്ക്ക് അളവററതായ ആഗ്രഹം ഉണ്ടായിരുന്നതിനാൽ അവിടുന്നു യുദ്ധങ്ങളെ തീരെ മററാക്കിത്തീർത്തു. അതിനാൽ ഭൂവല്ലഭത്വത്തോടുകൂടി കലാവല്ലഭത്വത്തെ യോജിപ്പിക്കുവാൻ അവിടത്തേയ്ക്കു വളരെ സൌകര്യമുണ്ടായിരുന്നില്ല.

എന്നിട്ടും അവിടത്തെ കാലത്തു് തിരുവനന്തപുരം രാജധാനിയിൽ വസന്തരാമണീയകത്താൽ മനസ്സലിഞ്ഞു കമ്രകൂജിതങ്ങളെ ഉൽഗമിപ്പിച്ച കവികളകണ്ഠങ്ങൾ ഉണ്ടായിരുന്നു. അവരിൽ പ്രഥമഗണനീയൻ വിശ്രുതനായ കുഞ്ചൻനമ്പ്യാരായിരുന്നു. ചെമ്പകശ്ശേരിരാജ്യം തിരുവിതാംകൂർ രാജവംശത്തിനു സ്വാധീനപ്പെട്ടപ്പോൾ അമൃതത്തിനുള്ള അരി വിളയുന്ന കുട്ടനാടും, കാവ്യാമൃതം തൂകുന്ന കുഞ്ചൻനമ്പ്യാരും ലഭിക്കാനിടയായി. അക്ഷരാവലിയ്ക്കും പാതിവ്രത്യം കാവാനല്ലല്ലോ. അതുപോലെ കവികൾക്കു തങ്ങളുടെ രക്ഷിതാക്കന്മാർക്കു സംഭവിക്കുന്ന ദൌർഭാഗ്യത്തിൽ പങ്കുകൊണ്ടു തൃപ്തിപ്പെട്ടിരുന്ന സ്വഭാവം വളരെ അപൂർവ്വമാകുന്നു. അതിനാൽ ബാല്യകാലം മുതൽക്കേ തന്നെ നമ്പ്യാരെ രക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന

"ചെമ്പകനാട്ടിനലങ്കാരഭൂതനാം
തമ്പുരാൻ ദേവനാരായണസ്വാമിയെ"

പരാജയപ്പെടുത്തിയ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ ഛായയെ പ്രതീക്ഷിക്കുവാൻ നമ്പ്യാർക്കു വളരെ സന്തോഷകരമാവുന്നായിരുന്നില്ല. മഹാരാജാവിന്റെ വിശ്വസ്തമിത്രമായിരുന്ന മാത്തൂർപ്പണിക്കർ, നമ്പ്യാർക്കു അവിടത്തെ സംരക്ഷണയിലേയ്ക്കുള്ള പ്രവേശദ്വാരം തുറക്കുകയും ചെയ്തു. ലബ്ധതാമിത്ര്യൻ ഭൂവഭൃതി

യെന്നപോലെ; മാർത്താണ്ഡവർമ്മ മഹാരാജാവു കുഞ്ചൻനമ്പ്യാരെ ബഹുമാനിച്ചു.

നമ്പ്യാർ തിരുവനന്തപുരത്തു താമസിച്ചിരുന്ന കാലത്തു നിർമ്മിച്ച കവിതകളിൽ മഹാരാജാവിന്റെ രാജ്യഭരണരീതിയെപ്പററി വളരെ പ്രശംസിച്ചിട്ടുണ്ടു. ഹനുമദ്ദൂതതുള്ളലും, ഹരിണീസ്വയംവരം തുള്ളലും മഹാരാജാവിന്റെ പ്രേരണനിമിത്തം മന്ത്രിവര്യനായ അയ്യപ്പൻ മാർത്താണ്ഡപ്പിള്ളയുടെ നിർദ്ദേശത്താൽ നിർമ്മിക്കപ്പെട്ടിട്ടുള്ളതായിക്കാണുന്നു. അയ്യപ്പൻ മാർത്താണ്ഡപ്പിള്ള ദളവ, വലിയ യോദ്ധാവും, രണനിപുണനും, ദീനദയാലുവും, സാഹിത്യരസജ്ഞനും ആയിരുന്നു. അദ്ദേഹത്തിന്റെ അകാലനിർയ്യാണത്താൽ വഞ്ചിരാജ്യത്തിനും, കേരളഭാഷയ്ക്കും ഗണനാതീതമായ നഷ്ടം സംഭവിച്ചിട്ടുണ്ടു.

മാർത്താണ്ഡവർമ്മമഹാരാജാവു സദാകാലവും കവികളുടെ ഉദാരനായ രക്ഷിതാവായിരുന്നു. മലയാളത്തിലുള്ള ശ്രേഷ്ഠമായ കവിതകളിൽ ഒന്നായ കുചേലവൃത്തം വഞ്ചിപ്പാട്ടു് അവിടത്തെ അപരിമിതമായ സഹൃദയത്വം നിമിത്തം ഉണ്ടായിട്ടുള്ളതാണു്. ദാരിദ്ര്യദുഃഖത്തിൽ മൂക്കോളം മുങ്ങി ബുദ്ധിമുട്ടിക്കിടന്നിരുന്ന രാമപുരത്തു വാര്യർ ഏതാനും ശ്ലോകങ്ങൾ ഉണ്ടാക്കിക്കൊണ്ടുവന്നു് അടിയറ വച്ചപ്പോൾ ആ ശ്ലോകങ്ങളുടെ രചയിതാവു് അതിവാസ

കാരനാണെന്നു മനസ്സിലാക്കി തന്റെ ഒരുമിച്ചു വഞ്ചിയിൽകയററി തിരുവനന്തപുരത്തേക്കു കൊണ്ടുപോന്നിരുന്നില്ലെങ്കിൽ ഈ പ്രശസ്തമായ കവിത നമുക്കു ലഭിക്കുമായിരുന്നില്ല.

"വാണീഗുണംകൊണ്ടാരേയും പ്രീണിപ്പിക്കും വഞ്ചിവഞ്ജപാണി" ക്കിന്നുമാകാത്തവണ്ണം മഹാജനങ്ങൾക്കു ഒരുത്തമ പാഠമായ കഥയെ വഞ്ചിപ്പാട്ടായിട്ടുണ്ടാക്കി, തന്റെ കവിതയാകുന്ന വഞ്ചിയിൽ മഹാരാജാവിനെ കയററി തിരുവനന്തപുരത്തേയ്ക്കു കൊണ്ടുവന്ന യശസ്വീമനായ രാമപുരത്തു വാര്യർ ഒരു ശ്രേഷ്ഠകവിയാകുന്ന മഹാരാജാവിന്റെ പ്രത്യേകമായ പ്രസാദം നിമിത്തം വാര്യർ പ്രകടിപ്പിച്ച സരസ്വതീപ്രസാദത്തെപ്പററി ഇവിടെ അല്പമായി പ്രസ്താവിച്ചുകൊള്ളുന്നു.

ഈ കവിത അസാധാരണമായ ഭാഷാസൌഷ്ഠവം കൊണ്ടും, അത്യുൽകൃഷ്ടമായ ആശയബഹുലത കൊണ്ടും പ്രശോഭിതമായിരിക്കുന്നു.

"ഇല്ല ദാരിദ്ര്യാർത്തിയോളം വലുതായിട്ടൊ-
രാർത്തിയും
ഇല്ലംവിന്നു കുഞ്ഞുമാറായതും കണ്ടാലും"

എന്നു രോദനംചെയ്യുന്ന ധർമ്മപത്നിയുടെ അപേക്ഷ കേട്ടു പരിതപ്തമാനസനായി ചമഞ്ഞ സാധുബ്രാഹ്മണൻ മായാമനുഷനായ ശ്രീ കൃഷ്ണനെ കാണ്മാനായി പുറപ്പെടുന്നു.

"നാഴികതോറും വളരും ഭക്തി നാഴികമാന
മാഴിയിങ്കലുടനുടൻ മുഴുകുകയും" [ഉന്മ-
ജ്ജനം ചെയ്തും നിമജ്ജനം ചെയ്തും] അദ്ദേഹം
ദ്വാരകയിൽ ചെല്ലുന്നു. വളരെക്കാലമായിചെ
ന്നു കാണ്മാനില്ലാത്തതുകൊണ്ടു തന്റെ അപേ
ക്ഷയെ ശ്രീ കൃഷ്ണനെ അറിയിക്കുമ്പോഴും,

"നാളീകം കരിമ്പനമേലയ്ക്കുപോലാകും"

എന്നു ബ്രാഹ്മണന്റെമനസ്സിൽശങ്കയുണ്ടാകുന്നു.

"പട്ടിണികൊണ്ടുമെലിഞ്ഞ പണ്ഡിതനു
ഗുരുസ്ഥലീ
പട്ടണം കണ്ടപ്പോഴെ വിശപ്പും ദാഹവും
പെട്ടെന്നകന്നു, വെന്നല്ല ഭക്തികൊണ്ടെന്നി
യെപണി-
പ്പെട്ടാലുമൊഴിയാത്ത ഭവാർത്തിയും തീർന്നു"

രാമാനുജാഞ്ചിതരാജധാനിസൽക്കരിച്ചേകിയ
രോമാഞ്ചകഞ്ചുകപ്രായമിറന്നായിച്ചെഞ്ചെമ്മെ
സീമാതീതാനന്ദാശ്രുവിൽ കുളിക്കകൊണ്ടു
കുചേല
ഛോമാതിരിക്കുളെ ചുമടായിച്ചമഞ്ഞു."

തന്റെ പ്രിയവയസ്യനെ കണ്ടപ്പോഴും
ശ്രീകൃഷ്ണനുണ്ടാകുന്ന സന്തോഷവും അദ്ദേ
ഹത്തിനു നൽകുന്ന സൽക്കാരവും, വിയർപ്പു
നാറുന്ന സതീർത്ഥ്യനെ ഭഗവാൻ പുണരുന്ന
തും, സന്തപ്തമാനസമായ ആ സാധുവിനെ
ലക്ഷ്മീഭഗവതി തന്നത്താൻ താലവൃന്തംകൊ
ണ്ടു വീശുന്നതും, ത്രൈലോക്യനാഥനായശ്രീട

കൃഷ്ണൻ സതീൎത്ഥ്യനോടു കുട്ടിക്കാലത്തെ വൎത്തമാനങ്ങൾ പറയുന്നതും, കീറിപ്പറിഞ്ഞ വസ്ത്രത്തിൽ പൊതിഞ്ഞുവച്ചിരുന്ന അവൽ എടുത്തു ഭുജിക്കുന്നതും അതിവാസനക്കാരനായ കവിയുടെ വാഗ്വിലാസത്തിൽക്കൂടി നമ്മുടെ മനസ്സിൽ പതിയുമ്പോൾ രോമാഞ്ചമോ, ദേഹമാസകലം പെട്ടെന്നൊരു വിറയലോ ഉണ്ടാകുന്നു. സൽക്കാരത്താൽ മനസ്സു മാറിപ്പോയ വിപ്രൻ തന്റെ അപേക്ഷ അറിയിക്കാതെ തിരിച്ചുപ്പോരുന്നതും, വഴിക്കുവച്ചു പട്ടിണികിടക്കുന്ന തന്റെ ഭാൎയ്യയെയും കുട്ടികളെയും വിചാരിച്ചു വ്യസനിക്കുന്നതും വളരെ അനുഭവപ്രധാനമായിരിക്കുന്നു.

കുചേലവൃത്താന്തകഥ ഇവിടെ പറഞ്ഞിട്ടു് ആവശ്യമില്ലെങ്കിലും കവിതാഗുണം കാണിക്കാനായിട്ടാണു് ഇത്രയും പറഞ്ഞുപോയതു്. കവിയുടെ മനോഗതിയിൽ, അസാദ്ധ്യമായിട്ടുള്ളതിനെ സാദ്ധ്യമാക്കാനുള്ള ശക്തി സഹജമാകുന്ന മഹാരാജാവിന്റെ ആജ്ഞയാൽ ഒററക്കല്ലിങ്ങോടിവന്നു മുഖമണ്ഡപീഭവിക്കുന്നു. മതിൽക്കകം പണിയുന്നതിനു് ഉപയോഗിച്ചിട്ടുള്ള കല്ലും മരവും ദിവ്യരത്നമാണെന്നു തോന്നാത്തവർ വെറും പാപികളാണെന്നു കവി നിർദ്ദേശിക്കുന്നു. ഇപ്രകാരം നിരങ്കുശമായ വാസനാവിശേഷംകൊണ്ടു മാൎത്താണ്ഡവൎമ്മ മഹാരാജാവിനെ സന്തോഷിപ്പിച്ചു ക

വിക്കു് അവിട്ടുന്ന കുതൂഹലചിത്തനായി ഭവനം പണിയിക്കുകയും, വസ്തുക്കൾ കരമൊഴിവായി കൊടുക്കുകയും ചെയ്തതായി ഐതിഹ്യമുണ്ടു്. തിരുവിതാംകൂർ സ്ഥാനത്തിന്റെ നിർമ്മാതാക്കന്മാരിൽ ഏറ്റവും ഖ്യാതിമാനായിത്തീന്നിരിക്കുന്ന ആ മഹാരാജാവു് മലയാളഭാഷയുടെ അഭിവൃദ്ധിക്കുവേണ്ടി ഇത്രയൊക്കെ പ്രയത്നിച്ചിട്ടുള്ളതു നോക്കുമ്പോൾ നാട്ടുകാർക്കു് അദ്ദേഹത്തോടുള്ള കൃതജ്ഞതയും ഭക്തിയും ചിരഞ്ജീവിക്കുന്നു.

ബാല്യംകാലം മുതൽക്കു തുടങ്ങിയ പലവിധയത്നങ്ങളും ബുദ്ധിമുട്ടുകളാലും, നിരന്തരമായ അദ്ധ്വാനത്താലും ചെറുപ്പത്തിലെ വയസ്സുചെന്നുപോയ മാർത്താണ്ഡവർമ്മമഹാരാജാവു് ൯൩൩-ൽ നാടുനീങ്ങുകയും ഭാഗിനേയനായ കാർത്തികതിരുനാൾ മഹാരാജാവു് ഭൂദേവിയുടേയും സരസ്വതിയുടേയും വല്ലഭനായിത്തീരുകയും ചെയ്തു.

പ്രജകളുടെ പിതാവെന്ന സ്ഥാനപ്പേരു് സമ്പാദിച്ച ആ തിരുമേനി കൊല്ലവർഷം 895-ൽ ജനിച്ചു ബാല്യത്തിലേതന്നെ അവിട്ടുന്ന സംസ്കൃതം, ഹിന്ദുസ്ഥാനി, പർഷ്യൻ മുതലായ പൌരസ്ത്യഭാഷകളിൽ അനല്പമായ അറിവു സമ്പാദിച്ചു. 917-ാംമാണ്ടു കായംകുളവുമായുണ്ടായ യുദ്ധത്തിൽ അവിട്ടുന്ന സേനാനായകത്വം വഹിച്ചിരുന്നു. മാർത്താണ്ഡവർമ്മ

ഹാരാജാവ് അയൽരാജ്യങ്ങളെ കീഴടക്കിയെങ്കിലും, ശാശ്വതമായ സമാധാനത്തെ ഉറപ്പിച്ചു പ്രജാസമൂഹത്തിനു സ്ഥിരവർദ്ധിതമായ അഭ്യുദയത്തെ ഉണ്ടാക്കിത്തീർത്തു രാമവർമ്മമഹാരാജാവായിരുന്നു. രാജാകേശവദാസൻ മന്ത്രിസ്ഥാനത്തെ പ്രാപിക്കുന്നതിനു മുമ്പും ചെമ്പകരാമൻപിള്ള, താണുപിള്ള, ഡില്ലനായി മുതലായ മഹാശയന്മാരുടെ ബുദ്ധിശക്തിയും സ്വാമിഭക്തിയും അവിടത്തെ ആജ്ഞയ്ക്കു നിവേദിതമായിരുന്നു. എന്നിട്ടും രാജ്യാഭിമാനിയായ മഹാരാജാവു് തന്നത്താൻ മുഷിഞ്ഞു രാജ്യരക്ഷ ചെയ്തു.

നൂതനമായി സ്വാധീനപ്പെട്ട ദേശങ്ങളുടെ രക്ഷണത്തിനു വേണ്ട ഏർപ്പാടുകൾ ചെയ്യാനും തിരുവിതാംകൂറിനെ ആക്രമിച്ച ഭയങ്കരനായ മൈസൂർ കടുവായുടെ അഴിമതികളെ തടയുവാനും, അവിടത്തേയ്ക്കു എത്രത്തോളം സമയവും അദ്ധ്വാനവും വേണ്ടിവന്നിരിക്കാമെന്നു നമുക്കു എളുപ്പത്തിൽ ഊഹിക്കാവുന്നതാണല്ലോ. എന്നാൽ ക്ലേശകരങ്ങളും വിപൽഭൂയിഷ്ഠങ്ങളുമായിരുന്ന കാലങ്ങളിൽപോലും കാർത്തികതിരുനാൾ മഹാരാജാവു കവിതാവനിതയെ അനാദരിച്ചില്ല.

പത്താംശതവർഷത്തിൽ കാവ്യകാരകന്മാരുടെ സാമർത്ഥ്യപ്രകടനം കഥകളിപ്പാട്ടുകളുടെ നിർമ്മിതിയിൽ ആയിരുന്നു. തുള്ളക്കഥ

കൾ നിൎമ്മിക്കുവാനായി സരസ്വതീദേവി പാൽകൊടുത്തു വളൎത്തിയ കുഞ്ചൻനമ്പ്യാർ പോലും മാതാവിന്റെ വരപ്രസാദത്തിന്നു വിപരീതമായി കഥകളിപ്പാട്ടുണ്ടാക്കിനോക്കുമ്പോൾ അന്നത്തെ സൂരികൾക്കു ആട്ടക്കഥാരചനയിൽ എത്രത്തോളം ആസക്തിയുണ്ടായിരുന്നു എന്നുള്ളതു നമുക്കു മനസ്സിലാക്കാവുന്നതാണു്. കൊട്ടാരക്കരെത്തമ്പുരാൻ രാമായണകഥയെ എന്നപോലെ കാൎത്തികതിരുനാൾ മഹാരാജാവു് ഭാരതത്തിലുള്ള അനേകം കഥകളെ ആട്ടക്കഥകളായി രചിച്ചിട്ടുണ്ടു്.

അവിടുത്തെ കൃതികൾ കൊട്ടാരക്കരെത്തമ്പുരാന്റെ കൃതികളെക്കാൾ ശ്രേഷ്ഠതരങ്ങളാണു്. ഭാഷാരീതിക്കു ഉപരിയായ ഗൌരവം സമ്പാദിച്ചിട്ടുള്ളതു് ഉൽകൃഷ്ടമായ കവിതാശക്തിന്റെ ഫലമാകുന്നു. അവിടുത്തെ ശൃംഗാരപദങ്ങൾ ആധുനികരുചിയാകുന്ന മാനദണ്ഡം വച്ചുനോക്കിയാൽ കുറെ അധികം ഗ്രാമ്യമായിപ്പോയെന്നു വിചാരിക്കാതെ തരമില്ല. എന്നാൽ അക്കാലത്തേയും ഇക്കാലത്തേയും സന്മാൎഗ്ഗബോധം വളരെ ഭിന്നമായിരിക്കുന്നതിനാൽ അതിനെപ്പററി അനാദരമായി അഭിപ്രായപ്പെടുന്നതു കുററകരമായ കൃതഘ്നതയാകുന്നു. കഥകളിപ്പാട്ടുകളിൽ ഇദാനീന്തനന്മാൎക്കു പോലും സംഭോഗശൃംഗാരാധിക്യം വിരോധമില്ലെന്നുള്ള പരിചയവും വിസ്മരിക്കാവുന്നതല്ല.

അവിടത്തെ ശൃംഗാരപദങ്ങളിലുള്ള മധുരമായ പദപ്രയോഗത്തിനു ഘോരദംഷ്ട്രീകണയായ നക്രതുണ്ഡി, സുന്ദരവേഷം ധരിക്കുമ്പോഴും ഉള്ള വർണ്ണന ഒരു നല്ല ദൃഷ്ടാന്തമാകുന്നു. അതു താഴെ ചേർത്തുകൊള്ളുന്നു.

“മല്ലികാമുകളമേതാപകേതിയും
നല്ലവില്ലോടുമല്ലിട്ടുന്നോരു-
ചില്ലിവല്ലാസ്യഭംഗിയും
ഫുല്ലകുവലയനേത്രശോഭയും
കല്യ,നല്ലകളഹംസംപോലെ
മന്ദഗതിതേടിയും
ചിന്തമിയലുന്ന കംബുകന്ധരം
അവൾ ചെന്താർശരനികരത്തിനൊരു
പഞ്ജരം.”

തിരുമനസ്സിലെ പോരിനവിളികൾ കോട്ടയത്തു തമ്പുരാന്റെയോ ഇരയിമ്മൻതമ്പിയുടെയോ കൃതികളോടു താരതമ്യപ്പെടുത്തിനോക്കുമ്പോൾ വളരെ ശ്ലാഘ്യമല്ലെങ്കിലും ഇരട്ടക്കുളങ്ങര വാര്യർ മുതലായവരുടെ കൃതികളെക്കാൾ ഉപരിയായിരിക്കുന്നു.

കാർത്തികതിരുനാൾ മഹാരാജാവിന്റെ കാലത്ത് അനേകം കവികൾ തിരുവിതാംകൂർ മഹാരാജാക്കന്മാരെ ആശ്രയിച്ചു താമസിച്ചിരുന്നു. ഇടവക്കോട്ടു നമ്പൂരിമാർ എന്ന രണ്ടു ജ്യേഷ്ഠാനുജന്മാർ അവിടത്തെ ആശ്രയിച്ചു താമസിക്കുകയും, ബാണയുദ്ധം, വൈശാഖപുരാ

ണനം എന്നു രണ്ടു് ആട്ടക്കഥകൾ രചിക്കുകയും ചെയ്തിട്ടുണ്ടു്. ചാതകസന്ദേശം, സുഭഗസന്ദേശം എന്നു രണ്ടു സംസ്കൃത കാവ്യങ്ങളും അവിടത്തെ പ്രോത്സാഹനം ലഭിച്ചു രണ്ടു നമ്പൂരിമാരുടെ കൃതികളാകുന്നു. അമ്പലപ്പുഴക്കാരനും കിരാതം ആട്ടക്കഥയുടെ കർത്താവുമായ ഇരട്ടക്കുളങ്ങര വാര്യർക്കും മഹാരാജാവിന്റെ പ്രോത്സാഹനം ലഭിച്ചിട്ടുള്ളതായിക്കാണുന്നു. വാര്യർ ചിത്രമെഴുത്തിലും നിപുണനായിരുന്നു. കിരാതം കഥ സാധാരണമായി ആടിക്കാറുണ്ടു്. അതു കഥയുടെ വിശേഷംകൊണ്ടെന്നല്ലാതെ കവിതാഗുണംകൊണ്ടാണെന്നു പറവാൻ തരമില്ല. കവി അതിവിദ്വാനായിരുന്നു എന്നു വിചാരിക്കുവാനും നിവൃത്തിയില്ല. അന്യ കഥകളിപ്പാട്ടുകളെ അപേക്ഷിച്ചു കിരാതത്തിൽ സംസ്കൃതം കുറവാകുന്നു.

അമ്പലപ്പുഴക്കാരനായ മണ്ഡപപ്പിള്ളയിൽ ഇട്ടിരാരിശ്ശമേനോൻ എന്നൊരു കവി സന്താനഗോപാലം, രുഗ്മാംഗദചരിതം എന്നു് രണ്ടു് ആട്ടക്കഥകൾ ഉണ്ടാക്കി മഹാരാജാവിനു് അടിയറവെക്കുകയും ആദരണീയനായ കവിക്കു കല്പിച്ചു അറുപതുപറ നിലം കരമൊഴിവായി വിട്ടുകൊടുക്കുകയും ചെയ്തു. മേനോന്റെ കവിത രസഭൂയിഷ്ഠമാകുന്നു. ഉദാഹരണമായി സന്താനഗോപാലത്തിൽനിന്നും ഒരു ഭാഗം താഴെ ചേർക്കുന്നു.

ജീവിതനായക വന്ദേ താവകപാദയുഗെ
സാവധാനമെന്മൊഴി കേവലം ശ്രവിച്ചാലും
പൂൎണ്ണമായിതുഗൎഭം പ്രസവമാസന്നകാലം
മൂന്നാളിന്നിപ്പുറമെന്നവംമന്യെ
കണ്ണനവരിയാമശാൎങ്ഗഗാണ്ഡീവധന്വാവിനെ
പുണ്യവാരിധെ ചെന്നുവരുത്തുക വൈകാതെ
വളരുന്ന പരിതാപം തളരുന്നു മമ ദേഹം
ഇളകുന്നു ജഠരവും വിലസുന്നു ശിശുവും
പാദമൊന്നു നടപ്പാനും പണിയായെന്നുവന്നുമെ
വിധമൊന്നുപകന്നിപ്പോൾ കാണുന്നുകാന്ത-"

മഹാരാജാവിന്റെ ബന്ധുക്കളിൽ ഒരാളായ കിളിമാനൂർ രവിവൎമ്മക്കോയിത്തമ്പുരാൻ സാമാന്യം നല്ല ഒരു കവിയും വിദ്വാനും ആയിരുന്നു.

"മുല്ലപ്പൂമ്പൊടിയേറ്റുകിടക്കും
കല്ലിനുമുണ്ടാമൊരു സൌരഭ്യം"

എന്ന ആപ്തവാക്യംപോലെ വിജ്ഞന്മാരുടെ സംസൎഗ്ഗത്തിൽ കാലയാപനം ചെയ്യുന്ന അനഭിജ്ഞന്മാർ, കാലക്രമംകൊണ്ട് അഭിജ്ഞന്മാരായിത്തീരുമെന്നുള്ള വസ്തുതയെ ഉദാഹരിക്കുന്നതായി രവിവൎമ്മൻ കോയിത്തമ്പുരാനെക്കുറിച്ച് ഒരു ഐതിഹ്യം ഉണ്ട്. പള്ളിക്കെട്ടുകഴിക്കുന്ന സമയം അദ്ദേഹത്തിനു തീരെ വ്യുല്പത്തി ഉണ്ടായിരുന്നില്ലത്രെ. ഒരു ദിവസം പണ്ഡിതാലംകൃതമായ രാജസദസ്സിൽ വച്ചു കോയിത്തമ്പുരാൻ തന്റെ വ്യുല്പത്തിക്കുറവുനിമി

ത്തം കണ്ഠിതനായിത്തീൎന്നു. ഇത്ഥമവസ്ഥയെത്താൽ അപഹൃതനായ അദ്ദേഹം മഹാരാജാവിന്റെ അനുമതിയോടുകൂടി കിളിമാനൂർ പോയി താമസിച്ചു സംസ്കൃതം വായിക്കുകയും അനന്തരം കംസവധം, രുഗ്മിണീസ്വയംവരം എന്ന രണ്ടു ആട്ടക്കഥകൾ ഉണ്ടാക്കി മഹാരാജാവിനെ കാണിക്കുകയും ചെയ്തു എന്നും അവിടുന്നു കോയിത്തമ്പുരാന്റെ കവിതയെ വളരെ പ്രശംസിച്ചു എന്നും പറയപ്പെട്ടിരിക്കുന്നു.

കവിപുംഗവനായ അശ്വതിതിരുനാൾ ഇളയതമ്പുരാനുണ്ടാക്കിയ രുഗ്മിണീസ്വയംവരത്തിന്റെ പ്രചാരം നിമിത്തം അവിടത്തെ പിതാവായ കോയിത്തമ്പുരാന്റെ രുഗ്മിണീസ്വയംവരം കഥകളി വിസ്മൃതമായിപ്പോയിട്ടുണ്ട്. എന്നാൽ കംസവധം സാധാരണമായി അഭിനയിക്കപ്പെടാറുള്ളതും അതിലെ കവിത അനവദ്യവും ആകുന്നു. ഈ കൃതി വായിക്കുന്ന ആളുകൾക്കു കോയിത്തമ്പുരാന് ആദ്യകാലത്തുണ്ടായിരുന്ന അഭിജ്ഞത വിശ്വാസയോഗ്യമായി തോന്നുന്നില്ല.

# തിരുവിതാംകൂർ രാജവംശവും മലയാളഭാഷയും

## മൂന്നാംഭാഗം

കാർത്തികതിരുനാൾ മഹാരാജാവിന്റെ രാജ്യഭരണകാലത്തിൽ അനേകം കവികൾ തിരുവനന്തപുരം രാജധാനിയിൽ ആശ്രയിച്ചു് താമസിച്ചിരുന്നുവെങ്കിലും അവർ എല്ലാവരും കുഞ്ചൻനമ്പ്യാർ, ഉണ്ണായിവാര്യർ എന്നിവരെപ്പോലെ മഹാകവികളായിരുന്നില്ല. എന്നാൽ അവിടത്തെ ഭാഗിനേയനായ അശ്വതിതിരുനാൾ ഇളയതമ്പുരാന്റെ കവിത്വത്തിൽ ആ മഹാനുഭാവന്മാരോടു സമത്വം സിദ്ധിച്ചിട്ടുണ്ടു്. അംബരീഷചരിതം, പൌണ്ഡ്രകവധം, രുഗ്മിണീസ്വയംവരം, പൂതനാമോക്ഷം എന്ന നാലു കഥകളിപ്പാട്ടുകളാണു് അദ്ദേഹത്തിന്റെ പ്രധാന കവിതകൾ. ഒററശ്ലോകങ്ങളും അദ്ദേഹം ഉണ്ടാക്കിയിട്ടുണ്ടു്. ശുദ്ധസംസ്കൃതകൃതികളെപ്പററി ഇവിടെ പ്രസ്താവിച്ചിട്ടാവശ്യമില്ലല്ലോ. എന്നാൽ അദ്ദേഹത്തിന്റെ കഥകളിപ്പാട്ടുകളിലുള്ള ശ്ലോകങ്ങൾ പ്രായേണ ശുദ്ധസംസ്കൃതം തന്നെയെന്നുള്ളതും സമ്മതിക്കാതെ നിവൃത്തിയില്ല. കാർത്തികതിരുനാൾ മഹാരാജാവിനു് ആട്ടക്കഥകളിലുള്ളെടത്തോളംതന്നെ സംസ്കൃതപ്രയോഗത്തിലും

പ്രതിപത്തിയുണ്ടായിരിക്കയും ഉണ്ണായിവാര്യർ മുതലായവർ ആട്ടക്കഥകളിൽ സംസ്കൃതം ധാരാളമായി ഉപയോഗിക്കുകയും ചെയ്തിരുന്നതിനാൽ അശ്വതിതിരുനാൾ തന്റെ കവിതാമധുവിനെ ഗീർവ്വാണകലശത്തിൽ പകർന്ന് രാജസദസ്സിൽ സമർപ്പിച്ചതായിരിക്കണം.

പത്താംശതവർഷത്തിൽ ഉത്തമമായ ആട്ടക്കഥയുടെ മാതൃക കോട്ടയത്തുരാജാവിന്റെ കൃതിയായിരുന്നു. അതും അശ്വതിതിരുനാളിന്റെ സംസ്കൃതപ്രയോഗാധിക്യത്തിനു കാരണമായിത്തീർന്നിരിക്കാം. എന്നുമാത്രമല്ല സംസ്കൃതഭാഷയ്ക്കു വളരെ പ്രാധാന്യം കല്പിച്ചിരുന്ന ഒരു വിദ്യാഭ്യാസക്രമത്തെ അനുസരിച്ചു മഹാവിദ്വാന്മാരായ അദ്ധ്യാപകന്മാരുടെ കീഴിൽ ഗംഭീരനായ മാതുലന്റെ മേൽനോട്ടത്തോടുകൂടി വിദ്യാഭ്യാസം ചെയ്ത യുവരാജാവ് സംസ്കൃതഗഹനവിപിനത്തിൽ വീതശങ്കമായി വിഹരിച്ചതിൽ വച്ച് അത്ഭുതപ്പെടാനില്ല.

കവിത എന്നതു സ്വാഭാവികമായ ഭാഷാമുഖേന കവിഹൃദയത്തിൽ നിന്നും ആവിർഭവിച്ചതാകുന്നു. സ്വാഭാവികമായഭാഷ എന്നു വച്ചാൽ, കവിക്കു സ്വാഭാവികമായ ഭാഷ എന്നാണ് വിവക്ഷിക്കാനുള്ളത്. അതിനാൽ വ്യുത്പത്തിദാർഢ്യമുള്ള കവികളുടെ കൃതികൾ അശ്വതിതിരുനാളിന്റെ കവിതപോലെ

സംസ്കൃതമയമായിപ്പോകുന്നതു സഹജമാകുന്നു. പ്രാചീനകാലങ്ങളിൽ ജീവിച്ചിരുന്ന കേരളകവികൾ ശുദ്ധമലയാളത്തിൽ കാവ്യനിൎമ്മാണം ചെയ്യാത്തതിന്റെ കാരണം ഇതുതന്നെയാണ്. ശുദ്ധമലയാളമല്ലെന്നുള്ള കുറ്റം ആരോപിച്ചു കോട്ടയത്തുരാജാവിന്റെയും, അശ്വതി തിരുനാളിന്റെയും, ഇരയിമ്മൻതമ്പിയുടെയും, മഴമംഗലം നമ്പൂരിയുടെയും കൃതികൾ ഉപേക്ഷിച്ചു കളയുന്നതായിരുന്നാൽ നമ്മുടെ ഭാഷാമാതാവിനുണ്ടാകുന്ന ദാരിദ്ര്യം സഹിക്കത്തക്കതല്ല. അതിനാൽ കേല്പ്പായപ്പെട്ട ന്യൂനതയെ പ്രമാദമായി വിചാരിക്കാതെ അശ്വതിതിരുനാളിന്റെ കവിതയെ മലയാളകവിതയായിട്ടു പരിഗണനം ചെയ്തു അതിന്റെ ഗുണത്തെ സംസ്കൃതാനഭിജ്ഞന്മാരിൽനിന്നും മറച്ചുവെക്കുന്ന ഭാഷാകാരന്മാരെ ക്ഷന്തവ്യമായി വിചാരിക്കാതെ നിവൃത്തിയില്ല.

അശ്വതിതിരുനാളിന്റെ ആശയപൌഷ്കല്യം സാമാന്യമല്ലാത്തതാണ്. "ഏറ്റവും നിസ്സാരമായ ഒരു പുഷ്പം തന്റെ നേത്രങ്ങളിൽനിന്നും അശ്രുക്കൾ പൊഴിയത്തക്കവണ്ണം മനസ്സിനെ പരവശമാക്കുന്നു" എന്നു മഹാകവിയായ വേർഡ്സ്‌വർത്ത് പറഞ്ഞിട്ടുള്ളതു് അശ്വതിതിരുനാളിന്റെ പരിചയമാകുന്നു.

"മാലതിലതകളാം മാനിനിമാരാ-
ലനുവേലമഞ്ചിതനായി കുസുമകാലന

ലോലംബഗാനസാരംഗമതിലേറി
മാലേയ പവമാനൻ മന്ദമിതാ വരുന്നു"

എന്ന സംഭ്രമയിഷ്ടമായ പദത്തെത്തുടർന്നു:—

"വർണ്ണവിജിതഹേമവർണ്ണയായി വിലസുന്ന
കർണ്ണികാരമഞ്ജരികാൺകയീവിപിനെ"

എന്നിങ്ങനെ അനുരംവകവസ്ഥാത്ത കൊന്നപ്പൂവിനെ വർണ്ണിക്കുന്നതു് അതിനു ദൃഷ്ടാന്തമാകുന്നു.

"മന ഏവ മനുഷ്യാണാം
കാരണം ബന്ധമോക്ഷയോഃ"

എന്നതത്വം അദ്ദേഹത്താൽ ദൃഷ്ടാന്തീകരിക്കപ്പെട്ടിരുന്നു. ഒരു സാധാരണനു തൈരിന്റെ ഗന്ധം പ്രസ്താവയോഗ്യമായി തോന്നുന്നില്ല. എന്നാൽ പൂതനാമോക്ഷം കഥകളിയിൽ ഉള്ള അമ്പാടിവർണ്ണനത്തിൽ കവിയ്ക്കു 'ദധിവിന്ദുപരിമളം' വിസ്മൃതമായി പോകുന്നില്ല. സങ്കല്പശക്തിയാകുന്ന ഭൂതക്കണ്ണാടിയുടെ സഹായം കൂടാതെ ആകാശത്തു നോക്കുന്ന ഒരുവനു് ചന്ദ്രൻ, ചന്ദ്രൻ എന്നു മാത്രമേ തോന്നുന്നുള്ളു. സൂക്ഷ്മദൃക്കായ ശാസ്ത്രജ്ഞനു് അത്യുന്നതമായ അഗ്നിപർവ്വതങ്ങളോടും, അഗാധമായ സമുദ്രങ്ങളോടുംകൂടിയ ഒരു മഹാഗോളമാകുന്നു. എന്നാൽ അശ്വതിതിരുനാളിനു ചിരപരിചിതമായ ചന്ദ്രൻ,

"മാരവീരവീരപാനമാനഭാജനമോ
സാരസമോ നാഗവാഹിനിതന്നുടെവ്യോമ
കമലിനി-

പരഹംസമോ കാമന്റെ പാമരമോ”
എന്നു. ശശിബിംബത്തിലെ കളങ്കം യഥാർത്ഥത്തിൽ കളങ്കമല്ലെന്നും അത്,
“വ്യോമതളിമം തന്നിൽ യാമിനീരമണി
ളെസാപരം ശയിക്കുന്നതാണെ”ന്നും
അദ്ദേഹം വ്യാഖ്യാനിക്കുന്നു.
“നിജമരണിയായിട്ടും നിലനല്ലിനിയോടു
വിജനെച്ചെന്നൊന്നു പറവാൻ
രജനീപതിതന്റെ രതി ദൂതിമാർപോലെ
മധുപഗണികകൾ ഗമിക്കുന്നു”
എന്നാണു വസന്തശോഭിതമായ വനത്തിൽ കുസുമരസം അനുഭവിക്കുന്ന ഭൃംഗതതിയെ വർണ്ണിക്കുന്നതു്.

കവിക്കു് ഉൽകൃഷ്ടമായ വസ്തുവിന്റേയും, ഏറ്റവും നിസ്സാരമായ വസ്തുവിന്റേയും പൂർണ്ണജ്ഞാനം ഉണ്ടു്. മനുഷ്യനെന്നും, മൃഗമെന്നും, അചേതനമെന്നുള്ള ജാതിവിഭാഗത്തെ കവിഹൃദയം ചില സന്ദർഭങ്ങളിൽ വകവയ്ക്കുന്നില്ല. കവിഹൃദയത്തിൽ വിഷ്ണുവിന്റെ ജഠരത്തിൽ എന്നപോലെ പ്രപഞ്ചത്തിലുള്ള സകല വസ്തുക്കളും അന്തർഭവിച്ചിരിക്കുന്നു.

അശ്വതിതിരുനാളിന്റെ കവിത അലങ്കാരപ്രധാനമായിട്ടുള്ളതിനാൽ അലങ്കാരപ്രയോഗത്തെ കാണിക്കുവാൻ പ്രത്യേകമായി ഉദാഹരണങ്ങൾ ഉദ്ധരിച്ചിട്ടു് ആവശ്യമില്ല. അർത്ഥാലങ്കാരങ്ങളും, ശബ്ദാലങ്കാരങ്ങളും ഒരുപോ

ലെ അദ്ദേഹത്തെ അനുവൎത്തിപ്പിക്കുന്നു. ലോകത്തിൽ സാധാരണമായി കാണുന്ന സകല കാൎയ്യങ്ങളെയും അവലോകനംചെയ്തു മനസ്സിൽ ഉറപ്പിക്കുവാനും ഭാവനയും അവയെ ഉപയോഗപ്പെടുത്തുവാനും അദ്ദേഹം വളരെ സമൎത്ഥനായിരുന്നു. അദ്ദേഹത്തിന്റെ ബ്രാഹ്മണർ "പ്രാജ്യാജ്യസംപ്ലുതസിതാന്ന സൂപക്രൂപങ്ങളിൽ" ഉത്സുകന്മാരാണ്. യാഗം അധികമായിയജിക്കുക നിമിത്തം ദേവേന്ദ്രനു "ദേഹം തടിച്ചുപോൽ, വലികൾ വെച്ചുപോൽ, അക്ഷികളച്ചുപോൽ വസിക്കുന്നു" എന്നാണു വൎണ്ണനം. ചന്ദ്രികയുള്ള രാത്രികാലങ്ങളിൽ സമുദ്രത്തിൽ വേലിയേററം ഉണ്ടാകുന്ന പ്രകൃതിതത്വത്തെ മനസ്സിലാക്കിക്കൊണ്ട് അദ്ദേഹം,

"പുഞ്ചിരിച്ചന്ദ്രികാകണ്ടു കാമുകന്മാർ തന്റെ
നെഞ്ചിലാനന്ദാംബുധി വളരുന്നു"

എന്നു ഹൃദയംഗമമാംവണ്ണം പ്രയോഗിക്കുന്നു.

സഹൃദയന്മാൎക്കു ഹൃദയാഹ്ലാദകമായി അദ്ദേഹം ചെയ്തിട്ടുള്ള കവിതയുടെ ചില ഭാഗങ്ങളിൽ പ്രാചീനകവികളുടെ ആശയങ്ങളും കാണുന്നുണ്ട്. അപ്രകാരം പ്രവൎത്തിച്ചിട്ടില്ലാത്ത മലയാളികൾ വളരെ അപൂൎവ്വമാകുന്നു. എന്നാൽ നമ്മുടെ കവി തന്റെ കൈവശം വന്നുചേൎന്നിട്ടുള്ള സൂക്തിരത്നങ്ങൾ എടുത്തു തന്റെ കവിതാവനിതയ്ക്കു ആഭരണങ്ങളുണ്ടാക്കുന്നുണ്ടെങ്കിലും ആ വക ആഭരണ

ങ്ങളുടെ ശില്പം സ്വകീയമായിട്ടുള്ളതുതന്നെ. അദ്ദേഹത്തിന്റെ കൃതികൾ ഗംഭീരങ്ങളാകുന്നു. രസപ്രകടനത്തിൽ അദ്ദേഹത്തിനു പ്രത്യേക സാമർത്ഥ്യമുണ്ടു്. ഗ്രന്ഥവിസ്താരം കൂടാതെ അൎത്ഥം വരുത്തുന്നതിൽ അദ്ദേഹം അദ്വിതീയനാണു്. എന്നാൽ ചില ഭാഗങ്ങളിൽ ഗ്രന്ഥവിസ്തരത്താലുള്ള വിരസത കവിതയ്ക്കു ഹാനികരമായിത്തീൎന്നിട്ടുണ്ടു്. ഇതു പ്രത്യക്ഷമാകുവാനായി പൂതനാമോക്ഷത്തിൽനിന്നും, നളചരിതത്തിൽ നിന്നും രണ്ടുഭാഗങ്ങൾ താരതമ്യപ്പെടുത്തുന്നു.

"പ്രാണനാഥ മമ മൊഴി പ്രീതിയോടെ
കേൾക്ക
പൂർണ്ണമോദം കേളിചെയ്വാൻ തൂർണ്ണം പോക
നാമുദ്യാനെ"
"ചന്ദ്രനമ്മുദിച്ചുയർന്നു മന്ദവായു വീശിടുന്നു
കുന്ദമാലതികൾ പൂത്തു കന്ദർപ്പനെ
വളർക്കുന്നു.
ചന്ദ്രകാന്തമണിമേടസാന്ദ്രകേളികൾക്കു
ചിതം
ഇന്ദ്രലോകോദ്യാനത്തിലുമേവമില്ല
സുഖമോർത്താൽ"

എന്നാണു് അശ്വതിതിരുനാളിന്റെ കവിത.

ഉണ്ണായിവാര്യരുടെ പ്രയോഗം:—

"സാമ്യമകന്നോരുദ്യാനം എത്രയുമാഭി-
രാമ്യമിതിനുണ്ടതു നൂനം

ഗ്രാമ്യം നന്ദനവനമരമ്യം ചൈത്രരഥവും
കാമ്യം നിനയ്ക്കുന്നാകിൽ സാമ്യമില്ലിതു
രണ്ടും
കങ്കേളിചമ്പകാദികൾ പൂത്തുനിൽക്കുന്ന
ശങ്കേ വസന്തമായാതം
ഭൃംഗാളി നിറയുന്ന പാടലപടലിയിൽ
കിങ്കേതകങ്ങളിൽ മൃഗാങ്കന്ദിക്കയല്ലീ
പൂത്തും തളിർത്തുമല്ലാതെ ഭൂരുഹങ്ങളിൽ
പേർത്തുമൊന്നില്ലവിടെക്കാണ്മാൻ
ആർത്തുനടക്കും വണ്ടിൻ ചാർത്തും കുയിൽ
കുലവും
വാഴ്ത്തുന്നു മദനന്റെ കീർത്തിയെ മറെറാ
ന്നില്ലാ.
സർവ്വത്ര രമണീയമേ തൽ പൊന്മയ
ക്രീഡാപർവ്വതമെത്രയും വിചിത്രം
ഗർവ്വിതഹംസകോകക്രീഡാതടാകമിതു
നിർവൃതികരങ്ങളിവ്വീവണ്ണം മറെറാന്നില്ല."

എന്നാകുന്നു.

ഈ രണ്ടു പദങ്ങൾക്കും സന്ദർഭം ഒന്നുതന്നെ. മാമൂലനുസരിച്ച് ശൃംഗാരപദങ്ങൾ ഉണ്ടാക്കാനുള്ള സാധനങ്ങൾ ഈ രണ്ടു പദങ്ങളിലും ഉപയോഗപ്പെടുത്തിട്ടുണ്ട്. നന്ദനവനവും, വസന്തവും, ചന്ദ്രനും, കന്ദർപ്പനും, കേളീരംഗവും ഉഭയസാധാരണങ്ങളാകുന്നു. എന്നാൽ ഉണ്ണായിവാര്യരുടെ തൂലികാസ്പർശംകൊണ്ടു സാമ്യമാകുന്നതായ നളചരിതപദം പുത

നാമമോക്ഷത്തിലെ പദത്തെക്കാൾ നന്നാണെന്നു പറവാൻ കേരളവാസികളായ നമ്മുടെ അനുഭവം നമ്മെ ധൈര്യപ്പെടുത്തുന്നുണ്ട്. അശ്വതിതിരുനാളിന്റെ മണിപ്രവാളരീതി വാര്യരുടെ രീതിയെക്കാൾ സുഗ്രഹമായിട്ടുള്ളതാകുന്നു. എന്നാൽ പാടിക്കേൾക്കുവാൻ നല്ല ചരിതപ്പദങ്ങൾ ഉപരിയാണെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. എങ്കിലും അശ്വതിതിരുനാളിന്റെ മലയാളകവിതകൾ കോട്ടയത്തുരാജാവിന്റെയും, ഉണ്ണായിവാര്യരുടെയും, ഇരയിമ്മൻതമ്പിയുടെയും കൃതികളോടൊരുമിച്ച് അന്യകൃതികളാൽ അപ്രാപ്യമായ ശിഖരത്തിൽ സ്ഥിതിചെയ്യുന്നു.

അദ്ദേഹം നല്ല മണിപ്രവാളത്തിൽ കവിത എഴുതിയില്ലല്ലോ എന്നും അതു കേരളീയരുടെ ഭാഗ്യദോഷമാണെന്നും ഭാഷാചരിത്രകർത്താവു വിലപിക്കുന്നു. തിരുമനസ്സിലെയ്ക്കു മണിപ്രവാളരചനയിൽ അശേഷം പ്രയാസമുണ്ടായിരുന്നില്ലെന്നുള്ളതു് അവിടത്തെ പദങ്ങളിൽനിന്നും സ്പഷ്ടമാകുന്നു.

"കന്നൽക്കണ്ണികൾ മേഖലാരത്നകലികാ
രൂപംധരിച്ചാദരാൽ
പൊന്നിൻമാലയണിഞ്ഞു പൂതന തടാ
മന്ദം നടന്നീടിനാൾ
പിന്നെച്ചെന്നവൾ ഗോകുലേ കുളിർമുല-
ക്കുന്നിന്നമീതേ ചിരം

മിന്നും ചന്ദ്രികപോലെ മന്ദഹസിതം
തൂകിപ്പുറഞ്ഞിടിനാൾ"

എന്ന ശ്ലോകം അവിടത്തെയും മണിപ്രവാള ശ്ലോകങ്ങൾ രചിക്കുന്നതിനുണ്ടായിരുന്ന നിഷ്പ്രയാസത്വത്തെ ദൃഷ്ടാന്തീകരിക്കുന്നു.

വിശിഷ്ടമായ കവിതയും, ആനന്ദകരണീയമായ ശീലമാധുര്യത്തിനും, പരമായ ഭക്തിക്കും ആസ്പദമായിരുന്ന ഈ യുവരാജാവ് മുപ്പത്തിരണ്ടാമത്തെ വയസ്സിൽ നാടുനീങ്ങി. "ദൈവത്തിനിഷ്ടമുള്ളവർ ചെറുപ്പത്തിലേ മരിക്കു"മെന്നാണല്ലോ പഴമൊഴി.

പതിമൂന്നു സംവത്സരം കഴിഞ്ഞതശേഷം രാജത്വത്തിന്റെ അവതാരമായ കാർത്തികതിരുനാൾ മഹാരാജാവ് ൭൦-ാമത്തെ തിരുവയസ്സിൽ സ്വഗ്ഗാരോഹണം ചെയ്തു. അനന്തരം ബാലബുദ്ധിയായ ബാലരാമവർമ്മ മഹാരാജാവ് രാജ്യഭാരം തുടങ്ങുകയും രാജധാനിയുടെ യശസ്സ് നഷ്ടപ്രായമായിത്തീരുകയും ചെയ്തു. അജ്ഞതനും, അസൂയാളരിതനും, ഡാംഭശീലനുമായ ജയന്തൻനമ്പൂരി സർവ്വാധികാരം വഹിക്കുന്ന ഒരു സ്ഥലം വാസ്തവത്തിൽ സ്വർഗ്ഗംതന്നെയായിരുന്നാലും അവിടം സരസ്വതിയുടെ വസതിക്കു യോഗ്യമായിട്ടുള്ളതല്ലല്ലോ. വേലുത്തമ്പിക്കു ദളവാ ഉദ്യോഗം കിട്ടിയതിൽപിന്നീടും സംഗീതസാഹിത്യങ്ങൾക്കു വളരെ പ്രോത്സാഹനം സിദ്ധിച്ചില്ല.

ബാലരാമവൎമ്മ മഹാരാജാവിന്റെ നിൎയ്യാണാനന്തരം പാൎവ്വതീറാണിയും, ലക്ഷ്മീറാണിയും രാജ്യഭാരം നടത്തിവന്നിരുന്നു. അവർ രണ്ടുപേരും വിദുഷികളായിരുന്നു എങ്കിലും അവരിൽനിന്നും കലാവിദ്യകൾക്കു വളരെ പ്രോത്സാഹനം ലഭിച്ചിരുന്നതായി കാണുന്നില്ല. എന്നാൽ പാൎവ്വതിറാണിയുടെ ഗൎഭത്തിൽനിന്നും സംഗീതസാഹിത്യകലകൾ ജ്യേഷ്ഠാനുജന്മാരായി ആവിൎഭവിച്ചു. ആ ജ്യേഷ്ഠാനുജന്മാർ സ്വാതിതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടും, ഉത്രംതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടും ആയിരുന്നു.

---

# തിരുവിതാംകൂർ രാജവംശവും മലയാളഭാഷയും

---

## നാലാംഭാഗം

സ്വാതിതിരുനാൾ മഹാരാജാവു് കൊല്ലവർഷം ൯൮൮-ാമാണ്ടു് ഭൂലോകജാതനായി. ഏറെക്കാലമായി പുരുഷസന്തതികളില്ലാതെ, അനപത്യമാകുന്ന അന്ധകാരത്തിൽ സന്തപിച്ചുകൊണ്ടിരുന്ന നമ്മുടെ രാജവംശം, കോമളശരീരനായ ഈ രാജകുമാരന്റെ ഉദയത്തിൽ ഇരുട്ടും മഴയുംകൊണ്ടു ഭയങ്കരമായിരുന്ന രാത്രിയെ ജയിച്ചു് ജീവജാലങ്ങൾക്കു രക്ഷയെ പ്ര

ഖ്യാപനം ചെയ്തുകൊണ്ടു പൂർവദിക്കിൽ ആഗതനാകുന്ന ബാലാദിത്യന്റെ ആവിർഭാവത്തിൽ ആകാശമെന്നപോലെ ശോഭിച്ചു. അവിടുന്ന് അവ്യക്തവർണ്ണങ്ങൾകൊണ്ടു പുണ്യവാനായ പിതാവിന്റേയും, പുണ്യവതിയായ രാജമാതാവിന്റേയും ശ്രവണങ്ങളിൽ മധുവർഷം ചെയ്തുകൊണ്ടിരുന്ന കാലത്തുതന്നെ അവിടത്തെ ബാലലീലകളിൽ ഭാവിയായ ബുദ്ധിശക്തിയുടേയും, ഗാംഭീര്യത്തിന്റേയും ബീജങ്ങൾ അന്തർഭവിച്ചിരുന്നു. അവിടത്തെ അദ്ധ്യാപകൻ ഉർവശീസ്വയംബരം കഥകളിപ്പാട്ടിന്റെ കർത്താവായ അരിപ്പാട്ടു കൊച്ചുപിള്ളവാര്യരായിരുന്നു.

തിരുവിതാംകൂർ രാജവംശത്തിൽ ജനിക്കുന്ന രാജകുമാരന്മാർക്കു തങ്ങളുടെ സ്ഥാനവലിപ്പത്തെ പുരസ്കരിച്ചു പഠിത്തവിഷയത്തിൽ അജാഗ്രത കാണിക്കുവാൻ സാധ്യമായിട്ടുള്ളതല്ല. ഒരു പരിഷ്കൃത ജനസമുദായത്തെ ഭരിക്കുവാൻ ഉപയുക്തമായിരുന്ന സകലകലകളിലും അവർക്കു പാണ്ഡിത്യമുണ്ടാകുവാൻ ബദ്ധന്മാരായി രാജധാനിയിൽ നിന്നും പലവിധേനയുള്ള ആദായം വാങ്ങി, അനന്യശ്രദ്ധന്മാരായി താമസിക്കുന്ന അദ്ധ്യാപകന്മാർ അവരുടെ നിഷ്കളങ്കമായ ശ്രദ്ധയെ രാജകുമാരന്മാരുടെ ജ്ഞാനലബ്ധിക്കായി സമർപ്പിക്കുക നിമിത്തം ബാല്യകാലം മുതൽക്കു ത

ഒന്ന നമ്മുടെ രാജകുമാരന്മാൎക്ക് അതിശയനീയമായ അറിവുണ്ടാകുന്നതു സാധാരണമാണ്. ശക്തിമത്തായ അവിടത്തെ ബുദ്ധിയും, ഇപ്രകാരമുള്ള ശിക്ഷാക്രമവും കൂടി യോജിക്കുകയാൽ സ്വാതിതിരുനാൾ രാജകുമാരൻ പഠിത്തത്തിൽ അസാധാരണമായ സാമൎത്ഥ്യത്തെ പ്രദൎശിപ്പിച്ചു. സംസ്കൃതത്തിലും, മലയാളത്തിലും, ഇംഗ്ലീഷിലും അവിടത്തേയ്ക്കു നല്ല പാണ്ഡിത്യവും, പേർഷ്യൻ, ഹിന്ദുസ്ഥാനി, തെലുങ്ക്, കൎണ്ണാടകം, തമിഴ്, എന്നീ ഭാഷകളിൽ സാമാന്യം ജ്ഞാനവും ഉണ്ടായിരുന്നു.

൧൦൦൪-ാമാണ്ടു് അവിടത്തെ മാതൃഷ്വസാവായ മഹാറാണി പാൎവ്വതിഭായി നാടുനീങ്ങുകയാൽ അവിടത്തേയ്ക്കു ൧൬-ാമത്തെ തിരുവയസ്സിൽ രാജ്യഭാരം ലഭിച്ചു. അവിടത്തെ സാമൎത്ഥ്യം നോക്കിയാൽ അവിടുന്നു തിരുവിതാംകൂറിനെക്കാൾ തുലോം വലുതായ ഒരു രാജ്യത്തെ ഭരിക്കേണ്ടതായിരുന്നു. അവിടത്തെ രാജ്യഭരണം ശ്രുതിസ്മൃതികളിൽ നിബന്ധിച്ചിട്ടുള്ളതിന് അനുകൂലമായിരുന്നു പ്രശസ്തമായ ആ ഭരണത്തെക്കുറിച്ചു ദീൎഘമായി പ്രസ്താവിക്കുവാൻ ഈ അവസരം അനുവദിക്കുന്നില്ലാത്തതിനാൽ ഭാഷാചരിത്രത്തിൽ നിന്നും സംക്ഷിപ്തമായി ഒരു ഭാഗം ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു.

"൧൦൦൫-ാമാണ്ടു് അവിടത്തേയ്ക്കു ൧൬ വയസ്സു തികയുകയാൽ പട്ടംകെട്ടി രാജ്യഭാരം

തുടങ്ങി. ആ വൎഷത്തിൽ തന്നെ തുലാഭാരവും
൧൦൦൦-ാമാണ്ടു പത്മഗൎഭദാനവും കഴിച്ചു
കുലശേഖരപ്പെരുമാളെന്നുപേരും ധരിച്ചു. അ
വിടുന്നു. രാജ്യകാൎയ്യങ്ങളിൽ സ്വബുദ്ധികൊണ്ടു
തന്നെ ന്യായമായ തീൎച്ച ചെയ്കയും, വളരെ
ദാനധൎമ്മങ്ങൾ ചെയ്യുകയും ചെയ്തുകൂടാതെ
പുത്തൻ മാളിക, രംഗവിലാസം മുതലായ കെ
ട്ടിടങ്ങളും, രഥം മുതലായ വാഹനങ്ങളും, ഉ
ണ്ടാക്കിച്ചു് അനുഭവിച്ചു. തിരുവനന്തപുര
ത്തു് ആദ്യം ഇംഗ്ലീഷ് പള്ളിക്കൂടം സ്ഥാപി
ച്ചതും, നക്ഷത്രബംഗ്ലാവും, ഇംഗ്ലീഷുമരുന്നുകൊ
ണ്ടു ചികിത്സ ചെയ്യുന്നതിനു ധൎമ്മആസ്പത്രിയും
ഏൎപ്പെടുത്തിയതും ഈ സംസ്ഥാനത്തു മുമ്പുനട
പ്പുണ്ടായിരുന്ന ചട്ടവരിയോലകൾക്കു പകരം
റെഗുലേഷൻ നടപ്പാക്കി കോൎട്ടു കച്ചേരികൾ
സ്ഥാപിച്ചതും അവിടത്തെ രാജ്യഭാരത്തിൽ
ആയിരുന്ന ആ കാലം മുഴുവൻ പ്രജകൾക്കു
ക്ഷേമവും, രാജ്യത്തിനു സുഭിക്ഷവും ഉണ്ടായി
രുന്നു."

ഖ്യാതിമാനായ ഈ മഹാരാജാവിന്റെ ഭര
ണകാലം സംഗീതസാഹിത്യങ്ങൾക്കു ശുക്രദശ
യായിരുന്നു. അവിടത്തെ രാജധാനിയിൽ സം
ഗീതവിദ്വാന്മാരായ, വടിവേലു, ചിന്നയ്യൻ,
ഗോവിന്ദമാരാർ മുതലായ അനേകം വിദ്വാ
ന്മാർ ഉണ്ടായിരുന്നു. പാട്ടുകൾ നിൎമ്മിച്ചതു് ഇ
രയിമ്മൻ തമ്പിയും, മഹാരാജാവും തന്നെയാ

യിരുന്നു. മഹാരാജാവിന്റെ ഗാനങ്ങൾ സംഗീതധുരീണനായ ത്യാഗയ്യരുടെ അനുമോദനത്തെ ആകർഷിച്ചിട്ടുണ്ട്. രമണീയങ്ങളായ അവിടത്തെ കവിതകൾ ഇക്കാലത്തു ദക്ഷിണ ഇൻഡ്യമുഴുവൻ പ്രചാരത്തിൽ ഇരിക്കുന്നു. എന്നാൽ അവയുടെ ജന്മഭൂമിയായ തിരുവിതാംകൂറിൽ അവ ക്രമേണ വിസ്മൃതമായിപ്പോകുന്നുണ്ട്. ജനങ്ങൾക്കു പുതിയ പരിഷ്കാരത്തിൽ ഉള്ള മിത്ഥ്യാഭ്രമത്തിനു തിരുവാതിരക്കളിയോടും, കല്ലിച്ചുണ്ടാക്കിയ കീർത്തനങ്ങളോടും വല്ലക്കുള്ള താല്പര്യക്കുറവുതന്നെ മതിയായ ദൃഷ്ടാന്തമാണ്. പുതിയമട്ടാണെന്നു വിചാരിച്ചു് ഒരക്ഷരംപോലും മനസ്സിലാക്കാതെ അന്യഭാഷകളിലുള്ള പാട്ടുകൾ ശ്രമപ്പെട്ടു പഠിച്ചു പാടുന്നവരായ നമ്മുടെ ഗായകന്മാരും ഗായികമാരും സ്വാതിതിരുനാൾ മഹാരാജാവിന്റെയും ഇരയിമ്മൻ തമ്പിയുടെയും കൃതികളെ യഥായോഗ്യം ബഹുമാനിക്കാതെയിരിക്കുന്നതു് ഒരു മഹാ പാതകമാണ്.

മഹാരാജാവിന്റെ കവനം മിക്കവാറും സംസ്കൃതഭാഷയിലായിരുന്നു. എന്നാൽ ഉത്സവപ്രബന്ധം മാത്രം മണിപ്രവാളരീതിയിൽ രചിക്കപ്പെട്ടിട്ടുള്ള ഒരു കൃതിയാണ്.

“സന്താപത്തെയൊഴിപ്പതിന്നു ജഗതാ-
മസ്മിൻ പുരമേവമ-

ചെന്താർമാനിനി കാന്തനായ ഭഗവാൻ
 തന്നാലയത്തിൽ പരം
ചന്തം ചേർന്നു വിളങ്ങുമുത്സവയുഗം
 പ്രത്യബ്ദമുണ്ടുത്തമം
സന്തഃകൗതുകമോടു കേൾക്കേണമിടം
 തെല്ലിങ്ങു ചൊല്ലാമഹം"

എന്നിങ്ങനെ കവി കഥാവിഷയത്തെപ്പററി പ്രാരംഭമായി പ്രസംഗിക്കുന്നു. ഉത്സവം സംബന്ധിച്ചു മതിൽക്കകത്തു നടക്കുന്ന സകല ചടങ്ങുകളും ഉത്സവപ്രബന്ധത്തിൽ വർണ്ണിക്കപ്പെട്ടിട്ടുണ്ട്. കവിത ഉത്തമമായിട്ടുള്ളതാകുന്നു. അതിൽ ശ്ലോകങ്ങളും പദങ്ങളുമുണ്ടു്. ശ്ലോകങ്ങൾ കുഞ്ചൻനമ്പ്യാരുടെ ശ്രീകൃഷ്ണചരിതത്തിലെ ശ്ലോകങ്ങളെപ്പോലെ ലളിതവും രസഭൂയിഷ്ഠവും ആകുന്നു.

"ലോകാഭിരാമതനുവാം മുരശാസനന്റെ
ലോകോത്തരോത്സവവിധേയ സകലക്രമത്തെ
നാകത്തിലും പരമലഭ്യമതാം പ്രമോദ-
മേകീടുവിച്ചതുളവാകുമതെന്തു ചിത്രം.
മൂന്നാകുമുത്സവദിനേ ജഗദൈകവല്ലി
കുന്നായവൻ കമലവാഹനമദ്ധ്യദേശേ
നന്നായ് വിളങ്ങി ഭുവനസ്ഥിതരാം ജനാനാ-
മന്യൂനമാം കുതുകമെന്നൊടു നൽകിടുന്നു.
ഓമൽപ്പുഞ്ചിരിതൂകി ലജ്ജയതിനാൽ
മന്ദം മുഖം താഴ്ത്തിയും

സീമാതീതരസേന വാക്കു പലതും
സൈ്വരം കഥിച്ചിതാം
വാമാക്ഷികളമങ്ങ് ജനാർദ്ദനന്റെ നിന-
ച്ചാത്മാവിനേയും മറ-
ന്നാമോദാംബുധി മഗ്നമായിമരുവു-
ന്നാകണ്ഠമേശം പരം”

എന്നീ ശ്ലോകങ്ങൾ അതിന് ഉദാഹരണങ്ങളാകുന്നു. മഹാരാജാവ് തിരുമനസ്സുകൊണ്ട് ഈ കൃതിയിൽ അധികമായ അർത്ഥനിക്ഷേപത്തിനായി പരിശ്രമിച്ചിട്ടില്ല. ആത്മഹൃദയത്തിൽ പൂർണ്ണമായിരിക്കുന്ന ഭക്തിവിശേഷത്താൽ പ്രേരിതനായി കവിതാരചനയിൽ ഉദ്യുക്തനായ അവിടുന്ന് യശസ്സിനായി യത്നിക്കുന്നില്ല. എങ്കിലും ഈ കൃതിയിൽ വിശേഷമായ പദപ്രയോഗങ്ങളും അർത്ഥപുഷ്ടിയുള്ള അലങ്കാരങ്ങളും ധാരാളമായി കാണുമാറുണ്ട്.

“കനകമയമായിട്ടും കമലവാഹനമതിന്മേൽ
കനകത്താരകകാന്തിയോടുഗമിക്കുന്ന-
[താരവനോ
വലമഥനൻ വിഭവമോടെ വസുധയിൽ
[സഞ്ചരിച്ചിടുന്നോ
വലമഥനനെങ്കിലലങ്ങുവിലസും
[നേത്രസഹസ്രം
കളങ്കഗതകളുർമതിയോ കനിവോടേ
[വിലസുന്നു
കളുർമതിയെന്നാകിലുള്ളിലുള്ള വാകമാങ്കമെങ്ങ്”

ഗൗരീനായകനാകും കൈലാസാധീശ്വരനോ
ഗൌരീനായകനെങ്കിൽ കമനി മൂന്നാം
[നേത്രമെങ്ങ്
അതിമഹസാ വിലസിടും കതിരോനോ
[വദ ബാലെ
കതിരോനെന്നാകിലവൻ കഥമവം
[ശാന്തനാവു
താരിത്തേന്മൊഴിബാലേ ധനപതിയെ-
[ന്നാകിലവൻ
ഭൂരിവിരൂപാംഗനതൊ നീരജനാഭൻ നൂനം”

എന്നുള്ള ഭാഗം ഒരു ദൃഷ്ടാന്തമാകുന്നു.

സ്വാതിതിരുനാൾ മഹാരാജാവ് വളരെ കവിതകൾ നിർമ്മിച്ചിട്ടില്ലെങ്കിലും അവിടത്തെ കൃതികൾക്ക് “അർജ്ജുനന്റെ അമ്പ് എടുക്കുമ്പോൾ ഒന്ന് കൊള്ളുമ്പോൾ പതിനായിരം” എന്ന ഗുണം ധാരാളമായുണ്ടായിരുന്നു. സാഹിതീരസജ്ഞനായ ഭോജരാജാവു കാളിദാസപ്രഭൃതികൾക്കു പാദലക്ഷവും അക്ഷരലക്ഷവും നല്കീട്ടുണ്ടെന്നുള്ള ഐതിഹ്യങ്ങൾ നമുക്കു പരിചിതങ്ങളാണല്ലോ. എന്നാൽ അപ്രകാരമുള്ള ഔദാര്യം തിരുവനന്തപുരം രാജധാനിയിൽ നിത്യാനുഭവമായിരുന്നു. സ്വാതിതിരുനാൾ മഹാരാജാവിന്റെ യശഃസൌരഭ്യം കവിതാമരന്ദോല്ലുണ്ഠന്മാരായ അനേകം ഭൃംഗരാജാക്കന്മാരെ ആകർഷിച്ചു. കൊച്ചുപിള്ള വാര്യര്, രാമവാര്യര് കുഞ്ഞുകൃഷ്ണപ്പൊതുവാൾ എന്നിങ്ങനെ അ

നേകം കവികഠം രാജധാനിയിൽ തന്നെ താമ സിച്ചിരുന്നു. എങ്കിലും രാജവംശത്തോട്ട സംബന്ധമുള്ള രണ്ടു കവികഠം മററുള്ളവരുടെ കീത്തിയെ അസ്തമിപ്പിച്ചു ഈ രണ്ടു കവികഠം വിശ്രുതന്മാരായ ഇരയിമ്മൻതമ്പിയും, വിദ്വാൻ കോയിത്തമ്പുരാനുമായിരുന്നു.

ഇരയിമ്മൻതമ്പി വഞ്ചിരാജവംശവുമായി പലപ്രകാരത്തിലും ബന്ധമുള്ളയാളായിരുന്നു. അദ്ദേഹം ൯൭൨-ാമാണ്ടു തിരുവനന്തപുരത്തു കിഴക്കേമഠം എന്ന ഭവനത്തിൽ ജനിച്ചു. ബാല്യത്തിൽ തന്നെ അദ്ദേഹത്തിനു സംസ്കൃതത്തിൽ നല്ല വ്യുല്പത്തി ഉണ്ടാകയും, അനന്തരം കവിതയുണ്ടാക്കിത്തുടങ്ങുകയും ചെയ്തു. ബുദ്ധിമാനായ ഈ ബാലനെപ്പററി കാത്തികതിരുനാഠം മഹാരാജാവിനു വളരെ താല്പൎയ്യമായിരുന്നു. അവിടുന്നു സദയം പതിച്ചുകൊടുത്ത അടുത്തൂണും, ഉത്രംതിരുനാഠം, പാവ്വതിറാണിലക്ഷ്മിറാണി എന്നിവർ സന്തോഷത്തോടുകൂടി കൊടുത്തുവന്നിരുന്ന മററുള്ള ആദായങ്ങളും അനുഭവിച്ചു തന്റെ ജീവിതത്തെ രാജധാനിയിൽ തന്നെ കഴിച്ചു.

ഇരയിമ്മൻ തമ്പിയുടെ കവിതകഠം എല്ലാം അച്ചടിച്ചിട്ടില്ലാത്തതിനാൽ അദ്ദേഹത്തിന്റെ നിസൎഗ്ഗമധുരമായ വചോവിലാസത്തിന്റെ വ്യാപ്തി എത്രമാത്രമുണ്ടെന്നു ജനസാമാന്യം അറിയുന്നില്ല. സ്വാതിതിരുനാഠം മഹാ-

രാജാവിന്റെ കൃതികൾ എന്നപോലെ തമ്പിയുടെ കൃതികളും സംഗീതസമ്മിശ്രങ്ങളാകുന്നു. അദ്ദേഹം ആയിരത്തിൽപരം പാട്ടുകൾ ഉണ്ടാക്കീട്ടുള്ളതായി അറിയുന്നു. അവയിൽ പലതും ഇക്കാലത്തും പ്രചാരത്തിൽ ഇരിക്കുന്നു. ഇരയിമ്മൻതമ്പി ഒരു നിമിഷകവിയായിരുന്നു. പാർവതിറാണി, വഞ്ചിക്ഷീരാബ്ധിചന്ദ്രനായ സ്വാതിതിരുനാളിനെ പ്രസവിച്ചപ്പോൾ തമ്പി ശിശുവിനെക്കാണ്മാൻ പോകയും, നേത്രങ്ങൾക്കും, മനസ്സിനും ഉണ്ടായ പരമാനന്ദത്താൽ നിന്നെടത്തുനിന്നുതന്നെ ഒരു താരാട്ട് ഉണ്ടാക്കിയും ചെയ്തു. അതു കേരളമൊട്ടുക്ക പരന്നിട്ടുള്ളതാണെങ്കിലും അതിനെപ്പററി സന്ദർഭമുള്ളപ്പോഴൊക്കെ പ്രസ്താവിക്കണമെന്നു താല്പര്യമുണ്ടാകാത്തവർ ആരുംതന്നെ ഉണ്ടെന്നു തോന്നുന്നില്ല. കവിതാസമുദ്രം കടഞ്ഞെടുത്തതായ ആ ഗാനം:—

"ഓമനത്തിങ്കൾക്കിടാവോ—
നല്ലകോമളത്താമരപ്പൂവോ
പൂവിൽ നിറഞ്ഞ മധുവോ—
പരിപൂർണ്ണേന്ദുതന്റെ നിലാവോ
പുത്തൻ പവിഴക്കൊടിയോ—
ചെറുതത്തകൾ കൊഞ്ചും മൊഴിയോ
ചാഞ്ചാടിയാടും മയിലോ—
മൃദുപഞ്ചമം പാടും കുയിലോ."

എന്നു മനുഷ്യജീവിതത്തിനു സഹജങ്ങളായ

രിക്കുന്ന മനഃക്ലേശങ്ങളെ അശേഷം വിസ്മരിപ്പിച്ചു മനസ്സിന് ശമിതാനന്ദം വരുത്തുന്ന അമൃതമാകുന്നു ഈ മഹാകവി ഓരോ അവസരത്തിലായി അനേകം കൃതികൾ നിർമ്മിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ അദ്ദേഹത്തിനു തിരുവിതാംകൂറിൽ രാജധാനിയിലെ Poet Laureate എന്ന സ്ഥാനം തന്നെ ആയിരുന്നു. തമ്പിയുടെ ആട്ടക്കഥകൾ കവിതാഗുണം കൊണ്ടു അസാമാന്യങ്ങളാകുന്നു. ഉത്തരാസ്വയംബരവും, കീചകവധവും, ദക്ഷയാഗവും എത്ര് ആട്ടക്കഥയോട് താരതമ്യപ്പെടുത്തി നോക്കിയാലും അദ്വിതീയമായിരിക്കുന്നു. രവിവർമ്മൻതമ്പിയുടെ കൃതികൾ സർവ്വഥാ രമണീയങ്ങളുമാകുന്നു.

സ്വാതിതിരുനാൾ മഹാരാജാവിനാൽ തെളിക്കപ്പെടുന്ന സവിശേഷമായ കവിതാരഥത്തിന്റെ ഒരു കുതിര രവിവർമ്മൻതമ്പിയാണെങ്കിൽ മറ്റേക്കുതിര കിളിമാനൂർ വിദ്വാൻ കോയിത്തമ്പുരാനാണെന്നു നിസ്സംശയം പറയാം. മഹാരാജാവു നടത്തീട്ടുള്ള കവിതാപരീക്ഷകളിൽ എല്ലായ്പ്പോഴും ഒന്നാമനായി ജയിച്ചതു വിദ്വാൻ കോയിത്തമ്പുരാനാകുന്നു. അദ്ദേഹത്തിനു പാണ്ഡിത്യം രവിവർമ്മൻതമ്പിയെക്കാൾ കൂടുതലും കവിതാവാസന അശേഷം കുറവില്ലാതെയും ആയിരുന്നു. കോയിത്തമ്പുരാന്റെ കവിത അശ്രാന്തമായ ധാരി

ഷ്ഠംകൊണ്ടും അൎത്ഥപുഷ്ടികൊണ്ടും ശ്രേഷ്ഠതമമാകുന്നു. കവിതാരത്നവ്യാപാരിയായ കോയിത്തമ്പുരാന്റെ കൈവശം വില്പിടിച്ച രത്നങ്ങൾ ഉണ്ടായിരുന്നെങ്കിൽ അതിനു യോഗ്യമായ വിലകൊടുക്കുവാൻ തോല്ക്കാരനായ മഹാരാജാവും സമാനജ്ഞനായിരുന്നു.

കോയിത്തമ്പുരാനു ലഭിച്ചിട്ടുള്ള സമ്മാനങ്ങൾ പോലെ ഏതു കവിക്കെങ്കിലും ലഭിച്ചിട്ടുണ്ടോ എന്നു സംശയമാണു്. മാസം നൂറു രൂപാ അടുത്തൂൺ കൂടാതെ അദ്ദേഹത്തിനു് അനേകം വീരശൃംഖലകളും കൈവരകടുക്കനും മോതിരങ്ങളും പലപ്പോഴും കിട്ടീട്ടുണ്ടു്.

ഇപ്രകാരം മഹാരാജാവിന്റെ പ്രോത്സാഹത്താൽ പ്രേരിതനായി കോയിത്തമ്പുരാൻ അനേകം ഒററശ്ലോകങ്ങളും അനേകം ഖണ്ഡകൃതികളും രചിച്ചിട്ടുണ്ടെങ്കിലും അവയെപ്പററി വിചിന്തനം ചെയ്യാൻ തല്ക്കാലം സൌകൎയ്യം ഇല്ല. എന്നാൽ രാവണവിജയം ആട്ടക്കഥയേയും സന്താനഗോപാലം തുള്ളക്കഥയേയും പററി ഇവിടെ പ്രസ്താവിക്കാതെ തരമില്ല. രാവണവിജയം കഥ നല്ല കവിതയും ആടിക്കാണ്മാൻ വളരെ രസമുള്ളതുമാകുന്നു. സന്താനഗോപാലം നമ്പ്യാരുടെ തുള്ളക്കഥകളോടു് ഉപമിക്കാൻ തക്കവണ്ണം അത്ര മെച്ചമുള്ളതാണു്. ഇങ്ങനെ അത്യുൽകൃഷ്ടമായ കവിതചത്തിനു അസ്പദമായിരുന്ന അ

ദ്ദേഹം 33-ാമത്തെ വയസ്സിൽ ചരമഗതിയെ പ്രാപിച്ചു. അതിനടുത്തയാണ്ടിൽ അദ്ദേഹത്തിന്റെയും വഞ്ചിരാജ്യത്തിന്റെയും മലയാളഭാഷയുടേയും രക്ഷിതാവായ സ്വാതിതിരുനാൾ മഹാരാജാവും ഇഹലോകവാസം വെടിഞ്ഞു.

അവിടത്തെ പിൻവാഴ്ചക്കാരനായ ഉത്രംതിരുനാൾ മഹാരാജാവു് പ്രിയഭ്രാതാവിന്റെ പദ്ധതിയിൽതന്നെ സജ്ജീവനത്തെ നയിച്ചു. അവിടത്തെയ്ക്കു കഥകളിയിൽ വളരെ ആസക്തി ഉണ്ടായിരുന്നതിനാൽ അനേകം കഥകളിപ്പാട്ടുകളും സമർത്ഥന്മാരായ നടന്മാരുംഉണ്ടാകാനിടയായി അവിടുന്നുതന്നെ സിംഹധ്വജചരിതം എന്ന കഥകളിപ്പാട്ടു് നിർമ്മിച്ചിട്ടുണ്ടു് തിരുവനന്തപുരത്തു് ഒരു അച്ചുക്കൂടം സ്ഥാപിച്ചതും 54 ദിവസത്തെ ആട്ടക്കഥ ആദ്യമായി അച്ചടിച്ചതും അവിടത്തെ ആജ്ഞപ്രകാരമായിരുന്നു. ഇതുകൂടാതെ എഴുത്തച്ഛൻ, നമ്പ്യാർ മുതലായവരുടെ പല കൃതികളും പ്രസിദ്ധീകരിക്കപ്പെട്ടു.

ഉത്രംതിരുനാൾ നാടുനീങ്ങിയ ശേഷം രാജ്യഭാരം കയ്യേററ ആയില്യംതിരുനാൾ മഹാരാജാവു് തിരുമനസ്സുകൊണ്ടും അവിടത്തെ അനന്തരഗാമിയായ വിശാഖംമഹാരാജാവു് തിരുമനസ്സുകൊണ്ടും തങ്ങളുടെ പൂർവ്വകന്മാരെപ്പോലെതന്നെ സാഹിത്യകുശലന്മാ

രായിരുന്നു. എന്നാൽ അവർ രണ്ടുപേരും മലയാളഗദ്യത്തിൻെറ അഭിവൃദ്ധിക്കായിട്ടാണു് സാധ്യമായി പരിശ്രമിച്ചിട്ടുള്ളതു്. ആയില്യംതിരുനാൾ മഹാരാജാവിൻെറ ശാകുന്തളഗദ്യവും മീനകേതനചരിതവും വിശാഖംതിരുനാളിൻെറ അനേകം പ്രസംഗങ്ങളും മഹച്ചരിതസംഗ്രഹത്തിലും ഏതാനും ജീവചരിത്രങ്ങളും സുപ്രസിദ്ധമാണു്. വഞ്ചിരാജവംശത്തെ സംബന്ധിച്ചുള്ള ഒരു മഹാകവി ഇന്നും സാഹിത്യസാമ്രാജ്യത്തിലെ ചക്രവർത്തിയായി പ്രശോഭിക്കുന്നു. കേരളവർമ്മകോയിത്തമ്പുരാൻ തിരുമനസ്സിലെ സ്ഥിരപ്രതിഷ്ഠിതമായ യശസ്സ് മദ്ധ്യാഹ്നസൂര്യനെപ്പോലെ ഉജ്ജ്വലിച്ചുകൊണ്ടിരിക്കുന്ന ഈ കാലത്തു് അവിടത്തെ കവിതയെക്കുറിച്ചു പ്രത്യേകം നിരൂപണം ചെയ്യാൻ ഒരുമ്പെടുന്നതു് പിച്ചകപുഷ്പത്തിനു പരിമളംകൂട്ടാൻ യത്നിക്കുന്നതുപോലെയാണു്.

ഇപ്പോൾ രാജ്യഭാരം ചെയ്തരുളുന്ന നമ്മുടെ മഹാരാജാവു് തിരുമനസ്സുകൊണ്ടു് രാജ്യത്തിൽ വിദ്യാഭ്യാസവർദ്ധനയ്ക്കായി ചെയ്യുന്ന ഏർപ്പാടുകൾ അത്യുത്തമങ്ങളാകുന്നു. അവിടത്തെയും സാഹിത്യാദി കലകളിലുള്ള പാണ്ഡിത്യവും കവികളോടു കാണിച്ചുവരുന്ന അപാരമായ കാരുണ്യവും സുപ്രസിദ്ധമാണു്. അവിടുന്നു ദീർഘായുഷ്മാനായി ഭവിക്കാൻ സർവ്വശക്തൻ അനുഗ്രഹിക്കട്ടെ.

# സംസ്കൃത സാഹിത്യം

ഒരു ജനസമുദായത്തിന്റെ സകല സ്വത്തുക്കളിലും വച്ചു പ്രഥമഗണനീയമായിരിക്കുന്നത് അതിന്റെ സാഹിത്യമാകുന്നു. നിരവധികളായ സ്വർണ്ണവും, അനർഘങ്ങളായ രത്നങ്ങളും, മനോഹരങ്ങളായ കെട്ടിടങ്ങളും, ഫലസമൃദ്ധിയുള്ള തോപ്പുകളും, അതാതിന്റെ ഉടമസ്ഥന്മാർക്കു മാത്രമേ ഉപകരിക്കുന്നുള്ളു. പരിഷ്കൃതജനസമുദായങ്ങളുടെയിടയിൽ പ്രചാരപ്പെട്ടിരിക്കുന്ന നീതിസിദ്ധാന്തങ്ങൾ നിമിത്തം അന്യന്റെ മുതൽ അപഹരിക്കുകയൊ അനുവാദം കൂടാതെ ഉപയോഗിക്കുകയൊ ചെയ്യുന്ന മനുഷ്യൻ കഠിനങ്ങളായ ശിക്ഷകൾ അനുഭവിക്കേണ്ടതായും വരുന്നു. എന്നാൽ സാഹിത്യം ആരുടേയും പ്രത്യേക സ്വത്തല്ല. അതിനെ ആസ്വദിക്കാനുള്ള അവകാശം, സൂര്യചന്ദ്രന്മാരെ കാണാനുള്ള അധികാരം പോലെ എല്ലാ മനുഷ്യരിലും സ്ഥിതിചെയ്യുന്നു. എന്നുമാത്രവുമല്ല വിദ്യ എന്നതു വ്യയം ചെയ്യുന്തോറും വർദ്ധിക്കുന്നതായ ഒരു സർവ്വപ്രധാനമായ ധനവുമാകുന്നു.

ഭൂലോകത്തിലുള്ള സകല സാഹിത്യങ്ങളിലും വച്ച് പ്രാചീനത്വം കൊണ്ടും, വിവിധത്വം കൊണ്ടും, ഗ്രന്ഥങ്ങളുടെ ധാരാ

ളതകൊണ്ടും, കവികളുടെ ആശയ പൌഷ്കല്യംകൊണ്ടും, പ്രധാനമായിരിക്കുന്നതു സംസ്കൃതസാഹിത്യം തന്നെ. സംസ്കൃതഭാഷയിലുള്ള കൃതികളുടെ പ്രസിദ്ധി പാശ്ചാത്യ രാജ്യങ്ങളിൽപോലും ധാരാളമായി വ്യാപിച്ചിട്ടുണ്ടു്. പ്രധാനങ്ങളായ പല ഗ്രന്ഥങ്ങൾ ഇൻഡ്യയിലെ എല്ലാ നാട്ടുഭാഷകളിലും തർജ്ജമ ചെയ്തിട്ടുള്ളതു കൂടാതെ, മിക്ക പാശ്ചാത്യഭാഷകളിലും പരിഭാഷപ്പെടുത്തിട്ടുണ്ടു്. ഇൻഡ്യാരാജ്യത്തിൽ ഇപ്പോൾ പ്രചാരത്തിലിരിക്കുന്ന അധികം ഭാഷകളുടേയും അടിസ്ഥാനം സംസ്കൃതഭാഷതന്നെ. അപൂർവം ചില ഭാഷകളുടെ ഉത്ഭവം സംസ്കൃതത്തിൽ നിന്നു് അല്ലെങ്കിലും അവയുടെ ശബ്ദകോശങ്ങൾ സംസ്കൃതഭാഷയുടെ സഹായത്താൽ ക്രമത്തിലധികം വർദ്ധിക്കാനിടയായിട്ടുണ്ടു്. നമ്മുടെ മാതൃഭാഷയായ മലയാളത്തിന്റെ സകല ശ്രേയസ്സും സംസ്കൃതത്തിൽ നിന്നും ഉത്ഭവിച്ചിട്ടുള്ളതാകകൊണ്ടു ഗൈവാണിയുടെ ചരിത്രം മലയാളികൾ അവശ്യം അറിഞ്ഞിരിക്കേണ്ടതാകുന്നു.

ആധുനികകാലത്തു പരിഷ്കാരത്തിന്റെ മുന്നണിയിൽ നിൽക്കുന്ന പല ജാതിക്കാരും കേവലം അപരിഷ്കൃതന്മാരായിരുന്ന പ്രാചീനകാലത്തു ഹിന്ദുക്കളുടെ പൂർവികന്മാർ വളരെ മനഃപരിഷ്കാരം സിദ്ധിച്ചിട്ടുള്ളവരായിരുന്നു. അവർ സംസ്കൃത സാഹിത്യത്തിന്റെ

അസ്ഥിവാരം നിൎമ്മിച്ചിട്ട് ഇപ്പോൾ നാലായിരത്തിൽപരം സംവത്സരം ആയിട്ടുണ്ടു്. അതിന്റെ ചരിത്രം രണ്ടു പ്രധാന ഭാഗങ്ങളായി വിഭജിക്കാവുന്നതാണു്. ആദ്യകാലം മുതൽക്ക് ബി—സി ൨൦൦-ാമാണ്ടുവരെയുള്ള കാലത്തിനു വൈദിക സാഹിത്യകാലമെന്നും, ബി. സി. ൨൦൦ മുതൽ എ-ഡി ൧൦൦൦-ാമാണ്ടുവരെയുള്ള കാലത്തിനു സംസ്കൃതകാലമെന്നും സാഹിത്യജ്ഞന്മാർ നാമധേയം കല്പിച്ചിരിക്കുന്നു. വൈദിക കാലത്തിൽ ആൎയ്യന്മാർ ഹിമാലയപൎവ്വതനിരയുടെ തെക്കും, വിന്ധ്യാചലത്തിനു വടക്കുമുള്ള പ്രദേശത്തെ കൈവശപ്പെടുത്തി സ്ഥിരവാസം ചെയ്തിരുന്നു. അക്കാലത്തെ കൃതികൾ പ്രായേണ മതത്തോടു സംബന്ധിച്ചുള്ളവയായിരുന്നു. വേദങ്ങളും, ബ്രാഹ്മണങ്ങളും, ആരണ്യങ്ങളും, സൂത്രങ്ങളും അക്കാലത്താണു് ഉത്ഭവിച്ചിട്ടുള്ളതു. ഇവയിൽ ആദ്യമുണ്ടായതു് ഋഗ്വേദംതന്നെ. അതിൽ പ്രാചീന ഹിന്ദുക്കൾ വന്ദിച്ചിരുന്ന ദേവതകളെക്കുറിച്ചുള്ള അസംഖ്യം സ്തോത്രങ്ങൾ അടങ്ങിയിരിക്കുന്നു. ഋഗ്വേദത്തിൽ നിന്നും നാം ശ്ലോകങ്ങൾ എടുത്തു യാഗങ്ങളുടെ ഓരോ ഘട്ടത്തിലും ഉപകരിക്കത്തക്കവണ്ണം അനുക്രമമായി കൂട്ടിച്ചേൎത്തിട്ടുള്ളതിനെ ആണു് സാമവേദം എന്നു പറയുന്നതു്. യജുൎവേദത്തിൽ ഋഗ്വേദത്തിൽനിന്നും എടുത്തിട്ടുള്ള ശ്ലോകങ്ങൾക്കു പുറമെ ഗ

താനും ഗദ്യശകലങ്ങൾ കൂടെയുണ്ടു്. അതിനാൽ അവയുടെ എല്ലാററിന്റേയും ഉത്ഭവം ഋഗ്വേദത്തിൽ നിന്നാണെന്നു സിദ്ധമാണല്ലൊ. അഥൎവ്വവേദത്തിനു ഋഗ്വേദത്തെക്കാൾ വളരെ പഴക്കം കുറയും. അതിൽ മന്ത്രവാദത്തിനും, ക്ഷുദ്രപ്രയോഗത്തിനും ഉതകുന്ന മന്ത്രങ്ങൾ ഉൾപ്പെട്ടിരിക്കുന്നു.

വേദങ്ങൾ ഉത്ഭവിച്ചതിന്റെ ശേഷം ഹിന്ദുക്കളുടെ മതസംബന്ധമായ അനുഷ്ഠാനങ്ങൾക്കു വേറെ സ്തോത്രങ്ങൾ ആവശ്യപ്പെട്ടിട്ടില്ല. അതുകൊണ്ടു പിന്നത്തെ സൂരികളുടെ ശ്രദ്ധ വേദങ്ങളിലുള്ള ഗഹനാൎത്ഥങ്ങളെ വ്യാഖ്യാനിക്കുന്നതിൽ വിനിയോഗിക്കപ്പെട്ടു ഈ വ്യാഖ്യാനിക്കുന്നതിൽ വിനിയോഗിക്കപ്പെട്ട ഈ വ്യാഖ്യാനങ്ങൾക്കു ബ്രാഹ്മണങ്ങളെന്നു പേർ പറയുന്നു. ഇവയിൽ ഉൾപ്പെട്ടിട്ടുള്ള തത്വസിദ്ധാന്തികൾക്കു ഉപനിഷത്തുകളെന്നും പേർ ലഭിച്ചു. അന്നത്തെക്കാലത്തു് ലേഖനവിദ്യ ഇല്ലാതിരുന്നതുകൊണ്ടു വിദ്യാൎത്ഥികൾക്കു ഗുരുമുഖത്തിൽ നിന്നും കേട്ടു പഠിക്കാമെന്നേ നിവൃത്തിയുണ്ടായിരുന്നുള്ളു. എന്നാൽ വേദങ്ങളുടേയും ബ്രാഹ്മണങ്ങളുടേയും സംഖ്യ ക്രമത്തിലധികം വൎദ്ധിച്ചുപോയതിനാൽ അവയെ എല്ലാം ഓൎമ്മയിൽ നിറുത്തുവാൻ ദുസ്സാദ്ധ്യമായിത്തീൎന്നു. പഠിക്കുന്നവരുടെ ശ്രമം ലഘുപ്പെടുത്തുവാനായി വിദ്വാന്മാർ സൂത്രങ്ങൾ നിൎമ്മിച്ചു. ഈ സൂ

ത്രങ്ങൾ വളരെ സംക്ഷിപ്തമായും, ബുദ്ധിപൂൎവ്വമായും നിൎമ്മിക്കപ്പെട്ടിരുന്നതിനാൽ പഠിക്കുവാനും ഓൎമ്മിക്കുവാനും വളരെ എളുപ്പമുണ്ടായി, മതസംബന്ധമായ കാൎയ്യങ്ങളെപ്പററി പ്രതിപാദിക്കുന്ന സൂത്രങ്ങൾക്കു ശ്രൗതസൂത്രങ്ങളെന്നും, ഗൃഹകാൎയ്യങ്ങളെപ്പററിയുള്ളവയ്ക്കു ഗൃഹ്യസൂത്രമെന്നും, സാമുദായികമായും നിയമസംബന്ധമായുമുള്ളവയ്ക്കു ധൎമ്മസൂത്രമെന്നും പേർ പറയുന്നു.

മേൽപറയപ്പെട്ടിട്ടുള്ള മതഗ്രന്ഥങ്ങൾ ഉത്ഭവിച്ചു കുറെക്കാലം കഴിഞ്ഞപ്പോഴാണു് ഇതിഹാസങ്ങളും പുരാണങ്ങളും ഉണ്ടാകുവാനിടയായതു്. ഇവയിൽ ഇതിഹാസത്തിനു്:—

“ധൎമ്മാൎത്ഥകാമമോക്ഷാണാമുപദേശ
സമന്വിതം
പൂൎവ്വവൃത്തം കഥായുക്തമിതിഹാസം
പ്രചക്ഷതേ”

എന്നും, പുരാണത്തിനു്:—

“സൎഗ്ഗശ്ചപ്രതിസൎഗ്ഗശ്ച വംശോമന്വന്തരാ-
ണി ച
വംശാനുചരിതം ചൈവ പുരാണം പഞ്ച-
ലക്ഷണം”

എന്നും ഞങ്ങൾ പറഞ്ഞിരിക്കുന്നു. ഭാരതവും രാമായണവും ഇതിഹാസങ്ങളും ഭാഗവതം പുരാണവുമാകുന്നു.

ഭരതമഹാരാജാവിന്റെ സന്താനങ്ങളുടെ ച

ിത്രത്തെപ്പററി പറയുന്നതുകൊണ്ടാണു ഭാരതത്തിന് ഈ പേര സിദ്ധിക്കാനിടയായതെന്നു ചിലരും, അത്ല്ല ... ഞ്ഞൊന്നതിൻെറ വ്യാപ്തികൊണ്ടാണെ ... ന്നു ചിലരും അഭിപ്രായപ്പെടുന്നുണ്ടു്. ധമ്മക്ഷേത്രമായ കുരുക്ഷേത്രത്തിൽ വച്ചു നടന്ന ഘോരമായ യുദ്ധവും ആ യുദ്ധത്തിനു കാരണമായ സംഗതികളും വിജയലബ്ധിക്കുശേഷം ജേതാക്കൾ ചെയ്ത പ്രവൃത്തികളുമാണു് മഹാഭാരതത്തിനു് വിഷയമായിത്തീന്നിട്ടുള്ളതു്. ഭാരതത്തിൻെറ കർത്താവു് പരാശരപുത്രനായ വ്യാസനാണെന്നു് പണ്ഡിതന്മാർ വിശ്വസിച്ചിരിക്കുന്നു. വ്യാസൻെറ കൃതിയുടെ പേർ "വിജയം" എന്നായിരുന്നു. രാത്രിയും പകലും ഒരുപോലെ മൂന്നു സംവത്സരകാലം ജോലിചെയ്താണു് വിജയത്തെ പൂർത്തിയാക്കിയതെന്നു് ഐതിഹ്യമുണ്ടു്. വ്യാസൻെറ കൃതിയെ വൈശമ്പായനൻ പ്രസിദ്ധകരിച്ചുവെന്നും, വിജയമെന്നുള്ള നാമധേയം മാററി ഭാരതമെന്നു പേരുകൊടുത്തുവെന്നും എത്രാനും ശ്ലോകങ്ങൾ ഇടംപ്രഥമമായി കൂട്ടിച്ചേർത്തുവെന്നും കാണിക്കുന്ന ചില ലക്ഷ്യങ്ങളുണ്ടു്.

വൈശമ്പായനൻെറ കൃതിയിൽ പല പുതിയ ഉപാഖ്യാനങ്ങളും സ്തുതികളും കൂട്ടിച്ചേർത്തു മഹാഭാരതമെന്നു പേരുകൊടുക്കുകയും ഹവ്യ-പർവമായി വിഭജിക്കുകയും ചെയ്തതു സൌ

തിയെന്നൊരു കവിയാണു്. മഹാഭാരതം പല മാതിരിയുള്ള ഭേദഗതികൾക്കു വശപ്പെട്ടിട്ടുണ്ടു്. അനേകം കവികളുടെ മനോധർമ്മമുദ്രകൾ അതിൽ കാണ്മാനുണ്ടു്. സകലവിധമായ വിജ്ഞാനവും, അതിൽ അടക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ചില കവികൾ പരിശ്രമിക്കയാൽ ഉപ്പുതൊട്ടു കർപ്പൂരംവരെയുള്ള സകലതും അതിൽ ഉൾപ്പെടുവാനിടയായി. മഹാഭാരതത്തിന്നു് ആകപ്പാടെ നോക്കിയാൽ ഒരു ഐകരൂപ്യക്കുറവു കാണുന്നതു് ഇക്കാരണത്താലാകുന്നു. എന്നാൽ കഥയുടെ മാഹാത്മ്യവും, കഥാപാത്രങ്ങളുടെ വിവിധത്വവും, കവിതയുടെ രസികത്വവുംകൊണ്ടു ഭാരതം ഹിന്തുക്കളുടെ ഇടയിൽ സർവത്ര പ്രചാരത്തിലിരിക്കുന്നതുകൂടാതെ യൂറോപ്പ മുതലായ അന്യദേശങ്ങളിൽ കൂടി അതിൻെറ കീർത്തി വ്യാപിക്കുവാനിടയായിരിക്കുന്നു. ഭാരതത്തിന്റെ ഭാഷാരീതി ലളിതവും സുഗ്രഹവുമാണെന്നുകൂടി ഇവിടെ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഹിന്തുക്കളുടെ പ്രധാന മതഗ്രന്ഥമായ ഭഗവൽഗീത ഭാരതത്തിൻെറ ഒരംശമാകുന്നു.

മഹാഭാരതം ഉത്ഭവിച്ചു രൂപീകരിച്ചു കാലത്തുതന്നെയാണു രാമായണവും ഇപ്പോഴത്തെ രൂപത്തെ അവലംബിച്ചതു്. രാമായണത്തിൻെറ കർത്താവു വാത്മീകിയാണെന്നു പണ്ഡിതന്മാർ എല്ലാവരും വിശ്വസിക്കുന്നുണ്ടു്. കോ

സലരാജാവായ രാമന്റെ ചരിത്രമാണു് വാല്മീകി കവിതാവിഷയമായി സ്വീകരിച്ചതു്. ശ്രീരാമനെപ്പററി വളരെ ഐതിഹ്യങ്ങൾ കോസലരാജ്യത്തു പ്രചരിച്ചിരുന്നുവെന്നും അവയെ ശേഖരിച്ചു ക്രമപ്പെടുത്തി കാവ്യത്തിന്റെ രീതിയിൽ എഴുതുവാൻ മാത്രമേ വാല്മീകി ശ്രമിച്ചിട്ടുള്ളുവെന്നും ചിലർ അഭിപ്രായപ്പെടുന്നു. രാമായണത്തിൽ ആദ്യകാലത്തു് അഞ്ചുകാണ്ഡങ്ങളേ ഉണ്ടായിരുന്നുള്ളു. വാല്മീകിയുടെ കൃതി അത്രമാത്രമേയുള്ളു എന്നും, പിന്നീടു രണ്ടു കാണ്ഡങ്ങൾകൂടി ചേർത്തു വിഷ്ണുഭക്തി ഹിന്ദുസ്ഥാനത്തിൽ പ്രചരിച്ചതിന്റെ ശേഷമാണെന്നും ചിലർ വിചാരിക്കുന്നു. ശ്രീമാൻ ദേവാംശത്തിൽ നിന്നും സംഭവിച്ചതായും അത്ഭുതകരങ്ങളായ അനേകം പ്രവൃത്തികൾ ചെയ്തതായും പ്രസ്താവിക്കപ്പെട്ടിരിക്കുന്നതു് ആ കാരണത്താലാണു്. ഏതായാലും വാല്മീകിയുടെ കൃതിയോടു ഭാവികാലത്തെ കവികൾ മനോധർമ്മംപോലെ ഓരോ ഭാഗങ്ങൾ കൂടി ചേർത്തു എന്നു ഊഹിക്കാൻ തക്കതായ ന്യായങ്ങളുണ്ടു്. ഈ വിശേഷമായ കവിത കുശലന്മാർ മുഖേന ഹിന്ദുസ്ഥാനമൊട്ടുക്കു പരക്കാനിടയായി. മഹാഭാരതം ഉണ്ടാക്കിയ കവികൾക്കു രാമായണകഥ പരിചിതമായിരുന്നുവെന്നുള്ളതിനു രാമോപാഖ്യാനം ഭാരതത്തിൽ ചേർത്തിരിക്കുന്നതു തന്നെ

തക്കതായ ലക്ഷ്യമാകുന്നു. രാമായണത്തിന് ആദികാവ്യമെന്നും, വാല്മീകിക്കു് ആദി കവിയെന്നും സാധാരണ പറഞ്ഞുവരാറുണ്ടു്. രാമായണം ഹിന്ദുക്കളുടെ സ്ഥിരമായ ഭക്തിക്കും ദൃഢമായ ബഹുമാനത്തിനും പാത്രീഭവിച്ചിട്ടുള്ളതും, പണ്ഡിതന്മാരാലും പാമരന്മാരാലും ഒന്നുപോലെ ആദരിക്കപ്പെട്ടുവരുന്നതും സുപ്രസിദ്ധമാണല്ലോ. ഹിന്ദുമതം ഇൻഡ്യാരാജ്യത്തിന്റെ നാനാഭാഗങ്ങളിലും പരന്നശേഷം ജനങ്ങളുടെ അദ്ധ്യയനത്തിനായി ചില കൃതികൾ ഉണ്ടായി. പതിനെട്ടു പുരാണങ്ങളുടേയും ഉത്ഭവം ഇപ്രകാരമാണു്. ചില പുരാണങ്ങൾക്കു പഴക്കം വളരെ കുറയും.

രാമായണവും മഹാഭാരതവും ഉത്ഭവിച്ചു ശേഷം വളരെ ശതവർഷക്കാലത്തേയ്ക്കു സാഹിത്യചരിത്രത്തിൽ പ്രാധാന്യം വഹിക്കുന്ന സംഭവങ്ങൾ ഒന്നും ഉണ്ടായില്ല. എന്നാൽ ഹർഷവർദ്ധനന്റെ രാജ്യഭാരകാലത്തിൽ ബാണഭട്ടൻ രചിച്ചിട്ടുള്ളതായ ഹർഷചരിതത്തിൽനിന്നും അക്കാലത്തു കാളിദാസ പ്രഭൃതികളുടെ പ്രസിദ്ധി ദൃഢമൂലമായിത്തീർന്നിരുന്നുവെന്നു്. അറിയാവുന്നതാണു്. പ്രസിദ്ധ വൈയാകരണനായ പാണിനി മഹാഭാഷ്യം രചിച്ചതും അക്കാലത്തിനു കുറെ മുമ്പെയാണു്. പാണിനിയുടെ വ്യാകരണവാദികൾ അന്നു മുതൽ എല്ലാ കവികളും ആചരിച്ചുവന്നു. കാവ്യത്തിന്റെ ല

ക്ഷണങ്ങൾ ഇന്നിന്നവയാണെന്നു് അചിരേ
ണ തീരുമാനിക്കപ്പെട്ടു

സംസ്കൃതകാവ്യങ്ങളിൽവച്ചു സർവ്വപ്രകാരേണയും പ്രഥമസ്ഥാനത്തെ വഹിക്കുന്നതു രഘുവംശവും, കുമാരസംഭവവുമാകുന്നു അതു രണ്ടും മഹാ കവിയായ കാളിദാസൻെറ കൃതികൾ തന്നെ കാളിദാസൻ ജീവിച്ചിരുന്ന കാലത്തെക്കുറിച്ചു പണ്ഡിതന്മാരുടെയിടയിൽ ദീർഘമായ വാദപ്രതിവാദങ്ങളുണ്ടായിട്ടുണ്ടു്.

"ധന്വന്തരിക്ഷപണകാമരസിംഹശങ്കു
വേതാളഭട്ടഘടകർപ്പരകാളിദാസാഃ
ഖ്യാതോവരാഹമിഹിരോനൃപതേസ്സഭായാം
രത്നാനിവൈവരരുചിർന്നവവിക്രമസ്യ"

എന്ന ശ്ലോകത്തെ അടിസ്ഥാനപ്പെടുത്തി ചിലർ കാളിദാസൻ ജീവിച്ചിരുന്നതു് ഉജ്ജയിനി രാജാവായ വിക്രമാദിത്യൻെറ കാലത്താണെന്നു വാദിക്കുന്നു. എന്നാൽ വിക്രമാദിത്യൻ എന്ന പേരോടുകൂടി വളരെ രാജാക്കന്മാർ ഉണ്ടായിരുന്നതായി അനേകം തെളിവുകൾ ഉള്ളതിനാൽ കാളിദാസൻെറ കാലം നിർണ്ണയിക്കാൻ വളരെ പ്രയാസങ്ങൾ നേരിടുന്നു. ഏതായാലും അദ്ദേഹം ജീവിച്ചിരുന്നതു ക്രിസ്തുവബ്ദം അഞ്ചാം ശതവർഷത്തിൻെറ പ്രാരംഭഘട്ടത്തിലാണെന്നു ഇപ്പോൾ മിക്കവാറും സ്ഥാപിച്ചുകഴിഞ്ഞിരിക്കുന്നു. രഘുവംശവും കുമാരസംഭവവും അവയുടെ അകൃത്രിമമായ ശബ്ദസൌഷ്ഠവംകൊണ്ടും സർവ്വതോമുഖമായ അർത്ഥപുഷ്ടികൊണ്ടും

കാവ്യങ്ങളിൽ പ്രധാനസ്ഥാനത്തെ അർഹിക്കുന്നവ നല്ലതു സർവ്വസമ്മതമാണു്.

കാളിദാസന്റെ കൃതികളിൽ മേഘസന്ദേശവും ഋതുസംഹാരവും കൂടി ഇവിടെ എടുത്തുപറയാനുണ്ടു്. കുബേരന്റെ ഭൃത്യന്മാരിൽ ഒരുവനായ യക്ഷൻ രാമഗിരിയിൽ താമസിക്കുന്ന കാലത്തു് അളകാപുരിയിൽ വസിക്കുന്ന തന്റെ പ്രാണപ്രിയയോടു പറഞ്ഞയയ്ക്കുന്ന സന്ദേശമാണു് മേഘസന്ദേശത്തിന്റെ വിഷയം. ഋതുസംഹാരം ആറു ഋതുക്കളുടേയും വർണ്ണനയാകുന്നു. ഈ കൃതികൾ രണ്ടിലും പ്രകൃതിയുടെ വിലാസങ്ങൾ രമണീയമായി വർണ്ണിച്ചിരിക്കുന്നു. അവ നൈസർഗ്ഗികമായ കവിത്വംകൊണ്ടു പരിപൂർണ്ണമായിരിക്കുന്നു. ആശയങ്ങളുടെ രസികത്വവും ശബ്ദങ്ങളുടെ ഭംഗിയും അധികമായി ശോഭിക്കുന്ന വേറെയുംചില ഖണ്ഡകൃതികൾ ഉണ്ടു്. ഭർത്തൃഹരിയുടെ ശൃംഗാരശതകം, ബിൽഹണന്റെ ചൌരപഞ്ചാശികം, ശൃംഗാരതിലകം, അമരുകശതം മുതലായ കൃതികൾ മേല്പറയപ്പെട്ട ജാതിയിൽ ഉൾപ്പെടുന്നതാണു്. ഈ ചെറിയ കൃതികളിൽ നിറഞ്ഞിരിക്കുന്ന മാധുര്യം കേവലം വാചാമഗോചരമാകുന്നു.

കിരാതാർജ്ജുനീയം, ഭട്ടികാവ്യം, ശിശുപാലവധം, നൈഷധം എന്ന നാലു കാവ്യങ്ങളും ഭണ്ഡി എന്ന പണ്ഡിതനാൽ രചിക്കപ്പെട്ട

കാവ്യാദർശം എന്ന ഗ്രന്ഥത്തിലെ വിധിപ്രകാരം നിർമ്മിച്ചിട്ടുള്ളവയാണു്. ഇവയിൽ കിരാതാർജ്ജുനീയം ഭാരവികവിയുടേയും, ഭട്ടികാവ്യം ഭർത്തൃഹരിയുടേയും, ശിശുപാലവധം മാഘന്റേയും, നൈഷധം ശ്രീഹർഷന്റേയും കൃതികളാകുന്നു. ഈ കവികൾ എല്ലാവരും സമർത്ഥന്മാരും വാസനക്കാരുമായിരുന്നുവെന്നുള്ളതിനു സംശയമില്ല. എന്നാൽ അവർ കൃത്രിമഭംഗിയെ ദീക്ഷിച്ചതിനാൽ ഈ കാവ്യങ്ങൾക്കു കാളിദാസന്റെ കൃതികളെപ്പോലെ തന്മയത്വം വന്നിട്ടില്ല.

കവികൾ പദങ്ങൾകൊണ്ടു ചെപ്പടിവിദ്യകാണിക്കാൻ ഒരുങ്ങിയതുകൊണ്ടു് ഇക്കാലത്തെ ഗ്രന്ഥങ്ങൾക്കു വളരെ ദൂഷ്യം പറ്റീട്ടുണ്ടു്. പ്രാസവും അനുപ്രാസവും, യമകവും മുതലായി വിവിധങ്ങളായ ശബ്ദസംഘടനയാൽ കവികൾ ഹാനികരമായി പരിണമിച്ചു. നളോദയമെന്ന യമകകാവ്യത്തിൽ ഈ ദോഷം പ്രത്യക്ഷമാകുന്നുണ്ടു്. എന്നാൽ ഇപ്രകാരമുള്ള പ്രയോഗഭംഗി പരമകാഷ്ഠയെ പ്രാപിച്ചിട്ടുള്ള കവിരാജന്റെ കൃതിയായ "രാഘവപാണ്ഡവീയത്തി"ലാകുന്നു. ശ്ലോകങ്ങൾ ഒരു പ്രകാരത്തിൽ പദം മുറിച്ചാൽ രാമായണകഥയും, വേറൊരു പ്രകാരത്തിൽ പദം മുറിച്ചാൽ ഭാരതകഥയും, മനസ്സിലാകത്തക്കവണ്ണം അതിശയകരമായ സാമർത്ഥ്യത്തോടുകൂടിയാണു് പ്രസ്തുത കാവ്യം നി

മ്മിച്ചിട്ടുള്ളതു്. ഇപ്രകാരമുള്ള ഒരു കവിത മ
റെറാരു ഭാഷകളിലും ഇല്ല. അങ്ങിനെ എഴു
താൻ സാധിക്കുന്നതുമല്ല.

മേൽപ്പറയപ്പെട്ട കാവ്യങ്ങൾ ഉത്ഭവിച്ച
കാലത്തു് ഏതാനും ഗദ്യകൃതികളും ഉണ്ടായിട്ടു
ണ്ടു്. അവയിൽ പ്രധാനമായിട്ടുള്ളതു ദണ്ഡിയു
ടെ ദശകുമാരചരിതവും, സുബന്ധുവിന്റെ വാ
സവദത്തയും, ബാണന്റെ ഹർഷചരിതവുമാ
കുന്നു. ഈ കൃതികൾ പലമാതിരി വൃത്താന്ത
ങ്ങളുടെ ഭണ്ഡാരമാകുന്നു. ചരിത്രസംബന്ധമാ
യ സംഗതികളും, മനോരാജ്യസങ്കല്പമായ കെ
ട്ടുകഥകളും അവയിൽ ഉൾപ്പെട്ടിട്ടുണ്ടു്. മനോ
ഹരങ്ങളായ അലങ്കാരങ്ങളും, യഥാർത്ഥകവിത
യുടെ മററു ചിഹ്നങ്ങളും ഈ കൃതികളിൽ അ
ങ്ങുമിങ്ങും ചിതറിക്കിടക്കുന്നതായി കാണാം.
എന്നാൽ അവയുടെ നിർമ്മിതി താളവും ത
ന്തിയുമില്ലാതെ ബോധിച്ചതുപോലെയാണെ
ന്നു സമ്മതിക്കാതെ നിവൃത്തിയില്ല. കഥകളു
ടെ ഇതിവൃത്തവും എല്ലായ്പോഴും പ്രശംസ
നീയമായിരിക്കുന്നില്ല സന്ദർഭത്തിൽ അനുകൂ
ലമായി പദപ്രയോഗം ചെയ്യുന്നതിനു പകരം
പദപ്രയോഗത്തിലുള്ള സാമർത്ഥ്യം കാണിക്കാ
ൻ അനാവശ്യമായ സന്ദർഭങ്ങൾ സൃഷ്ടിക്കുന്ന
തിൽ ഈ ഗ്രന്ഥകാരന്മാർ വളരെ അഭിരുചി
യുണ്ടായിരുന്നു. ദീർഘങ്ങളായ സന്ധികളും സ
മാസങ്ങളും ഏച്ചുകെട്ടി രണ്ടുംമൂന്നും പുറം നീ

ട്ടീട്ടുള്ള വാചകങ്ങൾ ഈ കൃതികളിൽ ചിലതിന്റെ ഭംഗിക്കു ഹാനികരമായിത്തീൎന്നിട്ടുണ്ട്.

സംസ്കൃതത്തിൽ പ്രസിദ്ധങ്ങളായ നാടകങ്ങൾ വളരെയുണ്ട്. നാടകത്തിന്റെ അംകുരങ്ങൾ ഏററവും പ്രാചീനകാലത്തു തന്നെ കാണുന്നുണ്ട്. നാടകത്തിന്റെ ഉത്ഭവം സംഗീതത്തിന്റെയും നൃത്തത്തിന്റെയും സംഗമംകൊണ്ടാണ്. അതോടുകൂടി അല്പം സംഭാഷണവും ചേൎന്നാൽ നാടകത്തിനുള്ള സാമഗ്രികൾ പരിപൂൎണ്ണമായെന്നു വ്യാഖ്യാനിക്കാം. അതിനാൽ ജയദേവന്റെ "ഗീതാഗോവിന്ദം" ഒരു മാതിരി നാടകമാണെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു.

നാടകനിൎമ്മാണത്തിൽ കവികൾ ചില ക്ലിപ്തനിയമങ്ങളെ അനുസരിച്ചിരിക്കുന്നു. കഥയുടെ ഓരോ ഘട്ടങ്ങളിൽ ഏതെല്ലാം രസമുണ്ടായിരിക്കണമെന്നും, നായികാനായകന്മാൎക്ക് എന്തെല്ലാം യോഗ്യതാംശങ്ങൾ വേണമെന്നും, സന്തോഷസന്താപങ്ങൾ ഉണ്ടാക്കേണ്ടത് ഏതുപ്രകാരത്തിലാണെന്നും വ്യക്തമായി നിൎബന്ധിക്കപ്പെട്ടിരിക്കുന്നു. കഥയിൽ എത്രതന്നെ ശോകരസമുണ്ടായാലും അതിന്റെ അവസാനം മംഗളമായിരിക്കണമെന്നുള്ള നിയമത്തെ നാടകകൎത്താക്കന്മാർ നിഷ്കൎഷയായി അനുസരിച്ചു. സംസ്കൃതനാടകങ്ങളിൽ വിശിഷ്ടങ്ങളായ ആശയങ്ങളെല്ലാം ശ്ലോകത്തിലാണ്.

അവയിലുള്ള ഗദ്യശകലങ്ങളും അപ്രധാനവും ശ്ലോകങ്ങളുടെ അൎത്ഥം മനസ്സിലാക്കാനുള്ള പദ്ധതിയായി വിചാരിക്കേണ്ടതുമാകുന്നു. നാടകത്തിലുള്ള ഭാഷാരീതിക്കും ചില നിബന്ധനകളുണ്ട്. രാജാക്കന്മാർ ബ്രാഹ്മണർ മുതലായി ഉന്നതസ്ഥാനത്തിലുള്ള കഥാപാത്രങ്ങൾ സംസ്കൃതവും, സ്ത്രീകളും പരിചാരകന്മാരും പ്രാകൃതവും ഉപയോഗിക്കുന്നു.

ഇതിവൃത്തത്തിന്റെ ഘടനയിലും പാത്രങ്ങളെ യോജിപ്പിക്കുന്നതിലും സംസ്കൃത കവികൾ വളരെ ചാതുൎയ്യം കാണിച്ചിട്ടുണ്ട്. എന്നാൽ അവരിൽ അധികം പേരും പുരാണേതിഹാസങ്ങളിലുള്ള വല്ല കഥകളേയും തിരഞ്ഞെടുക്കുകയല്ലാതെ സ്വകപോലകല്പിതമായ കഥകൾ നിൎമ്മിച്ചിട്ടില്ല. ഈ നാടകങ്ങളിൽ നിന്നും അന്നത്തെ സാമുദായികസ്ഥിതി മനസ്സിലാക്കുവാൻ സൌകൎയ്യമുണ്ട്.

നാടകകൎത്താക്കന്മാരുടെ ഇടയിലും പ്രാധാന്യം വഹിക്കുന്നതു് കാളിദാസൻ തന്നെ. അദ്ദേഹം ശാകുന്തളം, വിക്രമോൎവ്വശീയം, മാളവികാഗ്നിമിത്രം എന്നീ നാടകങ്ങളുണ്ടാക്കിയിട്ടുണ്ട്. അവയിൽ ശാകുന്തളം ദുഷ്ഷന്തരാജാവും, കണ്വപുത്രിയായ ശകുന്തളയും തമ്മിൽ സ്നേഹമായി ഗാന്ധൎവ്വവിവാഹം കഴിച്ചതും, ദുൎവ്വാസസ്സിന്റെ ശാപം നിമിത്തം രാജാവു് ആ വസ്തുതയെല്ലാം മറന്നു് ശകുന്തളയെ നിരാ

കരികാൻ ഒരുമ്പെട്ടതും, ഒടുക്കംകളഞ്ഞുപോയ മോതിരം കണ്ടുകിട്ടി രാജാവിന്റെ വൃത്താന്തമെല്ലാം മനസ്സിലായതും, അവസാനത്തിൽ ശകുന്തളയെ പട്ടമഹിഷിയായി സ്വീകരിക്കുന്നതും എല്ലാം രമണീയമായി പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. വിക്രമോർവ്വശീയത്തിലെ കഥ പുരൂരവസ്സും ഉർവ്വശിയും തമ്മിലുള്ള പ്രണയവും തജ്ജന്യമായ സംഭവങ്ങളുമാകുന്നു. മാളവികാഗ്നിമിത്രത്തിലെ കഥ താഴെപറയുംപ്രകാരമാകുന്നു. ശുംഗരാജാവായ അഗ്നിമിത്രൻ രാജധാനിയിലെ തോഴിമാരിൽ ഒരുവളായ മാളവികയോടു കൃതപ്രണയനായിത്തീരുന്നു. ആ പ്രേമത്തിനു പല വിധേനയുള്ള പ്രതിബന്ധങ്ങൾ ഉണ്ടാകുന്നെങ്കിലും അവസാനത്തിൽ മാളവിക ഒരു രാജകുമാരിയാണെന്നു ബോദ്ധ്യപ്പെടുകയാൽ രാജാവ് അവളെ വിവാഹം ചെയ്തു സുഖമായി താമസിക്കുകയും ചെയ്യുന്നു.

കാളിദാസന്റെ നാടകങ്ങൾകൂടാതെ മൃച്ഛകടികാ, രത്നാവലി, നാഗാനന്ദം, മുദ്രാരാക്ഷസം, വേണീസംഹാരം, പ്രബോധചന്ദ്രോദയം മുതലായചില നാടകങ്ങൾ സുപ്രസിദ്ധങ്ങളായിത്തീർന്നിട്ടുണ്ട്. ഭവഭൂതിയുടെ കൃതികളായ ഉത്തരരാമചരിതം, മാലതീമാധവം, മഹാവീരചരിതം എന്നീനാടകങ്ങളും പ്രസിദ്ധങ്ങളാകുന്നു.

ഇനി ചില കഥാപുസ്തകങ്ങളെപ്പററി അ

ള്ളം പറയാനുണ്ട്. പഞ്ചതന്ത്രം എന്ന ഗ്രന്ഥം കഥകൾ മുഖേന വിജ്ഞാനത്തെയുണ്ടാക്കുവാനായി നിർമ്മിക്കപ്പെട്ടിട്ടുള്ളതാണ്. ഹിതോപദേശം എന്ന പുസ്തകത്തിന്റെ ഉദ്ദേശ്യവും അതുതന്നെയാണ്. വേതാളപഞ്ചവിംശതി, ശുകസപ്തതി, കഥാസരിത്സാഗരം, ബൃഹത്കഥാമഞ്ജരി മുതലായ കൃതികളും പ്രചാരത്തിലിരിക്കുന്നവയാണ്. ജനങ്ങൾക്കു സന്മാർഗ്ഗബോധത്തെയുണ്ടാക്കുവാനായും സംസ്കൃതകവികൾ ചില പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. ഭർത്തൃഹരിയുടെ നീതിശതകം, ബിൽഹണന്റെ ശാന്തിശതകം, ശങ്കരാചാര്യരുടെ മോഹമുൽഗരം മുതലായ കൃതികളും, നീതിമഞ്ജരി, സുഭാഷിതരത്നാവലി; സദുക്തികർണ്ണാമൃതം മുതലായ പാഠമാലകളും മേൽപറയപ്പെട്ട ഉദ്ദേശങ്ങളോടുകൂടി ഉണ്ടാക്കിട്ടുള്ളതാകുന്നു.

തത്വജ്ഞാനസംബന്ധമായ പുസ്തകങ്ങൾ സംസ്കൃതത്തിലുള്ളതുപോലെ മറ്റൊരു പ്രാചീനഭാഷയിലുമില്ല. ഈ വിഷയം ഋഗ്വേദം ഉണ്ടായ കാലം മുതൽക്കേ ഹിന്ദുക്കളുടെ ശ്രദ്ധയെ ആകർഷിക്കുകയാൽ അതിൽ ശോഭനമായ ഫലവും ഉണ്ടായിട്ടുണ്ട്. പുനർജന്മം, മോക്ഷം, കർമ്മം മുതലായ വിഷയങ്ങൾ വിദ്വാന്മാരുടെ നിരന്തരമായ ചിന്തയ്ക്കു പാത്രീഭവിച്ചിട്ടുണ്ട്. സംസാരദുഃഖത്തിൽ നിന്നു വിമുക്തരാകാനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കുവാനും അ

വക്കു് ആദ്യകാലം മുതൽക്കെ താല്പൎയ്യമുണ്ടായിരുന്നു. ഹിന്ദുമതം, ജൈനമതം, ബുദ്ധമതം മുതലായ മതങ്ങൾ ഉത്ഭവിച്ചതു് ഈ താല്പൎയ്യം നിമിത്തമാണു്. ഇതുകൂടാതെ കപിലർ, പതഞ്ജലി മുതലായ ആചാൎയ്യന്മാർ ഓരോരുത്തനു സിദ്ധാന്തങ്ങളെ ഉല്പാദിപ്പിച്ചുകൊണ്ടിരുന്നു. അങ്ങനെയാണു് യോഗാഭ്യാസവും മററുമുണ്ടാവാനിടയായതു്. ശങ്കരാചാൎയ്യരുടെ കാലത്തു് വേദാന്തസിദ്ധാന്തങ്ങൾ അധികമായി പ്രചരിച്ചു. കപിലന്റേയും പതഞ്ജലിയുടേയും ബാദരായണന്റേയും അഭിപ്രായങ്ങൾ യോജിച്ചു പരമകാഷ്ഠയെ പ്രാപിച്ചതു ഭഗവൽഗീതയെന്ന ഗ്രന്ഥത്തിലാകുന്നു. ഭഗവൽഗീത മതവിഷയത്തിൽ ഹിന്ദുക്കളുടെ ശാശ്വതസ്വത്താണെന്നുള്ളതു സൎവ്വസമ്മതമാണു്. ഈ വിശിഷ്ടകൃതിയിൽ അടങ്ങിയിരിക്കുന്ന ഉപദേശങ്ങൾ ബന്ധുക്കളോടു പരിപന്ഥികളെ വധിക്കാൻ മനസ്സുവരാതെ വിഷമിച്ചുനില്ക്കുന്ന അൎജ്ജുനനോടു പാൎത്ഥസാരഥിയായ ഭഗവാൻ അരുളിച്ചെയ്തതെന്നാണു് വിശ്വസിക്കപ്പെട്ടിരിക്കുന്നതു്. മനുഷ്യൻ ഏതവസരത്തിലും തന്റെ കൎത്തവ്യകൎമ്മങ്ങളെ ശരിയാകുംവണ്ണം ചെയ്യണമെന്നു ഭഗവൽഗീത നിസ്സൎഗ്ഗമധുരങ്ങളും പരിപൂതങ്ങളുമായ വചസ്സുകളാൽ ഉൽഘോഷിക്കുന്നു.

സംസ്കൃതത്തിലുള്ള തത്വജ്ഞാനപുസ്തക

ങ്ങളുടെ യോഗ്യത പാശ്ചാത്യന്മാർപോലും സമ്മതിക്കുന്നതാണ്. അതുപോലെ തന്നെ വൈദ്യം ഗണിതം, ശില്പശാസ്ത്രം മുതലായ ശാസ്ത്രങ്ങളെ പ്രതിപാദിക്കുന്ന പുസ്തകങ്ങളും, സംസ്കൃതത്തിൽ വളരെയുണ്ട്. ചരകൻെറ വൈദ്യഗ്രന്ഥങ്ങളും ആര്യഭട്ടൻെറ ഗണിതഗ്രന്ഥങ്ങളും വളരെ പ്രസിദ്ധമായിത്തീർന്നിട്ടുണ്ട്. ഈ വക ഗ്രന്ഥങ്ങളെപ്പററി ചുരുക്കമായിട്ടെങ്കിലും പ്രസ്താവിക്കാൻ ഈ ഉപന്യാസത്തിൻെറ സ്ഥിതിക്കു നിവൃത്തിയുള്ളതല്ല.

സംസ്കൃത സാഹിത്യത്തിൻെറ ചരിത്രത്തിൽ ഏതാനും പ്രധാനസംഗതികൾ മാത്രമെ ഇവിടെ പ്രസ്താവിച്ചിട്ടുള്ളു. പരിമിതമായ ഒരു ഉപന്യാസത്തിൽ വിശാലമായ ഈ വിഷയത്തെ ദീർഘമായി പ്രതിപാദിക്കാൻ സാധ്യമല്ല. സംസ്കൃതത്തിൻെറ ശുക്രദശ കഴിഞ്ഞിട്ട് ഇപ്പോൾ വളരെ ശതവർഷങ്ങളായിരിക്കുന്നു. അതിന്നിടയ്ക്ക് ഇൻഡ്യാമഹാരാജ്യത്തിൽ കാളിദാസപ്രഭൃതികളാൽ അപ്രതീക്ഷിതമായ പലമാതിരി പരിവർത്തനങ്ങൾ സംഭവിച്ചിട്ടുണ്ട്. എന്നാൽ സംസ്കൃതഭാഷ ഇതുവരെ വിസ്മൃതപ്രായമായിത്തീർന്നിട്ടില്ല. നേരെ മറിച്ച് ഭാരതീയരുടെയിടയിൽ സംസ്കൃതസാഹിത്യം ഇപ്പോഴും പ്രചാരത്തിലിരിക്കുന്നതുകൂടാതെ ആധുനിക പരിഷ്കാരത്തിൻെറ പ്രധാന സ്രഷ്ടാക്കളായ പാശ്ചാത്യന്മാ

തിക്കാരുടെ ബഹുമാനത്തിന്നും പഠനത്തിനും പാത്രീഭവിച്ചും ഇരിക്കുന്നതു് നമുക്കു് ഏററവും ആശ്വാസപ്രദമായ സംഗതിയാകുന്നു.

---

# സാഹിത്യമാഹാത്മ്യം

---

പതിനഞ്ചുവർഷക്കാലം മുൻപു് ഒരു ദിവസം വൈകുന്നേരം അന്നത്തെ കാളേജ് മലയാളസമാജം സിക്രട്ടറിയായിരുന്ന പി. അനന്തൻപിള്ള അവർകൾ എന്റെ ഗൃഹത്തിൽ വന്നു. ജൂബിലിഹാളിൽ ഒരു പ്രസംഗം ചെയ്‌വാനായി എന്നെ ക്ഷണിച്ചു. മലയാളസമാജത്തിന്റെ ഒരു വാർഷികയോഗത്തിൽ അഗ്രാസനം വഹിക്കാനായി മഹാകവി കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ വരുമെന്നും പ്രാസംഗികന്മാരായി നിശ്ചയിച്ചിരുന്നവർക്കു പെട്ടെന്നുണ്ടായ അസൌകര്യത്താൽ വന്നുചേരാൻ നിവൃത്തിയില്ലെന്നും ആ ഭാരം ഞാൻ ഏൽക്കണമെന്നും മററും സ്വതസ്സിദ്ധമായ ചിത്തവശീകരണശക്തികളാൽ മാററുകൂട്ടി, മടിക്കോ മനസ്സുകേടിനോ ലേശമെങ്കിലും ഒരു സ്ഥാനം അനുവദിക്കാതെ, അദ്ദേഹം ആവശ്യപ്പെട്ടു. മൂന്നുദിവസത്തെ ഇട മാത്രമേയുണ്ടായിരുന്നുള്ളുവെങ്കിലും ചെറുപ്പത്തിന്റെ ശക്തിയും ഉത്തരവാദിത്വജ്ഞാനത്തിന്റെ

കറവും പ്രസംഗപീഠത്തിനോടുള്ള താല്പൎയ്യവും നിമിത്തം ഞാൻ അപ്രകാരം സമ്മതിച്ചു പ്രസംഗം ഒരുമാതിരി കഴിഞ്ഞുകൂട്തയും ചെയ്തു. അന്നത്തെ സിക്രട്ടറി തന്നെയാണ് ഇന്നു തിരുവിതാംകൂർ വിദ്യാൎത്ഥിവൎഗ്ഗിനിസഭയുടെ സിക്രട്ടറിയായിരിക്കുന്നതു്. അന്നു് വേണ്ട അവസരം തരാത്ത അപരാധം ചിത്രഗുപ്തന്റെ കണക്കുപുസ്തകത്തിൽ കുറിച്ചിട്ടുള്ളതിനെ സൽപ്രവൃത്തിയാൽ റദ്ദുചെയ്യിക്കണമെന്നുള്ള സദുദ്ദേശ്യത്തോടുകൂടി മുപ്പതു ദിവസത്തിനു മുമ്പ് നമ്മുടെ സിക്രട്ടറി അതുപോലെ ഒരു വൈകുന്നേരത്തുതന്നെ എന്റെ അടുക്കൽ വന്നു് തി. വി. മഹായോഗത്തിൽ ഒരു പ്രസംഗം ചെയ്യണമെന്നു നിൎബന്ധമായിപ്പറഞ്ഞു. അതോടുകൂടി സന്ദൎഭോചിതമായ ഒരു വിഷയം തിരഞ്ഞെടുത്തുകൊള്ളാമെന്നുള്ള അനുവാദവും തന്നു. എന്റെ ജോലിയെ ഇതിനാൽ ലഘുപ്പെടുത്തുകയാണെന്നായിരുന്നു സിക്രട്ടറിയുടെ അഭിമാനം. എന്നാൽ അധികം സ്വാതന്ത്ര്യം അനുഭവിക്കുമ്പോഴാം ചുമതലയും വൎദ്ധിക്കുന്നതിനാൽ അദ്ദേഹത്തിന്റെ ഔദാൎയ്യം എന്റെ ബുദ്ധിമുട്ടിനെ ഇരട്ടിപ്പിക്കുകയാണു ചെയ്തിട്ടുള്ളതു്. കൂടുതൽ സമയം തന്നുകൊണ്ടു പ്രസംഗം തയാറാക്കാൻ കൂടുതൽ സൗകര്യം ഉണ്ടായിട്ടില്ലെന്നുംകൂടി ആദ്യമേതന്നെ പ്രസ്താവിച്ചുകൊള്ളട്ടെ.

തി. വി. മഹാസഭയുടെ സീമന്തത്തിലും ജാതകർമ്മത്തിലും ഞാനും പങ്കുകൊണ്ടിട്ടുണ്ട്. ബി. ഏ ക്ലാസിൽചേൻ പഠിക്കുവാനായി കോടിമതയാററിലെ വെള്ളപ്പൊക്കത്തെ അതിശയിക്കുന്ന ഉത്സാഹപ്രവാഹത്തോടുകൂടി കോട്ടയത്തുനിന്നും തിരുവനന്തപുരത്തുവന്ന ഒരു വിദ്യാർത്ഥിയുടെ ഉത്സാഹത്തിൽ കുന്നുകുഴിയിൽ അന്ന് "പട്ടിണിയും പരുവട്ടവു"മായി കഴിഞ്ഞുകൂടിയിരുന്ന ഒരുകടപള്ളിക്കൂട്ടത്തിൻ വച്ച സ്വരൂപം ധരിച്ച സഭ ഇപ്പോൾ മഹാപണ്ഡിതന്മാരുടെയും രാജ്യകാര്യധുരന്ധരന്മാരുടെയും സഹകരണത്താലും മഹാരാജാവുതിരുമനസ്സിലെ കരുണാവിശേഷത്താലും സ്ഥിരപ്രതിഷ്ഠയെ പ്രാപിച്ചിരിക്കുന്നു. സഭയുടെ ജനയിതാവ് ഇപ്പോഴും ചെറുപ്പമെങ്കിലും അച്ഛനും അപ്പൂപ്പനും ആയി, പ്രായത്താൽ പാകം വന്ന് ബ്രഹ്മാവിനെപ്പോലെ മൂക്കിൽ കണ്ണാടിയുംവച്ച് ലക്ഷക്കണക്കിൽ വിഹരിക്കുന്നു. ഈ ഇരുപത്താറു വർഷത്തിനുള്ളിൽ ദിവാൻജിമാരും ജഡ്ജിമാരും അനേകംപേർ പ്രപഞ്ചത്തിൽ നിന്നും മറഞ്ഞുപോയിരിക്കുന്നു. കേരളസാഹിത്യലോകത്തിലെ ചക്രവർത്തിയായിരുന്ന കേരളവർമ്മ വലിയകോയിത്തമ്പുരാനും ഇപ്പോഴത്തെ സാഹിതീരസജ്ഞന്മാരുടെയും കവികളുടെയും ഗുരുഭൂതനും, മഹാപണ്ഡിതനും പരിശുദ്ധമനസ്കനുമായ അനന്തപുരത്തു രാജരാജ

വർമ്മകോയിത്തമ്പുരാനും, മലപോലെയുള്ള പ്രയാസങ്ങളെ പേനകൊണ്ടു കുത്തിയെറിഞ്ഞു തന്റെ കവിതാധോരണിയ്ക്കു മാർഗ്ഗം തെളിച്ചുകൊടുത്ത കുഞ്ഞിക്കുട്ടൻ തമ്പുരാനും, മധുര പദാകലിതമായ ലളിത ഭാഷയിൽ ഇന്ദുലേഖാമാധവന്മാരുടെ അനുരാഗത്തെയും സ്വർണ്ണക്കമിഴുള്ള മിതിയടി സ്വർണ്ണപ്പനിനീർവിശറി മുതലായ ഉപകരണങ്ങളോടുകൂടി ഇങ്കിരിയസ്സ് പഠിച്ച ഇന്ദുലേഖയെ സംബന്ധം ചെയ്‌വാൻ പുറപ്പെടുന്ന നമ്പൂരിയെയും സർപ്പദൃഷ്ടിക്കാരൻ വൈത്തിപ്പട്ടരേയും; സൃഷ്ടിച്ചുതന്ന ചന്തുമേനവനും, 'മാർത്താണ്ഡവർമ്മ' എന്ന സാഹിത്യജ്യോതിസ്സിന്റെ ദീപ്തിയേയും സർവസമ്മതമായ ബുദ്ധിശക്തിയേയും വിസ്തരിച്ച് തിരുവിതാംകൂർ ദിവാൻജി ഒപ്പിട്ടയച്ച അരക്കടലാസിനെ ധിക്കരിക്കുവാൻ നിവൃത്തിയില്ലാതെ അച്ചടിയന്ത്രങ്ങളുടെ ഉൽഘോഷത്തിനും നിരന്തരമായ ആശാഭംഗത്തിനും അടിമപ്പെട്ടിരുന്നിട്ടും പ്രാരബ്ധവലയിതമായ വൃദ്ധമന്ത്രിയെ ഇളക്കി, ധർമ്മരാജ, രാമരാജബഹദൂർ, പ്രേമാമൃതം മുതലായ ഗ്രന്ഥങ്ങളാൽ പാശ്ചാത്യപൌരസ്ത്യരായ ആഖ്യായികകർത്താക്കളുടെ ഇടയിൽ ഒരു മാന്യസ്ഥാനം സമ്പാദിച്ച് തന്റെ സമ്പാദ്യങ്ങൾക്ക് കേരളീയരെ ജാതിവ്യത്യാസം കൂടാതെ അവകാശപ്പ

ത്തിയ വന്ദ്യനായ സി. വി. രാമൻപിള്ളയും നിർവാണപദം പ്രാപിച്ചിരിക്കുന്നു.

ഇതിനിടയ്ക്കു് ലോകഗതിതന്നെ വളരെ മാറിയിട്ടുണ്ടു്. നിർബന്ധപൂർവ്വമായ സൈനികനിബന്ധനകളും ശാസ്ത്രീയജ്ഞാനത്തിന്റെ വായ്പിലുള്ള പരാക്രമങ്ങളുംകൊണ്ടു് ലോകമാസകലം കീഴടക്കാനായി പുറപ്പെട്ട ജർമ്മൻചക്രവർത്തി വീടുംകൂടുമില്ലാതെ അലയുന്നു. സ്വേച്ഛാപ്രഭുക്കന്മാരായ രാജാക്കന്മാരിൽ അഗ്രഗണ്യനെന്നു കഥയിലും ചരിത്രത്തിലും വർണ്ണിതനായ റഷ്യാചക്രവർത്തി ഭാര്യാപുത്രാദികളോടുംകൂടി അന്തർദ്ധാനം ചെയ്തിരിക്കുന്നു. പരിഷ്കൃതസമ്പ്രദായങ്ങളുടെ ഫലംകൊണ്ടു് പ്രകൃതിയെ ജയിക്കുന്ന വിഷയത്തിൽ അദ്വിതീയന്മാരായി ദിഗ്വിജയശ്രേണിയിൽ കയറിക്കയറി വന്നിട്ടു് പ്രകൃതി ഒന്നു തുമ്മിയപ്പോൾ സകലവും ഭേദപ്പെട്ടു് ജപ്പാൻകാർ അന്യരാജ്യക്കാരുടെ അനുകമ്പയ്ക്കു പാത്രീഭവിച്ചിരിക്കുന്നു. ഇങ്ങനെ പരിവർത്തിനിയായ സംസാരത്തിൽ സകലവും മാറിയും മറിഞ്ഞും വരുകയും കാലധർമ്മവും യുഗധർമ്മവും വ്യത്യസ്തങ്ങളായിത്തീരുകയും ചെയ്യുന്നുണ്ടെങ്കിലും മനുഷ്യലോകത്തിലെ പരിമിതങ്ങളായ മാനദണ്ഡങ്ങൾ ഉപയോഗിച്ചു് അളവുകൾ എടുക്കുന്നപക്ഷം ചിലതെല്ലാം ക്ഷണഭംഗുരമെന്നും മറ്റു ചിലതെല്ലാം ശാശ്വതമെന്നും വ്യവഹരിക്കാ

വുന്നതാണ്. അവയിൽ ചിലത്ത് ഈശ്വരദ
ത്തവും വേറെ ചിലത്ത് ഈശ്വരദത്തമായ
ശക്തി ഉപയോഗിച്ചു മനുഷ്യർതന്നെ നിർമ്മി
ച്ചിട്ടുള്ളതുമാകുന്നു. ഭൂമി, ആകാശം, ജലം എ
ന്നിവ ആദ്യത്തെക്കൂട്ടത്തിലും, ഭാഷ, മതം,
സമുദായം എന്നിവ രണ്ടാമത്തെക്കൂട്ടത്തിലും
ചേർക്കാവുന്നതാണ്. ഇവയിൽ ഏതിനാണു
പ്രാധാന്യം എന്നന്വേഷിക്കുവാനായി ഒരുങ്ങു
ന്നതു് അണ്ടി മൂത്തതോ മാവു മൂത്തതോ എന്ന
ന്വേഷിക്കുവാൻ പുറപ്പെടുന്നതുപോലെ ആയി
രിക്കും. കടലും, കായലും, മലയും, സമതലവും
സൃഷ്ടിച്ചതു് ഈശ്വരൻ തന്നെയാണെന്നു സ
മ്മതിച്ചാലും തിരുവിതാംകൂറെന്നും കൊ
ച്ചിയെന്നും ഉള്ള അതിർത്തികൾ തിരിച്ചു് ക
ര തോട്ടിനിപ്പുറമെല്ലാം തിരുവിതാംകൂർ അ
പ്പുറം കൊച്ചി എന്നു തീരുമാനിച്ചതു മനു
ഷ്യൻതന്നെയാണ്. ഏഷ്യാ, യൂറോപ്പ്, ആ
ഫ്രിക്കാ, അമേരിക്കാ എന്നു ഭൂഖണ്ഡങ്ങൾ
ക്കു നാമകരണം ചെയ്തതു മനുഷ്യൻ തന്നെ
യായിരുന്നാലും ദീർഘകാലം കൊണ്ടു ദൃഢ
മായിട്ടുള്ള സംജ്ഞകൾ ഓരോരുത്തരും ബോ
ധിച്ചതുപോലെ മാററുകയാണെങ്കിൽ ലോ
കത്തിന്റെ പുരോഗതി അസാദ്ധ്യമായിത്തീ
രുന്നു. ഹിമാലയപർവതമെന്നും ഗംഗാന
ദിയെന്നും മററുമുള്ള പേരുകൾ യാദൃച്ഛികമാ
യി ഉണ്ടായതായിരിക്കാം. എങ്കിലും ഏറിയ

കാലത്തെ പരിചയംകൊണ്ടു് ആ നാമധേ
യങ്ങളെ പിരിച്ചുകളഞ്ഞുംവെച്ചു് പർവത
ത്തെയോ, നദിയേയോ, പേരില്ലാത്ത ഒന്നാ
യി വിചാരിക്കുവാൻ ആർക്കും കഴിയുന്നില്ല.
ഹിന്ദുക്കളുടെ മതവിശ്വാസത്തിന്റെ അടി
സ്ഥാനശിലയായ ഋഗ്വേദത്തിൽ വിഷ്ണുവും,
ശിവനും, വൈകുണ്ഠവും, കൈലാസവും ഇ
ല്ലെങ്കിലും അവരുടെ സാമൂഹ്യജീവിതത്തിന്
അവയുടെ സ്മരണയിന്മേൽ സ്ഥിതിചെയ്യുന്ന
ഇതിഹാസങ്ങൾ അത്യാവശ്യമായിരിക്കുന്നു.
അതുപോലെതന്നെ ഭിന്നങ്ങളായ രാഷ്ട്ര
ങ്ങൾ ജഗന്നിയന്താവിന്റെ ആദ്യസൃഷ്ടിയിൽ
പെട്ടതല്ലെങ്കിലും പരിഷ്കൃത ജനസമുദാ
യത്തിന്റെ ജീവിതം ഏതെങ്കിലും ഒരു പ്ര
കാരത്തിലുള്ള രാജാധികാരത്താൽ നിയന്ത്രി
ക്കപ്പെട്ടിരുന്ന ഒരവസ്ഥയെ ആശ്രയിച്ചിരി
ക്കുന്നു.

മനുഷ്യലോകത്തിനു ലഭിച്ചിട്ടുള്ള ജ്ഞാ
നഭണ്ഡാഗാരം ലക്ഷോപലക്ഷം ജനങ്ങൾ
ക്ക് അനവധികാലം കൊണ്ടു ലഭിച്ചിട്ടുള്ള
അറിവിന്റെ ആകത്തുകയാണു്. ഒരു ശിശു
ജനിച്ചുകഴിഞ്ഞാൽ ബാല്യം, കൗമാരം, യൗവ
നം, വാർദ്ധക്യം എന്നീ അവസ്ഥകളെ അ
നുക്രമമായി തുടർന്ന് ജ്ഞാനസമ്പാദനം ചെ
യ്യുന്നതു് ഭാഷയുടെ സഹായംകൊണ്ടാണ
ല്ലോ. ഭാഷ എന്നൊന്നില്ലെങ്കിൽ ശാസ്ത്രവും,

മതവും, മരാമത്തും, രാജ്യഭരണവും ഒന്നും തന്നെ ഉണ്ടാകുന്നതല്ല. ഉറമ്പും തേനീച്ചയും, സമൂഹങ്ങളായി ചേൎന്നു വസിക്കുന്നതുകൊണ്ടു് മനുഷ്യൎക്കു ഭാഷാപ്രയോഗം സഹായതരമല്ലെങ്കിലും സമുദായവ്യവസ്ഥ ശക്യമാണെന്നു ചിലർ വാദിക്കാം. എങ്കിലും അനന്തപുണ്യത്തിന്റെ ഫലമായി മനുഷ്യർ അനുഭവിക്കുന്ന വിലയേറിയ ആശയസ്ഫുടതയും പരസ്പരമുള്ള ഇംഗിതപ്രകടനത്തിനു പൎയ്യാപ്തമായിരിക്കുന്ന ഭാഷയും ലോകക്ഷേമത്തിനു പഞ്ചഭൂതങ്ങളെ പോലെതന്നെ അപരിത്യാജ്യമാണെന്നുള്ളതു വാദവിഷയമായി തീരുന്നതല്ല. മഹദ്വചനങ്ങൾ അനൎഘരത്നങ്ങളാകുന്നു. ഗ്രന്ഥങ്ങൾ അവയെ സംഭരിച്ചു വച്ചിട്ടുള്ള മടിശ്ശീലകളത്രെ. എന്നാൽ സൂക്തിരത്നങ്ങൾ ചിലതു സമൃദ്ധികൊണ്ടും മററു ചിലതു് അവയുടെ യോഗ്യതാംശങ്ങൾ അറിയായ്കയാലും ഗ്രന്ഥങ്ങളിൽ സ്ഥലം കിട്ടാതെ ജനസാമാന്യത്തിന്റെ ഇടയിൽ പരന്നു് ഉപയോഗപ്രദമായിത്തീരാറുണ്ടു്. ഈ വക എഴുതിയതും എഴുതാത്തതുമായ സകല കൃതികളും കൃതിശകലങ്ങളും എല്ലാം ചേൎന്നുണ്ടാകുന്നതാകുന്നു. സാഹിത്യം.

സാഹിത്യപരിശീലനം പഴയ വിദ്യാഭ്യാസരീതിയിൽ പ്രഥമസ്ഥാനത്തെ വഹിച്ചിരിക്കുന്നു. മലയാളികൾ അന്നൊക്കെ രാമാ

ണം, ഭാരതം, ഭാഗവതം മുതലായ കൃതികൾ മാത്രമല്ല ശാകുന്തളാദ്യങ്ങളായ നാടകങ്ങളും, രഘുവംശം, മാഘം, നൈഷധം, കിരാതാർജ്ജുനീയം മുതലായ കാവ്യങ്ങളും വായിച്ചിരുന്നു.

അത്യുത്തമന്മാരായ വൈദ്യന്മാരും, ഗണിതജ്ഞന്മാരും, താർക്കികന്മാരും, ആലങ്കാരികന്മാരും അന്നു കേരളത്തിൽ വളരെപ്പേർ ഉണ്ടായിരുന്നു. അതിനാൽ മലയാളഭാഷയുടെ അഭിവൃദ്ധിക്കു് അത്യന്താപേക്ഷിതമായ സംസ്കൃതജ്ഞാനം നല്ലപോലെ പ്രചാരപ്പെട്ടിരുന്നു. അനന്തരം കഥകളിയും, തുള്ളലും സർവ്വസമ്മതമായ വിനോദങ്ങളായിത്തീർന്നു. ദേശകാലങ്ങൾക്കു യോജിച്ചതായ പാട്ടുകൾ പാടി അല്പമായ ആദായങ്ങൾ വാങ്ങി പല ജാതിക്കാർ കാലക്ഷേപവും ചെയ്തുവന്നു. ഉത്സവകാലങ്ങളിൽ വിദ്വാന്മാരായ ചാക്യാന്മാർ വിജ്ഞാനപ്രദങ്ങളായ കഥകളെ സരസമാംവണ്ണം പറഞ്ഞു ജനസാമാന്യത്തെ മനസ്സിലാക്കാറുണ്ടായിരുന്നു. അതിനാൽ ജനസമുദായത്തിന്റെ ശിഖരങ്ങളിൽ മാത്രമല്ല, താഴ്‌വരകളിലും വിജ്ഞാനവൃക്ഷങ്ങൾ തഴച്ചു വളർന്നു ഫലങ്ങളെ പൊഴിച്ചു. എന്നാൽ കൊല്ലാബ്ദം പതിനൊന്നാം നൂററാണ്ടിൽ തിരുവിതാംകൂറിലെ മഹാരാജാക്കന്മാരും അവരുടെ ഉപദേഷ്ടാക്കളായ മന്ത്രിമാരും വളരെ ശ്രമം ചെയ്തു. നട

ഷിലാക്കിയ വിദ്യാഭ്യാസരീതിയിൽ പുരാതനമായ പാഠപദ്ധതിക്കു സ്ഥാനമില്ലാതെ വന്നുകൂടി. പരീക്ഷ ജയിക്കുന്നവർക്കു സർക്കാരുദ്യോഗം ലഭിക്കുമെന്നു കണ്ടപ്പോൾ ആധുനിക വിദ്യാർത്ഥികൾ ഗണാഷ്ടകവും പരല്പേരും ഉപേക്ഷിച്ചുംവച്ച് ചരിത്രവും ഭൂമിശാസ്ത്രവും ബീജഗണിതവും പഠിക്കാനാരംഭിച്ചു. ഗണിതം അന്ധവിശ്വാസമായി പരിണമിച്ചു. പെൺകുട്ടികൾ "നീരക്ഷീരന്യായേന" സംഗീതത്തെ സാഹിത്യത്തിൽ നിന്നും വേർതിരിച്ച് ത്യാഗരാജന്റേയും മററും കൃതികൾ അഭ്യസിക്കുകയും മലയാളഗാനങ്ങൾ ക്രമേണ മറക്കുകയും ചെയ്തു. സ്ത്രീകൾക്കു പഠിക്കുവാനായി പ്രത്യേകം രചിച്ചതായ ചെറുശ്ശേരിയും, ശീലാവതിയും, പത്തുവൃത്തവും, പതിനാലുവൃത്തവും, രാമായണം ഇരുപത്തിനാലുവൃത്തവും ജനങ്ങൾ മറന്നുതുടങ്ങി. മലയാളബ്രാഹ്മണർ, നായന്മാർ ഈഴവർ എന്നീ ജാതിക്കാരുടെ ഇടയിൽ ശരിയായ ഭാഷാജ്ഞാനം വികസിക്കാതെ ആയിത്തീർന്നു.

കേരളദേശത്തെ അധിവസിക്കുന്ന തമിഴർ മലയാളത്തിന്റെ നേർക്കു വാത്സല്യവും ബഹുമാനവും തോന്നുന്നതു സാധാരണമല്ല. ക്രിസ്ത്യാനികളും മഹമ്മദീയരും മലയാളികളായാലും ഹിന്ദുമതഗ്രന്ഥങ്ങളുടെ മാധുര്യമുള്ള മലയാളകൃതികൾ പഠിക്കുന്ന കാര്യത്തിൽ അവർ പലപ്പോഴും ഉത്സുകന്മാരല്ലാതെ ചമഞ്ഞു.

അതിനോടുകൂടി സാങ്കേതികവിദ്യാഭ്യാസവും തൊഴിൽപരിശീലനവും ആണ് പ്രധാനമെന്നും സാഹിത്യസംബന്ധമായ ജ്ഞാനം ജീവിതസാരത്തിൽ ഉപയോഗശൂന്യമെന്നും ഉള്ള അഭിപ്രായങ്ങൾ നാട്ടിലെങ്ങും വ്യാപിച്ചുകഴിഞ്ഞു. പണ്ടു പണ്ടെക്കാലത്തു ജീവിച്ചിരുന്ന ആളുകൾ രചിച്ചിട്ടുള്ള കൃതികൾ വായിച്ചുസമയവ്യയം ചെയ്യുന്നതിനെക്കാൾ ഈകാലത്തു ജീവിച്ചിരിക്കുന്നവരുടെ ഗുണത്തിനായിക്കൊണ്ടു കൃഷിയും, കൈത്തൊഴിലും, കച്ചവടവും പുഷ്ടിപ്പെടുത്തുകയാണ് ഉത്തമമായിട്ടുള്ളതെന്നു ചിലർ അഭിപ്രായം പറഞ്ഞു. ഇപ്രകാരമുള്ള കാരണങ്ങളുടെ ഏകീഭൂതമായ പ്രവൃത്തിയാൽ സാഹിത്യപരമായ വിദ്യാഭ്യാസത്തിന് അല്പം ഹാനി തട്ടീട്ടുണ്ടെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. അതിനാൽ വശ്യവചസ്സുകളായ കവികളുടെ കൃതികൾ വരെപ്പോലെ പാരായണം ചെയ്യേണ്ടതാണെന്നു് ജീവിതം നയിക്കുന്ന വിഷയത്തിൽ അവയും കണക്കിനെയും പ്രകൃതിശാസ്ത്രത്തെയും അച്ചെഴുത്തി (Type writing)നെയും കാൾ ഉല്ലോം പ്രധാനമായ കർത്തവ്യം ഉണ്ടെന്നും സ്ഥാപിക്കേണ്ട ആവശ്യവും വന്നുചേർന്നിരിക്കുന്നു.

സാഹിത്യാനുഭൂതി മനുഷ്യസുഖങ്ങളിൽ ഏറ്റവും പ്രധാനമായ ഒന്നാണെന്ന് എല്ലാവരും സമ്മതിക്കുന്നുണ്ടു്. കലാവാന്മാർ വാ

ത്മീകിയുടെ രാമായണം ഗാനംചെയ്തു ജനങ്ങൾക്കു സംതൃപ്തി നൾകി. നൈമിശാരണ്യത്തിൽ നടന്ന ജനമേജയസൂതസംവാദങ്ങൾ ജനസമുദായത്തിന് അവരോടുള്ള താൽപര്യത്തെ കാണിക്കുന്നു പ്രാചീന ഗ്രീസിലും പുരാതന ഭാരതത്തിലും കവികളെ വേണ്ടുംവണ്ണം ബഹുമാനിച്ചിരുന്നു. പരിഷ്കൃതലോകത്തിലെ ഏകഛത്രാധിപതിയായിരുന്ന അലക്സാണ്ടർ ജയിച്ചു കീഴടക്കിയ നഗരത്തെ ധ്വംസനംചെയ്ത സന്ദർഭത്തിൽ പിൻഡാർ എന്ന കവിയുടെ ഭവനത്തെ മാത്രം തൊട്ടുപോകരുതെന്നു സേനാധിപന്മാർക്കു കല്പനകൊടുത്തതായി പ്രസ്താവിച്ചിരിക്കുന്നു. സംഭാഷണചാതുര്യം സേനാപതിമാർക്കുപോലും ആവശ്യമാണെന്നു സാക്രട്ടിസ് (Socrates) പറയുന്നു. നെപ്പോളിയന്റെ വശ്യങ്ങളായ വചനങ്ങൾ ഭടന്മാർക്കു ധൈര്യത്തെ നൾകിയതായി നാം അറിയുന്നു. വംശിതം മഹാഭൂഷണമായി സകല ജനങ്ങളും കരുതുന്നു. ജയലക്ഷ്മിയാലും സമ്പൽസമൃദ്ധിയാലും സമാലിംഗിതന്മാരായ മഹാരാജാക്കന്മാർ സൽക്കവികളെ പ്രോത്സാഹിപ്പിച്ചിട്ടുള്ളതിനെപ്പററി ഒട്ടനേകം കഥകൾ നാം കേൾക്കുന്നു. ദമയന്തീസ്വയംവരത്തിൽ ദേവകൾ വധുവിനും വരനും അനുഗ്രഹങ്ങൾ നൾകുന്നതിനിടയ്ക്ക് "സാരസ്വതത്തെ" മറന്നുപോകുന്നില്ല. ജ്യോതിഷത്തിലും പ്രകൃതിശാ

സ്ത്യത്തിലും കൈവല്യത്തിലും എത്രതന്നെ ഖ്യാ
തിസമ്പാദിച്ചവരും സാഹിത്യത്തെ പ്രധാ
നമായി ആദരിക്കുന്നതും നാം കാണാറുണ്ട
ല്ലോ. അയൽരാജ്യങ്ങളെല്ല കീഴടക്കി ചതു
രംഗങ്ങളായ പടകളോടും ആജ്ഞാവശംവദ
ന്മാരായ ജനസമൂഹങ്ങളോടും നിറഞ്ഞുകവി
യുന്ന ഭണ്ഡാരത്തോടും കളത്രപുത്രാദി ബന്ധു
ക്കളോടും കൂടി ഇന്ദ്രകാമ്യമായ പദവിയെ
പ്രാപിച്ചിട്ടുള്ള ചക്രവർത്തിമാരും സാഹിത്യലോ
കത്തിൽ ഒരു സ്ഥാനത്തിന്ന് അത്യാഗ്രഹമു
ള്ളതായി നാം കാണുന്നു. അതിനാൽ കള്ള
ൻ കൊണ്ടുപോകാത്തതും, രാജാക്കന്മാർ അ
പഹരിക്കാത്തതും, ഭ്രാതാക്കന്മാർ ഭാഗിച്ചു
കൊടുക്കേണ്ടാത്തതും വഹിച്ചുകൊണ്ടു നടക്കു
വാൻ ലേശംപോലും ഭാരമില്ലാത്തതും, ചെ
ലവുചെയ്യുന്തോറും വർദ്ധിച്ചുവരുന്നതും ആയ
വിദ്യ—അഥവാ സാഹിത്യവിദ്യ—സർവ്വധന
ങ്ങളിലും പ്രധാനമാണെന്നുള്ളതു നിർവ്വിവാ
ദം തന്നെ. "അമ്പത്തൊന്നക്ഷരാളി കലി
തതനുലതേ, വേദമാകുന്നശാഖിക്കൊമ്പത്ത
മ്പോടു പൂക്കും കുസുമതതിയിലേന്തുന്ന പൂ
ന്തേൻകുഴമ്പേ" എന്ന് സരസ്വതിയെ വ
ർണ്ണിക്കുന്നതും ഏറ്റവും ഉചിതമായിരിക്കുന്നു.
ആദിത്യൻ സ്ഥൂലദൃഷ്ടിക്ക് എങ്ങനെയോ അ
തുപോലെ സാഹിത്യസാരം അന്തരിന്ദ്രിയ
ങ്ങൾക്ക് അനുപമമായ വികാസത്തെ നൽ

കുന്നു. അതാണു് വാല്മീകി, തുളസീദാസ്, എഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ, തിരുവള്ളുവർ, കമ്പർ മുതലായവരുടെ കൃതികൾ പണ്ഡിതന്മാരും, പഠിക്കാത്തവരും, ശാസ്ത്രജ്ഞന്മാരും സംഗീതരസികന്മാരും; പരിഷ്കാരികളും, നാഗരികരഹിതന്മാരും ഒന്നുപോലെ ആസ്വാദ്യമായിരിക്കുന്നതും. ഗംഗാജലത്തിന്റെ സ്വച്ഛവും, മാമ്പഴത്തിന്റെ സ്വാദും, പിച്ചകപ്പൂവിന്റെ പരിമളവും, സംഗീതത്തിന്റെ മാധുര്യവും സർവജനങ്ങൾക്കും സന്തോഷപ്രദമായിത്തീരുന്നതുപോലെയാണു് സാഹിത്യമണ്ഡലത്തിലെ സമാധാനപൂരിതമായ മന്ദമാരുതൻ ദേഹത്തിനും, മനസ്സിനും ഉന്മേഷം നൽകുന്നതു്.

ഓരോ ദേശക്കാരും അവരുടെ ഭാഷ ഉത്തമമെന്നും അവരുടെ ഗ്രന്ഥസമ്പത്തുസർവോൽകൃഷ്ടമെന്നും വിചാരിക്കാറുണ്ടു്. ആദിത്യബിംബം ഭൂതലത്തിന്റെ ഏതു കോണശതാംശത്തിൽ നിന്നു് ഒരാൾ നോക്കിയാലും അതിന്റെ നേരെ മുകളിൽ നിൽക്കുന്നതായി തോന്നാറുണ്ടെങ്കിലും അതെല്ലാം ഒരു സൂര്യൻ തന്നെയാണെന്നു നമുക്കറിയാമല്ലോ. അപ്രകാരം തന്നെയാണു പരിമിതമായ അവലോകന ശക്തിയെ സർവജ്ഞത്വത്തിനുള്ള സോപാനമാക്കിക്കരുതുന്ന മനുഷ്യൻ അയാളുടെ രാജ്യവും അയാളുടെ മതവും അയാ

ളുടെ ഭാഷയും അത്യുത്തമമെന്നു വിചാരിച്ചുപോകുന്നതു്. എന്നാൽ അമ്പലപ്പുഴ പാൽപായസം വെള്ളക്കിണ്ണത്തിലാകട്ടെ പൊന്നുംതളികയിലാകട്ടെ സ്ഫടികപ്പാത്രത്തിലാകട്ടെ അഥവാ വാഴയിലയിലാകട്ടെ ഏതിൽ ഭുജിച്ചാലും അതിന്റെ സ്വാദിനു് വ്യത്യാസം വരുന്നില്ല. സാഹിത്യക്ഷീരം ഏതു ഭാഷയിൽ പകന്നാലും ആസ്വാദ്യമായിരിക്കുന്നതു പ്രസ്തുത കാരണത്താലാകുന്നു. മനുഷ്യന്റെ ആയുസ്സു ക്ഷണികം തന്നെ. എന്നാൽ മനുഷ്യഭാവം സുസ്ഥിരവും ഗുണദോഷങ്ങളുടെ ആകൃതികൾ ഭേദപ്പെട്ടുപോകാത്തതും ആണു്. രാഷ്ട്രീയസ്ഥാപനങ്ങൾ മാറിമാറി വരാറുണ്ടു്. പഞ്ചഭൂതങ്ങളിൽ ഒന്നായി വിചാരിച്ചുവന്ന ജലം സങ്കലിതവസ്തുവാണെന്നു സ്ഥാപിച്ചിരിക്കുന്നു. സൂൎയ്യൻ ഭൂമിയെ ചുററി സഞ്ചരിക്കുകയാണെന്നു പൂർവികന്മാർ തീർച്ചപ്പെടുത്തി വച്ചിരിക്കുന്ന പൗരാണികവിധിയെ 'പുനർ' കൊട്ടുത്തു് അസ്ഥിരപ്പെടുത്തി ഇപ്പുറം യാഥാർത്ഥ്യം മററുപ്രകാരത്തിലാണെന്നു ശാസ്ത്രജ്ഞന്മാർ സ്ഥാപിച്ചുകഴിഞ്ഞിരിക്കുന്നു. പാശ്ചാത്യവിദ്യാഭ്യാസം സിദ്ധിച്ചവർ മത്സ്യമാംസങ്ങൾ ഉപയോഗിക്കാതിരിക്കുന്നതു ഒരുതര വക്കറവാണെന്നു ഇടക്കാലത്തു സാധാരണമായിരുന്ന മതം നിശ്ശേഷം മാറി സസ്യഭോജ്യങ്ങൾക്കു വീണ്ടും പ്രാധാന്യം ലഭിച്ചിരിക്കുന്നു. സന്നിപാതജ്വരത്തിന്റെ ചികിത്സയും മറ്റും

പോലും കോഴിസൂപ്പിന്റെ സത്തും അത്യാവശ്യമാണെന്നു വച്ചിരുന്നതു മാററി പൊടിയരിക്കഞ്ഞിയുടെ വെള്ളമാണ് അമൃതമെന്നുള്ള അഭിപ്രായം പലരും അംഗീകരിച്ചു കഴിഞ്ഞിരിക്കുന്നു. "എഴുന്നിലെമാരും കാൽചായയ്ക്കുക കഴുകാതെയെപ്പോഴാക്കിന്നമാകും" എന്നു ഒരു തമിഴ്കവി പറയുന്നതു വിജ്ഞാനപ്രാസാദങ്ങൾക്കും യോജിക്കുന്നതാണ്. എന്നാൽ മനുഷ്യസ്വഭാവത്തിനും തജ്ജന്യമായ വികാരങ്ങൾക്കും ഒരിക്കലും മാററം സംഭവിക്കുന്നില്ല. സ്ത്രീപുരുഷന്മാരുടെ പരസ്പരാനുരാഗം ഇന്നും അന്നത്തെപ്പോലെ കണ്ടുവരുന്നു. ഈജിപ്തിലെ ഒരു രാജാവ് 5800 സംവത്സരങ്ങൾക്കു മുമ്പ് പിറമിഡ്സ് (Pyramids) കെട്ടിയുയർത്തി യശസ്തംഭം സ്ഥാപിച്ചു. ഇന്നത്തെ രാജാക്കന്മാരും പ്രഭുക്കന്മാരും വലിയ വലിയ പ്രാസാദങ്ങൾ കെട്ടിയുയർത്തി കൊടിമരം നിറുത്തി നാനാവർണ്ണത്തിലുള്ള പതാകകളെ പറപ്പിക്കുന്നു.

വാഞ്ഛയും, വൈരവും, വിശപ്പും ദാഹവും, വീര്യവും, ഭീതിയും, കരുണയും, ക്രൂരതയും, അത്ഭുതവും, ഹാസ്യവും ഇക്കാലത്തും നിന്നുപോയിട്ടില്ല; ഒരിക്കലും നിന്നുപോകുന്നതുമല്ല. വാത്മീകിയും ഹോമരും നിർഭയമായി സഞ്ചരിച്ച സമുദ്രത്തിൽതന്നെയാണ് ആധുനികകവികളും കപ്പലോടിക്കുന്നത്. ഭൂർജ്ജപത്രത്തിൽ എഴുതിയ

തിനു പകരം ഇപ്പോൾ കടലാസ്സിൽ എഴുതു
ന്നുവെന്നേ വ്യത്യാസമുള്ളൂ.

അതിനാൽ മഹാകവികളുടെ കലാനി
പുണതമനുഷ്യഹൃദയത്തിനു സഹജമായിരിക്കു
ന്ന വികാരങ്ങളെ ആശ്രയിച്ചിരിക്കുന്നു എന്നും
അതതു ഭാഷയുടെ യോഗ്യതകൾക്കു കാവ്യങ്ങ
ളെ സംബന്ധിച്ചു സാമാന്യന്മാർ വിചാരിക്കു
ന്നതുപോലെ പ്രാധാന്യമില്ലെന്നും സിദ്ധമാ
കുന്നു. ഭാഷകൾക്കു അനുകാലകങ്ങളായ വൃത്ത
ഭേദങ്ങളും, സംഗീതത്തിനുതകുന്ന യമകാദി
പ്രാസനിയമങ്ങളും കേവലം അലങ്കാരങ്ങൾ
എന്നല്ലാതെ ആത്മാവിനെ സ്പർശിക്കുന്ന സ
ഥിരശക്തികളാണെന്നു പറവാൻ തരമില്ല.
പണ്ടില്ലാത്ത പുകവണ്ടിയും, പ്രാചീനന്മാർ
കണ്ടിട്ടില്ലാത്ത യന്ത്രവിശേഷങ്ങളും, അത്യന്തം
വിനോദകരങ്ങളായ കാഴ്ചകളും, പാചക
സാമർത്ഥ്യത്താൽ അമൃതതുല്യമാക്കിയിരിക്കുന്ന
ഭോജ്യപേയങ്ങളും, പരിഷ്കാരത്തിൻെറ മു
ന്നോട്ടുള്ള ഗതിയിൽക്കൂടി ഭൂമണ്ഡലത്തിൽ
പ്രചരിക്കുന്നുണ്ടെങ്കിലും പ്രാചീനന്മാർക്കു പരി
ചിതമല്ലാത്ത ഒരൊററ വികാരത്തെയെങ്കിലും
നിർമ്മിക്കുവാൻ ഇദാനീന്തനനായ ഒരു കവി
ക്കും സാധിച്ചിട്ടില്ല. ആദികവികൾക്കു മനു
സ്വഭാവത്തിൻെറ യഥാർത്ഥസ്ഥിതികളെ പു
രസ്കരിച്ചു; ഇഷ്ടംപോലെ കവിതകൾ രചി
ക്കാനുള്ള സ്വാതന്ത്ര്യവും അതിനുള്ള താല്പര്യവും

ഉണ്ടായിരുന്നു. മനുഷ്യലോകത്തിനു പാടാവിളക്കുകളായി ശോഭിക്കുന്ന മഹത്വമേറിയ തത്വങ്ങൾ അവർ നല്ലവണ്ണം അറിഞ്ഞിരുന്നു. ഹിമാലയപർവ്വതവും, പശ്ചിമസമുദ്രവും, ആദിത്യചന്ദ്രന്മാരും ഒട്ടനേകം സഹസ്രവർഷങ്ങളായി വർത്തിക്കുന്നുണ്ടെങ്കിലും ആ കാരണത്താൽ അവയുടെ പുതുമയ്ക്കു യാതൊരു കുറവും സംഭവിക്കുന്നില്ലല്ലോ. അതുപോലെ തന്നെ കവികളുടെ ആശയങ്ങളും പഴക്കം ചെല്ലുന്തോറും നവനവങ്ങളായി നമുക്കനുഭവപ്പെടുന്നു. പതിവ്രതയായ സീത ഇന്നും സ്ത്രീജനങ്ങൾക്കു മാതൃകാസ്ഥാനം വഹിക്കുന്നു. വ്യാസന്റെ കല്പനാശക്തിയാൽ പരിപുഷ്ടമായി കാളിദാസന്റെ രസികത്വങ്ങളാൽ അഖിലലോകത്തിൽ സ്ഥിരപ്രതിഷ്ഠയെ പ്രാപിച്ചിരിക്കുന്ന ശകുന്തള ആധുനികപരിഷ്കാരങ്ങളിൽ ഇറങ്ങി മണ്ടിക്കളിക്കുന്ന യുവാക്കന്മാർക്കുപോലും ഉൾക്കണ്ഠയോടുകൂടിയ അതിപ്രേമത്തെ ജനിപ്പിക്കുന്ന യുവതീരത്നമാണ്. അനസൂയ കെട്ടുകൊടുത്ത സൂക്ഷിച്ചുവച്ചിരുന്ന ഇലഞ്ഞിമാല അണിഞ്ഞതുകൊണ്ട് ശകുന്തളയുടെ സൌന്ദര്യത്തിനു ഹാനി തട്ടിയതായി നമുക്കാർക്കും തന്നെ തോന്നാറില്ല. വേടൻ ഓടിച്ചു കൊണ്ടുവന്ന പ്രാവിനെ രക്ഷിക്കാനായി തന്റെ തുടയിൽനിന്നും മാംസം അറുത്തുകൊടുത്ത ശിബിചക്രവർത്തിയുടേയും, താൻ ഉണ്ണാൻഭാവിച്ച ചോറിനെ ആകസ്മികമാ

യി വന്നുചേൎന്ന അതിഥികൾക്കും ഭക്ഷ്യാന്വേഷിയായ ശ്വാവിനും മടികൂടാതെ കൊടുത്തതിന്റേയും, സത്യത്തെ പരിപാലിക്കാനായി ഭാൎയ്യയേയും പുത്രനേയും വിക്രയം ചെയ്തു പറയന്റെ ഭൃത്യനായിത്തീൎന്ന ശ്രീഹരിശ്ചന്ദ്രന്റേയും സ്മരണകൾ ജനസമുദായത്തിനിടയിൽ നില നിൽക്കുമ്പോൾ ത്യാഗശീലത്തിനു മാതൃകകൾക്കായി മററൊരിടത്തും . ഗന്വേഷിക്കേണ്ടതില്ല. സൂൎയ്യോദയത്തിനു മുമ്പുതന്നെ ഉണൎന്നു നക്ഷത്രങ്ങളുടെ ശോഭയും ശാന്തമായ അന്തരീക്ഷത്തിലെ പരിമളവും വൃക്ഷശാഖകളിൽ ഇരുന്നു ജഗൽകൎത്താവിനെ വാഴ്ത്തുന്ന പക്ഷികളുടെ ഗാനമാധുൎയ്യവും അനുഭവിച്ചു് ബാലസൂൎയ്യന്റെ കിരണങ്ങളാൽ ഉത്സാഹഭരിതരായി ദിനകൃത്യങ്ങൾ ആരംഭിക്കുന്ന മനുഷ്യനു് ചണ്ഡഭാനുവിന്റെ പരാക്രമങ്ങൾ സഹിപ്പാൻ പ്രത്യേകം ശക്തിയുണ്ടാകുന്നു. വെളുപ്പിനുമുമ്പു കുളിച്ചു് അമ്പലത്തിൽപോയി നിൎമ്മാല്യം തൊഴുതു് തുളസീദളത്തിന്റെയും ചന്ദനത്തിന്റെയും സമാധാനപ്രദമായ സൌരഭ്യത്തിന്റെയും കദളിപ്പഴവും നെയ്യും കൊട്ടത്തേങ്ങയും അഗ്നികുണ്ഡത്തിൽവച്ചു സമീപദിക്കുകളെ പരിശുദ്ധമാക്കുന്ന ഗണപതിഹോമത്തിന്റെയും അനുഭവം, കണ്ണിൽ ഉറക്കം വരുന്നതുവരെയും ചിലപ്പോൾ ഗാഢനിദ്രയിൽ പോലും സുഖപ്രദമായിത്തീരുന്നതുപോലെയാണു ലോകത്തിന്റെ ശൈശ

വാവസ്ഥയിൽ സർവവ്യാപ്തമായിരുന്ന അനുഭവങ്ങളുടെ സ്മരണ നാഗരികത്തിന്റെ ഭാരം വഹിച്ചു വിഷമിക്കുന്ന മനുഷ്യക്ക് ഉപകാരമായിത്തീരുന്നതു്. ഉടുപ്പും തലപ്പാവും ധരിക്കുന്നവനും മുണ്ടും തോർത്തും കൊണ്ടു നഗ്നതയെ മറയ്ക്കുന്നവനും തമ്മിലുള്ള വ്യത്യാസം പോലെ ബാഹ്യങ്ങളായ വ്യത്യാസങ്ങൾ മാത്രമേ വ്യത്യസ്തമായ ജനസമുദായങ്ങളിലും ഈ ജനനംകൊണ്ടു് കവികൾ തമ്മിൽ ജനിപ്പിക്കുന്നുള്ളൂ. ശുദ്ധവായുവിനും, ശുദ്ധജലത്തിനും ദേശകാലവ്യവിധത്വംകൊണ്ടു ഭിന്നഗുണങ്ങളുണ്ടാകാത്തതുപോലെ സാക്ഷാൽ കവികളുടെ ഹൃദയങ്ങൾക്കും അവയിൽനിന്നുത്ഭവിക്കുന്ന കവിതയ്ക്കും അന്തരങ്ങളുണ്ടാകുന്നില്ല.

കവിതയ്ക്കുതകുന്ന സാമഗ്രികൾ ഏറെക്കുറെ ഒന്നുപോലെയുള്ളതാണു്. സ്പാർട്ടാ രാജാവായ മെനിലെസ്സിന്റെ ഭാര്യയായ പാരിസ് എന്ന രാജകുമാരൻ അപഹരിച്ചതാണു ഇലയിഡ് എന്ന മഹാകാവ്യത്തിന്റെ കഥാബീജമായി ഹോമർ സ്വീകരിച്ചിട്ടുള്ളതു്. രാവണൻ സീതയെ കട്ടുകൊണ്ടു പോയില്ലെങ്കിൽ രാമായണം ഉണ്ടാകുമായിരുന്നില്ല ഹോമർ അക്കിലിസ്സിന്റെ പൗരുഷം സജ്ജീകരിക്കുവാനായി പ്രാണസ്നേഹിതന്റെ വധത്തെ ഉപയോഗിക്കുന്നു. യുദ്ധാങ്കണത്തിൽ മനസ്സിളകി ആയുധം എടുക്കാൻ മടിക്കുന്ന അർജ്ജുനനു

കൎമ്മയോഗം വിളമ്പുവാൻ വേദവ്യാസൻ ശ്രീകൃഷ്ണനെക്കൊണ്ടു ഭഗവൽഗീത ഉപദേശിപ്പിക്കുന്നു. ഗ്രീസ്സ് രാജ്യത്തിലെ ഐതിഹ്യങ്ങളിൽ ഹെർക്യൂലിസ്സ് അനേകം തലയുള്ള സൎപ്പത്തെ നിഗ്രഹിച്ച വിവരം വൎണ്ണിച്ചിരിക്കുന്നു. “കാളിയമർദ്ദനം” കഥ ഹിന്തുക്കളുടെ ഇതിഹാസങ്ങളിൽ ഒരു പ്രധാന സ്ഥാനം വഹിക്കുന്നു. ഈജിപ്റ്റ് ദേശത്തിലെ രാജപുത്രന്മാർ മരിച്ചുകിടക്കുന്നതു കണ്ടാൽ അവരുടെ അമ്മമാർ ഭയപ്പെടുന്നു. മക്കളും, മരുമക്കളും, മറ്റു ബന്ധുവൎഗ്ഗങ്ങളും ശകലിതശരീരന്മാരായി പട്ടിക്കും പരുന്തിനും ഇരയായി കിടക്കുന്നതു കാണ്മാനായി വൃദ്ധയായ ഗാന്ധാരി കുരുക്ഷേത്രത്തിൽ പ്രവേശിക്കുന്നു. സന്മാൎഗ്ഗപാഠങ്ങൾ മൃഗങ്ങളുടെ കഥകളിൽനിന്നും ഗ്രഹിപ്പിക്കുകയാണ് ഈസോപ്സ് ഫേബിൾസിലെ സമ്പ്രദായം. പഞ്ചതന്ത്രത്തിന്റെ രീതിയും ആ പ്രകാരമാണല്ലോ. സുന്ദരഗാത്രന്മാരായ ദേവന്മാർ ലാവണ്യപയോനിധികളായ ദേവിമാരുടെ ആനുകൂല്യത്തിനായി ശ്രമിക്കുന്നതും, പാണിഗ്രഹണത്തിനായി മല്ലിടുന്നതും, ഗ്രീക്കുകാരുടെ വൃത്താന്തങ്ങളിലെന്നപോലെ പുരാണേതിഹാസങ്ങളിലും ഉപവൎണ്ണിതമായിരിക്കുന്നു. കാളിദാസൻ ത്യാഗമൂൎത്തിയായ ശിവനെപ്പോലും ശൃംഗാരിമാരുടെ ശിരോമണിയാക്കി കുമാരസംഭവത്തിൽ വൎണ്ണിക്കുന്നു. സ്വൎഗ്ഗത്തിലെ സ്ഥാനമ

വങ്ങളും നരകത്തിലെ സങ്കടങ്ങളും എല്ലാഭാഷകളിലും ഒന്നുപോലെയാണു വിവരിച്ചിട്ടുള്ളതു്.

കവികൾക്കു പ്രതിഭാശക്തി അത്യാവശ്യവും കാവ്യഗുണങ്ങൾ ഏറക്കുറെ അതിനെ ആശ്രയിച്ചിരിക്കുന്നതുമാണെങ്കിലും സ്വകപോലകല്പിതങ്ങളായ കഥകളും പുരാതനന്മാരിൽനിന്നു കടംവാങ്ങാത്ത ആശയങ്ങളും അപൂർവം തന്നെ. ഹോമർ കാവ്യനിർമ്മാണം ചെയ്തകാലത്തു ഗ്രീസുരാജ്യത്തിൽ പ്രചരിച്ചിരുന്ന പല വൃത്താന്തങ്ങളും ഉപയോഗിച്ചിട്ടുണ്ടെന്നുള്ളതു് ക്യാലിഡോണിലെ നായാട്ടു്, നെസ്റ്ററിന്റെയും ഹെർക്യൂലിസ്സിന്റെയും അത്ഭുതപ്രവൃത്തികൾ, ആർഗോ എന്ന യാനപാത്രത്തിന്റെ വിചിത്രചരിത്രം എന്നീവിഷയങ്ങളെ സംബന്ധിച്ചുള്ള സൂചനങ്ങളിൽ നിന്നും മനസ്സിലാകുന്നു. മേൽപ്രകാരമുള്ള കഥകളും വചനങ്ങളും ശേഖരിച്ചു പരിഷ്കരിക്കയാണു് ഹോമർ ചെയ്തിട്ടുള്ളതെന്നുള്ളതിനു ഹോമർ എന്ന പദത്തിന്റെ അർത്ഥംതന്നെ ഒരു തെളിവായിരിക്കുന്നു. അതുപോലെതന്നെ ചന്ദ്രവംശോല്പത്തിയേയും, ഹസ്തിനപുരത്തേയും, കുരുക്ഷേത്രത്തേയും, ഗീതോപദേശത്തേയും കുറിച്ചു ഭാരതഖണ്ഡത്തിൽ പരക്കെ പ്രചാരത്തിലിരുന്ന കഥകളെ ക്രോഡീകരിച്ചാണു് വേദവ്യാസൻ ഭാരതം, ഭാഗവതം മുതലായ കൃതികൾ നിർമ്മിച്ചതെ

നുള്ളതിന്ന് വ്യാസൻ എന്ന പദവും തെളിവാകുന്നു.

പുരാണമേകമേവാസീൽ തദാ കല്പാന്തരേ
[നഘ
ത്രിവൎഗ്ഗസാധനം പുണ്യം ശതകോടിപ്ര
[വിസ്തരം
വ്യാസരൂപമഹംകൃത്വാ സംഹരാമി
[യുഗേ യുഗേ
ചതുൎല്ലക്ഷപ്രമാണേന ദ്വാപരേ ദ്വാപരേ
[സദാ
തദഷ്ടാദശധാ കൃത്വാ ഭൂലോകേസ്മിൻ
[പ്രകാശ്യതേ
അദ്യാപി ദേവലോകേസ്മിൻ ശതകോടി
[പ്രവിസ്തരം.

ഇത്യാദി തന്നെ നോക്കുക. ഏറ്റവും വിജ്ഞാനപ്രദങ്ങളായ ഉപന്യാസങ്ങൾ നിൎമ്മിച്ചു പ്രസിദ്ധനായി തീൎന്നിട്ടുള്ള മൊണ്ടെയിൻ Montaigne) തന്റെ പ്രസംഗമഞ്ജരിയിലെ കുസുമങ്ങളെല്ലാം പല മഹാന്മാരുടെ വകയാണെന്നും, അതു കെട്ടാനുപയോഗിച്ചിട്ടുള്ള നാടമാത്രമെ തന്റെ വകയായിട്ടുള്ളു എന്നും സമ്മതിക്കുന്നു: ഈ ആശയത്തെ തന്നെ മഹാകവി കാളിദാസനും രഘുവംശത്തിൽ,

അഥവാ കൃത് വാഗ്ദ്വാരെ വംശേസ്മിൻ
[പൂൎവ്വസൂരിഭിഃ

മണൗവജ്രസമുത്കീർണ്ണേസൂത്രസ്യേ
[വാസ്തിമേഗതിഃ

എന്നു സ്പഷ്ടമായി സമ്മതിക്കുന്നു. ഷേക്സ്പീയരുടെ നാടകങ്ങളിലെ ഇതിവൃത്തങ്ങൾ പല ഭാഷകളിൽനിന്നും തിരഞ്ഞെടുത്തിട്ടുള്ളതാണെന്നു നമുക്ക് അറിയാവുന്നതാണല്ലൊ. അതിനാൽ കവിഹൃദയത്തിൽനിന്നു ഉൽഗമിക്കുന്ന ആശയങ്ങൾക്ക് ഉടമസ്ഥാവകാശവും കാപ്പിറൈറ്റും ഒന്നുംതന്നെ ഇല്ലെന്നുവരുന്നു. അവയുടെ മേൽ ഒരു രാജ്യത്തിലും നികുതിഭാരം ചുമത്താറില്ല. ഒരു സാമ്രാജ്യാതിർത്തിയിൽനിന്നും മറ്റൊന്നിലേയ്ക്ക് ഇറക്കുമതി ചെയ്യുമ്പോൾ ചുങ്കങ്ങളും കൊടുക്കേണ്ടതില്ല. അധഃകൃതവർഗ്ഗങ്ങളിൽ ജനിച്ച കവികൾക്കു തീണ്ടൽ തൊടീൽ മുതലായ അസമത്വങ്ങൾ ഉണ്ടെങ്കിലും അവരുടെ കൃതികൾക്ക് ആ വക ദൂഷ്യങ്ങൾ ഉണ്ടാകുന്നുമില്ല. നേരേമറിച്ച് ചെക്കാലരുടെ കവിത മലയാളബ്രാഹ്മണനും പറയന്റെ കവിത തമിഴ്ബ്രാഹ്മണനും സുദിനങ്ങളിൽ ഭക്തിപുരസ്സരം പാരായണം ചെയ്യുന്നു എന്നുമാത്രവുമല്ല നിരന്തരയുദ്ധത്തിലും ശാശ്വതമായ ശത്രുതയിലും കാലംകഴിക്കുന്ന രാജ്യക്കാർ കവികളെ യുദ്ധനിബന്ധനകളിൽനിന്നും ഒഴിവാക്കിട്ടുമുണ്ട്. ജർമ്മനിയും ഇംഗ്ലണ്ടുമായി ഘോരയുദ്ധം നടന്നുകൊണ്ടിരുന്ന കാലത്ത് (Goethe) ഗോറായുടെ കൃതികളെ ഇംഗ്ലു

ങ്ങിലോ, ഷേക്സ്പീയരുടെ കൃതികളെ ജർമ്മനി യിലോ ചുട്ടുകളവാൻ ആരും ശ്രമംചെയ്തതാ യി കാണുന്നില്ല. മേൽപ്രസ്താവിച്ച കാരണങ്ങ ളിൽ നിന്നും സാഹിത്യം ദേശകാലവ്യത്യാസ ങ്ങളാൽ വേർതിരിക്കപ്പെട്ടിട്ടുള്ള ഒന്നല്ലെന്നും ഭൂതഭവിഷ്യദ്വർത്തമാനകാലങ്ങളിലുമുള്ള മനുഷ്യ വർഗ്ഗത്തിനെല്ലാം പൊതുവായിട്ടുള്ള വിലയേ റിയ സ്വത്താണെന്നും വിശദീഭവിക്കുന്നുണ്ട്.

മനുഷ്യവർഗ്ഗത്തിന്റെ സർവസാധാരണങ്ങളാ യ സംഗതികളാണ് കവിതയ്ക്കു വിഷയമായി ത്തീരുന്നതു്. എങ്കിലും ഏകവും അഖണ്ഡവു മായ പരബ്രഹ്മം പ്രപഞ്ചത്തിൽ പല പ്രകാ രേണ പ്രത്യക്ഷപ്പെടുകയും ചില വസ്തുക്കൾ മ റ്റുജാതികളെ ക്കാൾ കൂടുതൽ താല്പര്യമുള്ളതായിരിക്ക യും ചെയ്യുന്നതുപോലെ സകല സാഹിത്യങ്ങ ളുടെ അന്തര്യാമിയായിരിക്കുന്ന ഏകവും അഭേ തീയവുമായ കവിതയ്ക്കും വർണ്ണഭേദങ്ങൾ ഉണ്ടാ കാറുണ്ടു്. സാഹിത്യചരിത്രത്തിന്റെ ഒരു ഘ ട്ടത്തിൽ പദശുദ്ധിയും ആശയസൂക്ഷ്മതയും ഉള്ള കൃതികൾ കൗതുകാവഹങ്ങളായിരിക്കുന്നു. അല്പകാലം കഴിയുമ്പോൾ കൃത്രിമങ്ങളായ അ ലങ്കാരപ്രയോഗങ്ങൾക്കു പ്രാധാന്യം സിദ്ധി ക്കുന്നു. പിന്നെയും കുറേക്കാലം ചെല്ലുമ്പോൾ സങ്കല്പശക്തിയിൽ സ്ഫുടം വച്ചെടുത്ത ഉപമ കളുടേയും ഉൽപ്രേക്ഷകളുടേയും വകഭേദങ്ങൾ കൊണ്ടു കെട്ടിയുണ്ടാക്കി കവികളുടെ അതി

സാമർത്ഥ്യം പ്രദർശിപ്പിക്കുവാനായി ഒരുക്കിവയ്ക്കുന്ന കൃതികളിൽ കൽക്കണ്ടം തിന്നു ചെടിക്കുന്നതുപോലെ ജനങ്ങൾക്ക് അഭിരുചി കുറയുന്നു. ശാസ്ത്രരീതിയിലുള്ള വ്യാകരണസിദ്ധാന്തങ്ങളും കാവ്യനിർമ്മാണത്തിനു ആലങ്കാരികന്മാരേർപ്പെടുത്തീട്ടുള്ള നിബന്ധനകളും അനുസരിച്ച് സ്ഖലിതങ്ങളൊന്നും കൂടാതെ രചിച്ചിട്ടുള്ള ചില മഹാകാവ്യങ്ങൾ ഈ വക പ്രസ്ഥാനത്തിന്നു ഉദാഹരണങ്ങളാകുന്നു. അതേപ്രകാരം തന്നെ വേദാന്തം മുതലായ ഗഹനങ്ങളായ വിഷയങ്ങളെ പ്രതിപാദിച്ച് മഹാകവികളായ ശ്രീ ശങ്കരാചാര്യപ്രഭൃതികൾ നിർമ്മിച്ചിട്ടുള്ള സൽകൃതികൾപോലും പൊതുജനങ്ങളുടെ നിത്യാവശ്യത്തിന്നു പോരാതെ വരുന്നു. അങ്ങനെയുള്ള ഘട്ടത്തിൽ സുഗ്രഹങ്ങളും ലളിതങ്ങളും സാധാരണന്മാർക്കു പരിതോഷമുളവാക്കുന്നവയും ആയ കൃതികൾ ഉത്ഭവിക്കാനിടയാകുന്നു. ഇങ്ങനെ കാലത്തിന്റെ ഭേദത്താൽ ഭിന്നരുചികളായിത്തീരുന്ന മനുഷ്യരുടെ ആവശ്യം അനുസരിച്ച് കവിതാരീതിയും മാറിവരുന്നു. ഓരോ രാജ്യങ്ങൾ ഭരണകൃത്യങ്ങൾ നിർവഹിക്കുന്ന സമിതികളെ നശിപ്പിച്ച് രാജാക്കന്മാർ അനിയന്ത്രിതങ്ങളായ അധികാരങ്ങൾ സമ്പാദിക്കുന്നതും, പിന്നീടു വിപ്ലവങ്ങൾ ഉണ്ടായി ജനാധിപത്യം വീണ്ടും ഉത്ഭവിക്കുന്നതും നാം കാണുന്നുണ്ടല്ലോ. അപ്രകാരം തന്നെ

സാഹിത്യലോകത്തിലെ മാതൃകകളും വ്യാപാരങ്ങളും മാറിക്കൊണ്ടിരിക്കുന്നു. എങ്കിലും ഏതെങ്കിലും പ്രകാരത്തിൽ രസാത്മകങ്ങളായ കൃതികൾ ഒരുകാലത്തും നശിച്ചുപോകുന്നില്ല. കവികൾക്കു ഓരോരുത്തർക്കു പ്രത്യേകം രീതികൾ ഉണ്ടാകാറുണ്ടു്.

“കാളിദാസന്നുപമതാൻ
ഭാരവിക്കർത്ഥഗൌരവം
ദണ്ഡിക്കു പദലാളിത്യം
ഉണ്ടു മാഘന്നിതൊക്കെയും”

ഇവ്വക ഗുണദോഷങ്ങളെല്ലാം ആദരണീയമായിത്തന്നെയിരിക്കുന്നു. പക്ഷെ വിജ്ഞാനഭാഗങ്ങൾ ചാക്കുചാക്കായി അട്ടിക്കുന്നതുകൊണ്ടു ഒരു കൃതിക്കു സാഹിത്യത്തിൽ പ്രതിഷ്ഠ ലഭിക്കുന്നില്ല. ഗണിതശാസ്ത്രത്തിലും പ്രകൃതിശാസ്ത്രത്തിലും ഉള്ള അഗാധങ്ങളായ തത്വങ്ങൾ അടങ്ങിയിട്ടുള്ളതുകൊണ്ടും “ഗൂഢന്യായഗ്രഹഗ്രന്ഥില”ങ്ങളായ വാക്യങ്ങൾ കൊണ്ടും ഒരു കൃതിക്കു അതിമാന്യസ്ഥാനം സിദ്ധിക്കുന്നില്ല. സാഹിത്യത്തിന്റെ പ്രധാന ലക്ഷണങ്ങളിലൊന്നു സുകുമാരതയാകുന്നു. മനുഷ്യസാധാരണങ്ങളായ വികാരങ്ങളുണ്ടാക്കുന്നതുകൊണ്ടും സത്യം, ധർമ്മം, ഭക്തി, ജീവകാരുണ്യം മുതലായ സർവ്വവന്ദ്യങ്ങളായ ഗുണങ്ങൾ കൂട്ടിയിണക്കി അനശ്വരമായ വിജ്ഞാനസമ്പത്തോടു യോജിപ്പിച്ചു നിർമ്മിക്കുന്ന സുകുമാര

വസ്തുവിനാണു സാഹിത്യം എന്നു പേർ കല്പിച്ചിട്ടുള്ളതു്.

മനുഷ്യജീവിതത്തിൽ സാഹിത്യത്തിനുള്ള പ്രതിഷ്ഠ ധ്രുവന്റെ സ്ഥാനം പോലെ മാററമില്ലാത്തതാകുന്നു. സംസാരക്ലേശങ്ങൾക്കു് അത്യുത്തമമായ ഔഷധം പരബ്രഹ്മജ്ഞാനമാണെന്നു് ആചാര്യർ അരുളിച്ചെയ്തിട്ടുണ്ടു് എന്നാൽ മർത്ത്യജീവിതത്തിൽ ഉണ്ടാകുന്ന സുഖദുഃഖങ്ങളേയും വ്യാധിക്ഷയങ്ങളേയും സമബുദ്ധിയോടുകൂടി അനുഭവിക്കുവാൻ ഉള്ള മാർഗ്ഗം സാഹിത്യപരിചയം ഒന്നുമാത്രമാകുന്നു. യൗവരാജ്യാഭിഷേകത്തിനായി നിശ്ചയിച്ചിരുന്ന ദിവസം ശ്രീരാമൻ വനത്തിൽ പോകേണ്ടതായി വന്നു. പേരു കേട്ടു പരസ്പരാനുരാഗമുണ്ടായി പല മാതിരിയുള്ള പ്രതിബന്ധങ്ങളെ നിവാരണം ചെയ്തു ദാമ്പത്യപദവി ലഭിച്ച ദമയന്തീനൈഷധന്മാരിൽ, രാജധാനിയിലെ പ്രതാപമനുഭവിച്ചും സൗമ്യമകന്ന ഉദ്യാനത്തിൽ വച്ചു കാന്തൻ കനിഞ്ഞു പറയുന്നൊരു ചാടുവാക്യങ്ങളെ ആസ്വദിച്ചും സുഖജീവിതം ചെയ്ത ഭുവനസുന്ദരിയായ ദമയന്തി തന്റെ പ്രാണവല്ലഭനാൽ ഉപേക്ഷിക്കപ്പെട്ടു പെരുമ്പാമ്പിന്റെ ക്രൂരതയ്ക്കും, കാട്ടാളന്റെ ദുർമ്മര്യാദയ്ക്കും ലാക്കായിത്തീരുന്നു. ജനസംഖ്യയുടെയും പരിഷ്കാരത്തിന്റെയും വർദ്ധനകാലം വരട്ടെ, അഥവാ, കലി മുററിവരുന്നതുകൊ

ണ്ടു ഭക്ഷ്യദ്രവ്യങ്ങളെ ഭൂമിദേവി അകത്തടക്കിക്കളയുന്നതുകൊണ്ടാവട്ടെ ഏതായാലും ഭൂലോകത്തിലെ ജനസംഖ്യയിൽ ഭൂരിപക്ഷവും ആഹാരത്തിനില്ലാതെ കഷ്ടപ്പെടുന്ന ഇക്കാലത്തു കുചേലഭൂസുരന്റെ ധർമ്മപത്നിയുടെ വാക്കുകൾ ഓർക്കുകയാണെങ്കിൽ അല്പമെങ്കിലും സമാധാനം ലഭിക്കുന്നതാണു്.

"വിത്തവും ധാന്യവും, ബന്ധുക്കളും ബഹു
വിത്തവാന്മാരായ് നമുക്കില്ലൊരുത്തരും,
ആകയാൽ താൽപുത്രരന്നാശനമില്ലാ-
താകയാൽ ഞാനും തപിച്ചു മഹാമതേ,
കൈകാലുടലും തളരുന്നിതേററവും
പൈകൊണ്ടു നില്പാനരുതിനിക്കൊട്ടുമെ.
പാരം വിശന്നു കരയും കിടാവിന്റെ
പാരവശ്യം കണ്ടുരുകുന്നു മാനസം
നല്ലവസനകനകാഭരണങ്ങൾ,
എല്ലാമെ കാമിക്കുമല്ലോ തരുണിമാർ
എന്നിവയൊന്നിലുമില്ലിനിക്കാഗ്രഹം
അന്നമൊരിക്കലൊരുദിനമാം മതി
താൽകൃപയുണ്ടെങ്കിലൊക്കെയും സാധിക്കു-
മൂറംക്കൊമ്പിലോർത്തീലതിനില്ലസംശയം"

നൈരാശ്യത്തെയും ദുഃഖത്തെയും പ്രതിപാദിക്കുന്ന ഭാഗങ്ങൾ മാത്രമേ സൽക്കവിതയ്ക്കുദാഹരണങ്ങളായി എടുക്കുന്നുള്ളുവെന്ന അപരാധം ഞാൻ ചെയ്യുന്നില്ലെന്നു് ഉറപ്പുപറഞ്ഞുകൊള്ളുന്നു. ജീവിതസുഖങ്ങളെ തേച്ചുമാ

ററക്കുട്ടുന്ന വികാരങ്ങളും സൽകവിതയ്ക്കു ധാരാളം വിഷയീഭവിക്കുന്നുണ്ടു്. എന്നാൽ മനുഷ്യൻെറ തൃഷ്ണയും, സുഖാനുഭവത്തിനുള്ള ആഗ്രഹവും, ധനധാന്യവർദ്ധനയിലുള്ള താല്പൎയ്യവും, പ്രാപഞ്ചികശക്തികളിൽ പ്രധാനമായിരിക്കകൊണ്ടു് അവയെപ്പററി വിസ്തരിക്കുന്നില്ലെന്നേയുള്ളു. സാഹിത്യം യുവാവിനു് രസികതാജ്ഞാനത്തേയും, മദ്ധ്യവയസ്കനു ജീവിതമത്സരത്തിലേ തിരമാലകൾ തരണം ചെയ്‌വാനുള്ള ഉന്മേഷത്തേയും, വൃദ്ധനു സമാധാനത്തേയും, ഭക്തനു് ആനന്ദപാരവശ്യത്തേയും കൊടുക്കുന്നു. സ്ത്രീജനങ്ങൾക്കു സ്വാൎത്ഥം മറന്നു് അച്ഛനമ്മമാരേയും ഭർത്തൃപുത്രാദികളേയും ശുശ്രൂഷചെയ്തു കാലം കഴിക്കുവാനുള്ള മാൎഗ്ഗം തെളിക്കുന്ന കാന്താരതാരകങ്ങൾ ശീലാവതിയും, ദമയന്തിയും, സീതയും, കുന്തീദേവിയുമണു്. ശത്രുവിൻെറ ഗളച്ഛേദം ചെയ്‌വാനും ഗഡ്ഗവും, വെടിയുണ്ടയുമേററു മരിക്കുവാനും സന്നദ്ധനായി പോൎക്കളത്തിൽ പ്രവേശിക്കുന്നേടനു് ഉത്സാഹം കൊടുക്കുന്ന ലഹരികളിലൊന്നു സാഹിത്യം തന്നെ. വിറകുവെട്ടിയുടേയും, വണ്ടിക്കാരന്റേയും ക്ഷീണത്തെ കുറയ്ക്കുന്ന പാട്ടുകൾ നാം എല്ലാവരും കേട്ടിട്ടുണ്ടല്ലൊ. മനുഷ്യനിൎമ്മിതങ്ങളായ സ്ഥാനവ്യത്യാസങ്ങൾ നിസ്സാരങ്ങളെന്നും മനസ്സമാധാനം സംതൃപ്തിയെ ആശ്രയിച്ചിരിക്കുന്നുവെന്നും ഉള്ള ഉൽകൃ

ഷ്ടങ്ങളായ പാഠങ്ങൾ ഗദ്യപദ്യങ്ങളിൽ വിളങ്ങിക്കാണുന്നുണ്ടു്. രാജാവിനെ ആശ്രയിക്കുന്നതിനേക്കാൾ ഈശ്വരനെ ഭജിക്കുന്നതു് ഉചിതമെന്നു കാണിക്കുവാൻ കവി ഉപയോഗിക്കുന്ന യുക്തി തന്നെ നോക്കുക.

നാഥേനഃ പുരുഷോത്തമേ ത്രിജഗതാ-
മേകാധിപേ ചേതസാ
സേവ്യസ്വസ്യപദസ്യദാതരിവിഭൗ
നാരായണേ തിഷ്ഠതി
യംകഞ്ചിൽ പുരുഷാധമം കതിപയ
ഗ്രാമേശമൽപാർത്ഥദം
സേവായൈ മൃഗയാമഹേ വയമഹോ
മൂകാവരാകാധ്രുവം ||

അതുപോലെ തന്നെ ലോകമെല്ലാം ഒന്നാണെന്നും മനുഷ്യർക്കുള്ള സഹോദരത്വം ജാതിവ്യത്യാസങ്ങളേയും രാജ്യഭേദങ്ങളേയും വിഗണിക്കേണ്ടതാണെന്നും ഉള്ള ഒരാദർശം പാശ്ചാത്യവിദ്യാഭ്യാസത്തിന്റെ ഫലമാണെന്നു ചിലർ പറഞ്ഞു വരാറുണ്ടു്. എന്നാൽ മനുഷ്യർ മാത്രമല്ല സകല ചരാചരങ്ങളും ഒന്നു തന്നെയാണെന്നു നമ്മുടെ സാഹിത്യം ഘോഷിക്കുന്നു.

"മാതാ ച പാർവ്വതീദേവി
പിതാ ദേവോ മഹേശ്വരഃ
ബാന്ധവാശ്ശിവഭക്താശ്ച
സ്വദേശോഭുവനത്രയം"

എന്നാണ് ആചാര്യസ്വാമികളുടെ മതം. സകല കലകളുടേയും മാതാവായ സാഹിത്യം ലോകജീവിതത്തിന് അപരിത്യാജ്യമായിരിക്കുന്നു. ലോകനിയന്താവിന്റെ കല്പനാവിശേഷമെന്നേ പറവാനുള്ളൂ. കൊട്ടാരംപോലുള്ള ഭവനവും, കണ്ണിന്നും മനസ്സിന്നും എത്തുന്നതുവരെ ഭൂസ്വത്തും, അറനിറച്ച കനകവും ആഹാരാദികളിൽ വേണ്ടതായ സുഖങ്ങളും വാത്സല്യഭാജനങ്ങളായ ഭാര്യാപുത്രാദികളും എല്ലാം ഉണ്ടാകത്തക്കവണ്ണം അനുഗ്രഹം നൽകാമെന്നും അതിനെല്ലാം പ്രതിഫലമായി ഈ ജന്മത്തിൽ സരസ്വതിയുടെ സമ്പർക്കവും സൽകൃതികളുടെ പാരായണവും ഉപേക്ഷിക്കാമെന്ന് വാഗ്ദാനം ചെയ്യണമെന്നും സാക്ഷാൽ വിഷ്ണുഭഗവാൻതന്നെ മുമ്പിൽ പ്രത്യക്ഷനായി ആവശ്യപ്പെട്ടാലും അങ്ങിനെ ചെയ്വാനുള്ള ധൈര്യം മനുഷ്യർക്കൊക്കും തന്നെ ഉണ്ടാകയില്ലെന്നാണ് എന്റെ വിശ്വാസം.

ഭൂലോകസ്ഥിതിതളേയും മനുഷ്യസ്വഭാവത്തേയും ഒരു നോട്ടത്തിൽ കാണിക്കുന്ന കല മറ്റൊന്നും തന്നേയില്ല. രാജ്യഭരണാദിവിഷയങ്ങളിൽ പ്രജകൾക്ക കൂടുതലധികാരങ്ങൾ കൊടുക്കേണ്ടതാണെന്ന് എല്ലാ കക്ഷിക്കാരും മുക്തകണ്ഠം ആവശ്യപ്പെടുന്ന ഇക്കാലത്തു വിദ്യാഭ്യാസത്തിനു തക്കതായ പ്രോത്സാഹനവും സകല വിദ്യാർത്ഥികളുടേയും നാരായവേരായ

സാഹിത്യത്തിൻെറ പരിശീലനവും ഏററവും അപേക്ഷിതമായിരിക്കുന്നു. എന്നാൽ കൃഷി വർദ്ധിപ്പിക്കണമെന്നും കൈത്തൊഴിലുകളും കച്ചവടവും നടപ്പിലാക്കണമെന്നും കവികളുടേയും ഗദ്യകാരന്മാരുടേയും കൃതികൾ പഠിക്കാനായ ഉപയോഗിക്കുന്ന സമയം (Short hand, Type Writing, Commercial Correspondence, Leather tanning, Fish curing, Poudrtte making) ഹ്രസ്വലിപി,, അച്ചെഴുത്ത് മുതലായ ധനാഗമമാർഗ്ഗങ്ങളഭ്യസിക്കാനായി സമർപ്പിക്കേണ്ടതാണെന്നുമുള്ള പരിഷ്കൃതാഭിപ്രായങ്ങൾ ദിനംപ്രതിയെന്നപോലെ പ്രചാരപ്പെട്ടു വരുന്നുണ്ട്. ഈവക വിദ്യകളോട് എനിക്കു യാതൊരസൂയയുമില്ല. ചുവരുണ്ടെങ്കിലേ ചിത്രമെഴുതാവൂ എന്നു പറഞ്ഞതുപോലെ സാധാരണവിദ്യാഭ്യാസവും അല്പമായ സാഹിത്യജ്ഞാനവും ഉണ്ടായിരുന്നാൽ അതു മേല്പറഞ്ഞ വ്യവസായങ്ങൾക്കു സഹായമല്ലാതെ ഒരിക്കലും ഹാനി ഉണ്ടാക്കുന്നതല്ല. എന്തെന്നാൽ ദേഹത്തുള്ള അഴുക്കുകളെ സ്നാനത്താൽ ഇല്ലാതാക്കുന്നതുപോലെയാണ് മനസ്സിലുള്ള അന്ധകാരത്തെ സാഹിത്യദീപം ദൂരീകരിക്കുന്നത്. മനുഷ്യൻ മനുഷ്യനെ അറിഞ്ഞാൽ മറെറല്ലാകാര്യങ്ങളും സുഖസാദ്ധ്യമായിത്തീരുന്നു. ലോകജ്ഞാനലബ്ധികളുടെ വാതായനങ്ങളെ തുറക്കുവാനുള്ള താ

ക്കോലുകൾ ഗദ്യപദ്യങ്ങളായ കാവ്യങ്ങളാകുന്നു ഒരാളിനെ കേമനാക്കണമെങ്കിൽ മറെറാരാളെ ഇടിച്ചു പറയണമെന്നു വിശ്വസിച്ചു് അപ്രകാരം ചെയ്യുന്ന ചിലരെ നാമെല്ലാവരും കണ്ടിട്ടുണ്ടല്ലോ. സാഹിത്യജ്ഞാനം ശാസ്ത്രങ്ങളുടെയും തൊഴിലുകളുടെയും അഭിവൃദ്ധിക്കു ബാധകമാണെന്നു ചിലർ വിചാരിക്കുന്നുണ്ടു്. അതു്, ഇംഗ്ലീഷിലും മലയാളത്തിലും നല്ല അറിവുള്ള വിദ്യാർത്ഥികൾ കണക്കിലും രസതന്ത്രത്തിലും മോശക്കാരാണെന്നു ചിലർ വിചാരിക്കുന്നതുപോലെ ഒരു മിഥ്യാവിശ്വാസമാണു്. വലിയ വലിയ ശാസ്ത്രജ്ഞന്മാർ കാവ്യരസാസ്വാദനത്തിലും ചിലപ്പോൾ കാവ്യനിർമ്മാണത്തിലും അദ്വിതീയന്മാരായി കണ്ടിട്ടുണ്ടു്. ററിൻഡൽ, ഹക്സ്ലി (Tyndall Huxley) മുതലായ ശാസ്ത്രജ്ഞന്മാർ എഴുതിയിട്ടുള്ള വിശിഷ്ടഗ്രന്ഥങ്ങളിൽ ശാസ്ത്രജ്ഞാനമോ ഗദ്യരചനാപാടവമോ മുന്നിട്ടു നില്ക്കുന്നതെന്നു കണ്ടുപിടിക്കാൻ പ്രയാസമായിരിക്കുന്നു. ആക്സ്ഫോർഡ് (Oxford) കേംബ്രിഡ്ജ് (Cambridge) എന്നീ സർവകലാശാലകളിൽ ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമ്മൻ മുതലായ ആധുനികഭാഷകൾ കൂടാതെ പാശ്ചാത്യസംസ്കൃതമായ ഗ്രീക്കുഭാഷ കൂടി പഠിപ്പിക്കുന്നുണ്ടു്. അതുപോലെ, കൈത്തൊഴിലുകളിലുള്ള സാമർത്ഥ്യത്തിനും ശാസ്ത്ര

ങ്ങളിലുള്ള വൈശാരദ്യത്തിനും കീൎത്തികേട്ടിട്ടുള്ള ജൎമ്മൻ രാജ്യക്കാരും, ലാററിൻഭാഷയിലുള്ള ഗ്രന്ഥസമുച്ചയത്തെ വളരെ ശ്രമംചെയ്തു പഠിക്കുന്നതുകൂടാതെ ദേവനാഗരിയിൽ രേഖപ്പെടുത്തീട്ടുള്ള ഭാരതീയ വിജ്ഞാനത്തേയും സമ്പാദിക്കുന്നു. ഇംഗ്ലണ്ടു്, ജൎമ്മനി, അമേരിക്ക മുതലായ രാജ്യങ്ങളിലെ സൎവകലാശാലകൾ പരിഷ്കരിക്കുവാനുള്ള നിൎദ്ദേശങ്ങൾ എഴുതിതയ്യാറാക്കുവാൻ നിയമിതരായ പല കമ്മിററിക്കാരും പുരാതനവും ആധുനികവുമായ ഭാഷകൾ ഗാഢമായി അഭ്യസിക്കുന്നതു മനോവിശാലതയ്ക്കു് അത്യാവശ്യമാണെന്നു് അഭിപ്രായപ്പെട്ടിരിക്കുന്നു

അതിനാൽ കാൎയ്യങ്ങളുടെ സൂക്ഷ്മജ്ഞാനം സമ്പാദിക്കുവാൻ ശ്രമിക്കാതെ പള്ളിക്കൂടങ്ങളിൽ ഭാഷാവിഷയമായ പഠിപ്പിനെ കുറയ്ക്കണമെന്നും കൈകൊണ്ടുപ്രവൃത്തിചെയ്തു കാലക്ഷേപമാൎഗ്ഗങ്ങൾ സമ്പാദിക്കുന്ന വിഷയത്തിൽക്കൂടുതലായ പ്രോത്സാഹനം വേണ്ടതാണെന്നും നിൎബന്ധം പിടിക്കുന്നവർ സംഗതിയുടെഗൗരവത്തെപ്പററി നല്ലപോലെ ആലോചിക്കേണ്ടതാണു്. അതിനിടക്കു സാഹിത്യവിഷയത്തിൽ ഉന്നതവിദ്യാഭ്യാസം ചെയ്യിക്കേണ്ടതിനു് ആവശ്യമുള്ള പണം ചെലവാക്കേണ്ടതു ഗ

വമ്മെൻറിൻെറ ചുമതലയല്ലെന്നുള്ള അഭിപ്രാ
യവും ചില സ്ഥലങ്ങളിൽ വ്യാപിച്ചുകാണുന്നു
ണ്ട്. അതും പൎയ്യാലോചനയുടെ കുറവാണെ
ന്നാണു് എനിക്കു തോന്നുന്നതു്.

സമുദായം ചിന്നിച്ചിതറിപ്പോകാതെ സൂ
ക്ഷിക്കുന്ന ശക്തികളിൽ പ്രധാനമായ ഒരു ശ
ക്തി ഭാഷയാകുന്നു. കവികളെ വേണ്ടുംവണ്ണം
പ്രോത്സാഹിപ്പിച്ചിട്ടുള്ള മഹാരാജാക്കന്മാരാ
ണു ലോകചരിത്രത്തിൽ യശസ്വികളായിത്തീ
ൎന്നിട്ടുള്ളതു്. സാഹിത്യപോഷണത്തിനു മന
സ്സുവരാത്ത രാജാവും അദ്ദേഹത്തിൻെറ സചി
വന്മാരും കോട്ടകൊത്തളങ്ങൾ തട്ടിത്തകൎത്തു്,
സൈന്യങ്ങളെ പിരിച്ചയച്ചു്, രാജചിഹ്നങ്ങ
ളെ വലിച്ചെറിയുവാൻ ഉദ്യമിച്ചേക്കാവുന്നതാ
ണു്. ഭാഷ നശിച്ചുപോയാൽ രാജാവു് മന്ത്രി
എന്നീ പദങ്ങൾകൊണ്ടു് നിൎദ്ദേശിക്കുന്ന
സ്ഥാനങ്ങളും മാഞ്ഞുപോകാൻ ഇടയാകും.
അതിനാൽ ലോകസൃഷ്ടി മുതൽ ക്രമമായി വ
ൎദ്ധിച്ചു്, സകല മനുഷ്യരുടേയും പൊതുസ്വ
ത്തായി ഉറച്ചു്, നാലുപാടും വീശുന്ന മനോ
ഹരങ്ങളായ രശ്മികളാൽ മനുഷ്യഹൃദയത്തി
ലെ അന്ധകാരങ്ങൾ നീക്കി, സുഖവും സമാ
ധാനവും നൽകി, മനുഷ്യനെ ഈശ്വരസന്നി
ധിയിൽ എത്തിക്കുവാൻ പ്രഗത്ഭതയുള്ള മഹി
മയേറിയ സാഹിത്യദീപത്തെ രക്ഷിക്കുകയും

പോഷിപ്പിക്കുകയും ചെയ്യേണ്ടതു ഗവൎമ്മെന്റിന്റേയും പൌരാവലിയുടേയും ശ്രേഷ്ഠമായ ചുമതലയാണെന്നുകൂടി ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

---

# സാഹിത്യാദർശം

(പരിഷ്കരിച്ച പതിപ്പ്)

C.V. SMARAKA ...SALA
Reg. No: 908/50
THENNOORKONAM,
VIZHINJAM

സദസ്യതിലക

കെ. വേലുപ്പിള്ള ബി. എ., ബി. എൽ.